വനസമ്പത്തും പരിസ്ഥിതിയും സംരക്ഷിക്കുകയും പരിപാവിക്കുകയും ചെയ്യുക എന്നുള്ളത് ഗവൺമെന്റിന്റെ ധർമ്മമാണ്. തീർച്ചയായിട്ടും ആ തത്വത്തിൽ മുറുകെ പിടിച്ചുകൊണ്ട് വനസമ്പത്ത് നഷ്ടപ്പെടാതെ നോക്കും. പക്ഷേ ഈ നിയമംകൊണ്ട് ഒരു തടിപോലും ദുരുപയോഗപ്പെടുകയില്ല. കാരണം സ്വകാര്യ ഭൂമിയാണ്. വനഭൂമിയല്ല. ചന്ദനഗർഭമുണ്ടാകുന്നത് വനത്തിൽ വെച്ചാണ്. സ്വകാര്യ ഭൂമിയിൽ ചന്ദന ഗർഭമില്ല. ചന്ദനഗർഭമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. ഇത് സ്വകാര്യ ഭൂമിയിലെ സ്വകാര്യ കൃഷിക്കാർക്ക് സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചു പിടിപ്പിക്കാമെന്നാണ്. അതു കൊണ്ട് ആടിനെ പട്ടിയാക്കരുത്. സ്വകാര്യ ഭൂമി, സ്വകാര്യ വ്യക്തി, സ്വകാര്യ തടി, സ്വകാര്യ തടിവെട്ടൽ അതിനൊക്കെയാണ് നിയമം. ഇത് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷനും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. തോമസ് ഐസക്: നിങ്ങൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോട് ഞങ്ങൾ വളരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. അതിന് മൂന്നു കാരണങ്ങളുണ്ട്. ഒന്ന് ഇത്തരത്തിലുള്ള ഒരു ബില്ല് ആവശ്യമുണ്ടോ എന്നുള്ളതാണ്. ഇത് ഞാൻ പറയുന്നതല്ല, പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി അവിടെ അവതരിപ്പിച്ച Fiscal Responsibility and Budget Management ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന numerical ceilings സർക്കാരിന്റെ flexibility, പ്രവർത്തനത്തിന്റെ flexibility പൂർണ്ണമായി കളയുമെന്നും പാർലമെന്റിന്റെ വിവേചന അധികാരങ്ങളെ ഛോദ്യം ചെയ്യുന്നുവെന്നും പറഞ്ഞുകൊണ്ട് ഈ വ്യവസ്ഥകൾ മാറ്റാനാണ് പാർലമെന്റിൽ ഇപ്പോൾ ഈ ബില്ല് അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അനാവശ്യമാണെന്ന്. രണ്ടാമത് ഇത് അപ്രായോഗികം. ഈ വർഷത്തെ അനുഭവം ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്കുണ്ട്. ഭാവിയിലും ഇതുതന്നെയാണ് സംഭവിക്കാൻ പോകുന്നതെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മൂന്നാമതായി, ഇത് നടപ്പിലാക്കുവാൻ കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ വികസനത്തിനു നേരെയുള്ള ഏറ്റവും വലിയ ആഘാതമായിരിക്കും എന്നതിനെക്കുറിച്ച് എനിക്ക് സംശയമില്ല. ഞാൻ ഇക്കാര്യം സാമാന്യമായി

11.00 A. M.] ഒന്ന് പരിശോധിക്കാൻ തയ്യാറാവുകയാണ്. കാരണം ഈ നിയമസഭ

ഇപ്പോൾ പരിഗണിക്കുന്ന ഈ ബില്ലിന്റെ പ്രത്യാഘാതങ്ങളെന്താണെന്ന് നമ്മൾ വേണ്ടവിധം മനസ്സിലാക്കിയിട്ടുണ്ടോയെന്നതിനെക്കുറിച്ച് എനിക്ക് ഗൗരവമായ സംശയമുണ്ട്. ക്ലാസ്സ് (4)-ലെ വ്യവസ്ഥകളോടാണ് ഞങ്ങൾക്ക് ഏറ്റവും വലിയ വിയോജിപ്പുള്ളത്. യോജിപ്പുമുണ്ട്, വിയോജിപ്പുമുണ്ട്. യോജിപ്പുള്ളതെന്താണ്? 2007 മാർച്ച് 31-നകം കേരളത്തിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന് പറഞ്ഞതിനോട് ഞങ്ങൾക്ക് യോജിപ്പാണ്. ഒരു തർക്കവുമില്ല നല്ല കാര്യമാണ്. സർക്കാരിന്റെ ശമ്പളം, പലിശ, പെൻഷൻ തുടങ്ങിയിട്ടുള്ള ആവർത്തന ചെലവുകളും അത് വായ്പ വാങ്ങി നടപ്പാക്കുന്ന രീതി സംസ്ഥാനത്തെ കടക്കെണിയിലാക്കും. നിത്യ നിദാന ചെലവുകൾക്കു വേണ്ടി കടം വാങ്ങുകയാണ്. അത് വ്യക്തിയായാലും, സർക്കാരായാലും. അപ്പോൾ ആ അർത്ഥത്തിൽ അടുത്ത നാല് വർഷത്തിനുള്ളിൽ കേരളത്തിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്ന വ്യവസ്ഥകളോട് നമുക്ക് യോജിപ്പാണ്. പക്ഷെ എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത് എനിക്കുശേഷം ഇവിടെ ഭേദഗതിയുമായി സംസാരിക്കാൻ പോകുന്ന ഭരണകക്ഷിയിലെ അംഗങ്ങളായ കെ. സി. ജോസഫ് ആയാലും ഇ. ടി. മുഹമ്മദ് ബഷീർ സാർ ആയാലും അബ്ദുറബ്ബ് ആയാലും നിങ്ങൾ ഒന്ന് വിശദീകരിച്ച് തരിക. വായ്പ റവന്യൂ ചെലവിന് വേണ്ടി വാങ്ങിച്ചില്ലായെന്ന് തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ വായ്പയെടുക്കുന്നത് എന്തിനാണ്? വികസനചെലവുകൾക്കല്ലേ? വികസന ചെലവുകൾക്കുവേണ്ടി വായ്പയെടുത്ത് വികസനം ത്വരിതപ്പെടുത്തുകയല്ലേ സർക്കാരിന്റെ ഉത്തരവാദിത്തം? ഈ ഉത്തരവാദിത്ത ബില്ലിലൂടെ നിങ്ങൾ വികസനത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ്. ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് 2007 മാർച്ച് 31 ആകുമ്പോൾ കേരളത്തിന്റെ ധനകമ്മി 1.5 ശതമാനമായി കുറയ്ക്കുമെന്നാണ്. ഇതിന്റെ പ്രത്യാഘാതമെന്താണെന്ന് മനസ്സിലായിട്ടുണ്ടോ? ഈ വർഷത്തെ വാർഷിക പദ്ധതി എടുക്കാം. 4350 കോടി രൂപയുടെ വാർഷിക പദ്ധതി അംഗീകരിച്ചു. ആ പദ്ധതി പുസ്തകത്തിന്റെ രണ്ടാമത്തെ പേജിൽ അതിന്റെ റിസോഴ്സസ് പാറ്റേൺ എന്നു പറഞ്ഞ് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കാൻ ഒന്ന് വായിക്കട്ടെ. കഴിഞ്ഞ ദിവസം ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞ പോലെ വി. സി. ആർ. പ്ലസൊന്നുമല്ല. മൈനസ് 57 ആണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 535 കോടി രൂപ കിട്ടുന്നുണ്ട്. ബാക്കി മുഴുവൻ വായ്പയാണ്. Market borrowings-643 കോടി രൂപ, small savings-1500 കോടി രൂപ, P. F. 172 കോടി രൂപ, negotiated loan, A. D. B.-589 കോടി രൂപ, Central Assistance-1811 കോടി രൂപ, Miscellaneous-881 മൈനസാണ്. എന്നുവച്ചാൽ ഈ വർഷത്തെ പദ്ധതി നടപ്പാക്കാൻ വേണ്ടി 4719 കോടി രൂപ കടമെടുക്കണം. നെറ്റ് വായ്പ 3777 കോടി രൂപ. പദ്ധതി അടങ്കലിന്റെ 87 ശതമാനം വായ്പയാണ്. എന്നുവച്ചാൽ 3777 കോടി രൂപ നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരും? ഈ വർഷത്തെ പ്രതീക്ഷിത സംസ്ഥാന വരുമാനം 91,345 കോടി രൂപയാണ്. അതിന്റെ 4.14 ശതമാനം വരും ഈ വർഷത്തെ പദ്ധതി നടത്തിപ്പിന് വേണ്ടി വായ്പയെടുക്കാൻ നിങ്ങൾ തീരുമാനിച്ചിട്ടുള്ള തുക. 1.5 ശതമാനമേ ഫിസ്കൽ ഡെഫിസിറ്റ് പാടുള്ളൂവെങ്കിൽ എങ്ങനെ നിങ്ങൾക്ക് പദ്ധതി നടപ്പാക്കാൻ പറ്റും? ഒരു

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞേക്കാം അത് ഈ വർഷത്തേതാണ് 4 വർഷം കഴിയുമ്പോൾ മാറുമെന്ന്. 4 വർഷം കഴിയുമ്പോഴും ഈ നില മാറില്ല. എന്തു കൊണ്ട് മാറില്ല? 4 വർഷം കഴിയുമ്പോൾ നിങ്ങളുടെ റവന്യൂ ഡെഫിസിറ്റ് പൂജ്യമാക്കാനല്ലേ ലക്ഷ്യമിട്ടിട്ടുള്ളൂ. അതുകൊണ്ട് പദ്ധതിയിലേക്ക് റവന്യൂ ഡെഫിസിറ്റ് തീർത്തിട്ട് വേറെ പണം തരാൻ പോകുന്നില്ല. അതുകൊണ്ട് പത്താം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പദ്ധതി അടങ്കലിന്റെ ഏതാണ്ട് 80 ശതമാനം വായ്പയെടുത്തേ പറ്റൂ. 80 ശതമാനം എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ 4 ശതമാനത്തിലേറെ വരും. അപ്പോൾ നിങ്ങൾ ഈ ബിൽ പാസ്സാക്കുന്നതിലൂടെ എന്താണ് പ്രഖ്യാപിക്കുന്നത്? ഇവിടെ നിയമസഭയിൽ അവതരിപ്പിച്ച, പ്ലാനിംഗ് ബോർഡ് അംഗീകരിച്ച, സംസ്ഥാന സർക്കാർ അംഗീകരിച്ച പത്താം പഞ്ചവത്സര പദ്ധതി നിങ്ങൾക്ക് നടപ്പാക്കാൻ കഴിയില്ല. അതാണ് ഞാൻ പറഞ്ഞത്, ഇത് അപ്രായോഗികമാണെന്ന്. പക്ഷെ ഈ ബിൽ നിങ്ങൾ നടപ്പാക്കുകയാണെങ്കിൽ നിങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളൊക്കെ നിങ്ങൾക്ക് തിരുത്തേണ്ടതായി വരും. പഞ്ചവത്സര പദ്ധതിയുടെ വികസനചെലവ് മാത്രമല്ല സംസ്ഥാന സർക്കാരിന്റെ വരുമാനത്തിന്റെ അല്ലെങ്കിൽ മൂലധന വരുമാനത്തിന്റെ 48 ശതമാനം കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന വായ്പകളാണ്. ഈ അഖിലേന്ത്യാ ശരാശരി എടുത്തു കഴിഞ്ഞാൽ 55 ശതമാനം വരും. കേരളത്തിന്റെ ഈ വർഷത്തെ ബഡ്ജറ്റിലെ Capital Receipts ആയി വച്ചിരിക്കുന്ന 3728 കോടി രൂപയിൽ 1758 കോടി രൂപ കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ടതാണ്. എത്ര വരും അത്? കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന ഈ തുക മാത്രം സംസ്ഥാന വരുമാനത്തിന്റെ 2.31 ശതമാനം വരും. അപ്പോൾ ഇവിടെ പാസ്സാക്കാൻ പോകുന്ന ബില്ലിൽ പറയുന്നത് എന്താണെന്നറിയാമോ? കേന്ദ്രത്തിൽ നിന്ന് പദ്ധതി ധനസഹായമായിട്ടും നമ്മുടെ ഭരണഘടനാപരമായ അവകാശത്തിന്റെ ഭാഗമായിട്ടും കിട്ടേണ്ടുന്ന വായ്പകൾ ഈ സംസ്ഥാനം വാങ്ങില്ലായെന്ന് നിയമസഭ നിയമം പാസ്സാക്കണമെന്ന് പറയുന്നതിന്റെ അർത്ഥം, കേന്ദ്രം വായ്പയായി പണം തരണമെന്ന് ഭരണഘടന അനുശാസിക്കുന്നില്ല. പക്ഷെ ദൗർഭാഗ്യവശാൽ ഇൻഡ്യാ രാജ്യത്ത് വന്നു ചേർന്നിരിക്കുന്ന അവസ്ഥ എന്താണെന്നുവച്ചാൽ കേന്ദ്രം സംസ്ഥാനങ്ങൾക്കുള്ള വിഹിതം ഗ്രാന്റായിട്ട് നൽകുന്നതിന് പകരം കേന്ദ്ര ധനസഹായത്തിന്റെ നല്ലൊരു പങ്ക് വായ്പയായിട്ടാണ് തരുന്നത്. പദ്ധതി ധനസഹായത്തിന്റെ 70 ശതമാനം വായ്പയാണ്. ബാക്കിയുള്ള പല സഹായങ്ങളും വായ്പയായാണ് തരുന്നത്. അതുകൊണ്ടാണ് .....

<u>ശ്രീ. കെ. സി. ജോസഫ്:</u> വായ്പ വാങ്ങാൻ പാടില്ലായെന്ന് ഈ ബില്ലിന്റെ ഏതു വ്യവസ്ഥയിലാണ് പറഞ്ഞിട്ടുള്ളത്?

<u>ഡോ. തോമസ് ഐസക്:</u> വായ്പ വാങ്ങുന്നത് നമ്മുടെ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 1.5 ശതമാനത്തിൽ ഫിസ്ക്കൽ ഡെഫിസിറ്റ് അധികരിക്കാൻ പാടില്ല. ഞാൻ പറയുന്നത് നിങ്ങൾക്ക് കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന സഹായംപോലും വായ്പയായി കിട്ടുന്നത് ഇന്ന് സംസ്ഥാന വരുമാനത്തിന്റെ 2.1 ശതമാനം വരുന്നുണ്ട്. നിങ്ങളുടെ പഞ്ചവത്സരപദ്ധതി നടപ്പാക്കുന്നതിനുവേണ്ടി വരുന്ന വായ്പ കേന്ദ്രത്തിൽ നിന്ന് അല്ലാതെ എടുക്കുന്നത് സംസ്ഥാന വരുമാനത്തിന്റെ 4.4 ശതമാനം വരുന്നുണ്ട്. അപ്പോൾ പദ്ധതി തകർക്കുക എന്നു മാത്രമല്ല, കേന്ദ്രത്തിന്റെ ഔദാര്യമൊന്നുമല്ല, കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന വായ്പ എന്നു പറയുന്നത് ഗ്രാന്റ് പോലെതന്നെ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

അവകാശപ്പെട്ടതാണ്. നമ്മുടെ ഡിമാന്റ് റായ്പ അല്ല ഗ്രാന്റാണ് തരേണ്ടത് എന്നാണ്, അങ്ങനെ തരുന്നില്ല. ആയിക്കോട്ടെ. പക്ഷേ നമുക്ക് അർഹതപ്പെട്ട പണം തരുന്നതിന്റെ ചുമതലയിൽ നിന്നുപോലും ഈ നിയമസഭ നിയമം പാസ്സാക്കിക്കൊണ്ട് കേന്ദ്രത്തെ ഒഴിവാക്കുന്ന രീതിയിലുള്ള ഒരു നിയമനിർമ്മാണത്തിനാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് സൂചിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇങ്ങനെ പറയുമ്പോൾ സാമാന്യഗതിയിൽ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എത്ര വേണമെങ്കിലും റായ്പയെടുക്കാം. റായ്പയെടുക്കുന്നതിന്റെ ഫലമായി ഡെഡ് ബോർഡൻ വരും. അത് കണക്കിലെടുക്കേണ്ടതല്ലേ? തീർച്ചയായും എനിക്ക് അതേക്കുറിച്ച് രണ്ടഭിപ്രായമില്ല. നമ്മൾ റായ്പയെടുത്തു കഴിഞ്ഞാൽ നികുതി പിരിക്കുന്നതുപോലെയല്ല. റായ്പ തിരിച്ചടയ്ക്കണം. വർഷംതോറും അതിന്റെ പലിശ കൊടുക്കണം. ഈ പലിശയാണ് ഡെഡ്ബോർഡനെന്നു പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് റവന്യൂ വരുമാനത്തിന്റെ വലിയ ഒരു പങ്ക് ഇന്ന് പലിശയായി പോയിക്കൊണ്ടിരിക്കുകയാണ്. ബോർഡൻ ഇങ്ങനെ ഉയർന്നു കഴിഞ്ഞാൽ ..... ധനകാര്യവകുപ്പുമന്ത്രി തലകുലുക്കുന്നുണ്ട്. താങ്കൾ പറയാൻ പോകുന്ന കാര്യം എന്താണെന്ന് എനിക്കറിയാം. ഈ ഡെഡ് ബോർഡൻ സസ്റ്റെയിനബിൾ അല്ലാതായി മാറും. റവന്യൂ വരുമാനം മുഴുവൻ ഇത്തരത്തിൽ പലിശ കൊടുക്കേണ്ടി വന്നാൽ പിന്നെ നമ്മുടെ ധനവ്യവസ്ഥ തന്നെ തകരുമെന്നുള്ളതാണ് നിങ്ങൾ പറയുന്ന ന്യായം. സ്വൽപ്പം സിദ്ധാന്തം പറഞ്ഞാലും അത് ഒഴിവാക്കാൻ പറ്റില്ല. എന്ത്? ഡെഡ്ബോർഡൻ എങ്ങിനെയാണ് നിർണ്ണയിക്കപ്പെടുന്നത്? ഇത് നമ്മുടെ സാമാന്യ യുക്തിവച്ച് വർത്തമാനം പറഞ്ഞുപോയാൽ പോരാ. ഈ ബില്ലിൽ പറയുന്നത് ഡെഡ്ബൊർഡന്റെ സസ്റ്റെയിനബിലിറ്റി നിർണ്ണയിക്കുന്ന ഏക ഘടകം നിങ്ങൾ എത്ര കൂടം വാങ്ങുന്നു എന്നുള്ളതാണ്? സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം പലിശ വരും അല്ലെങ്കിൽ റവന്യൂ വരുമാനം എത്ര ശതമാനം വരും എന്ന് നിർണ്ണയിക്കുന്നത് നിങ്ങൾ എത്ര റായ്പ എടുക്കുന്നു എന്നതനുസരിച്ചാണ്. റായ്പ എടുക്കുന്നത് കുറച്ചു കഴിഞ്ഞാൽ ഡെബ്റ്റ് ബർഡൻ കുറയും. അതിന്റെ ഫലമായി ഡെബ്റ്റ് സസ്റ്റെയിനബിൾ ആകും എന്നുള്ളതാണ് വാദം. സബ്ജക്ട് കമ്മിറ്റിയിലും ഈ വാദം ഉന്നയിച്ചപ്പോൾ ഇതാണ് നൽകിയ മറുപടി. ഡബ്റ്റിന്റെ സസ്റ്റെയിനബിലിറ്റിയെക്കുറിച്ച് ഒരു പാട് പഠനങ്ങൾ വന്നു. ബി. എ.-ക്ക് ഇക്കണോമിക് ഡെവലപ്പ്മെന്റ് പേപ്പർ എടുക്കുന്ന കുട്ടികൾക്ക് പഠിക്കുന്ന ഹാരോഡോമറുടെ Growth Model-നെപ്പറ്റി കുട്ടികൾക്കറിയാം. അതിൽ ഈ ഹാരോഡോമർ 1944-ൽ എഴുതിയിട്ടുള്ള വളരെ പ്രസിദ്ധമായിട്ടുള്ള ഒരു പ്രബന്ധമുണ്ട്. "Sustainability of Debt" ഞാൻ ആ ഹോർമുവയൊന്നും ഈ സമയത്ത് പറയാൻ നിൽക്കുന്നില്ല. അദ്ദേഹം പറഞ്ഞത് എന്താണെന്ന് അറിയാമോ. Debt burden കൂടുമോ sustainable ആകുമോ എന്നുള്ളത് മൂന്ന് ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒന്ന് എത്രമാത്രം ഇവിടെ എടുക്കുന്നുണ്ട്. രണ്ട് ഈ റായ്പ നൽകേണ്ടി വരുന്ന നെറ്റ് വാദം. Net effective Rate of Interest വെറും പലിശയല്ല. റായ്പ എടുത്ത് അതിന് പലിശ നൽകണം. ഒരു റായ്പയിൽ നമ്മൾ മുതൽ മാറ്റുന്നതിന്റെ ഫലമായി പലിശ കിട്ടും അല്ലെങ്കിൽ ലാഭം കിട്ടും. ഇതിന് കിഴിക്കുന്നതാണ് Net effective Rate of Interest എന്നു പറയുന്നത്. ഇതെല്ലാം ആഭ്യന്തര വരുമാനത്തിന്റെ ശതമാനമായിട്ടാണല്ലോ സസ്റ്റെയിനബിലിറ്റി ചർച്ച ചെയ്യുന്നത്. ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം വരും കടം? ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം വരും ഡെബ്റ്റ് ബർഡൻ? അപ്പോൾ ആഭ്യന്തര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം, State Domestic Product എത്ര വേഗതയിൽ വളരുന്നു എന്നുള്ളതും നിങ്ങൾ വായ്പ എത്ര കൂടുതൽ എടുത്തു എന്നുള്ളതും പോലെ തന്നെ പ്രധാനമാണ്. അതുകൊണ്ട് ഈ ബില്ലിനു പിന്നിലുള്ള അതിലളിതമായിട്ടുള്ള സാമ്പത്തിക ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ വിസ്മരിച്ചുകൊണ്ടുള്ള നിലപാട് ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. ഡെബ്റ്റ് ബർഡൻ നിർണ്ണയിക്കുന്നത് മൊത്തം കട ബാധ്യത ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം വരും എന്നുള്ളത് നോക്കിയാണ്. രണ്ടു കാര്യവും കൂടി നോക്കേണ്ടതുണ്ട്. ഒന്ന് ആഭ്യന്തര വരുമാനം. വായ്പ ഫലപ്രദമായി ചെലവാക്കുന്നതിന്റെ ഫലമായി എത്ര വേഗതയിൽ വളരുന്നു എന്നുള്ളതാണ്. വിഗു അടക്കമുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻമാർ എടുക്കുന്ന നിലപാട് എന്താണെന്ന് അറിയാമോ? ഡെബ്റ്റിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം. We grow out of debt. സാമ്പത്തിക വളർച്ചയുടെ വേഗത കൂട്ടിക്കൊണ്ടുള്ളതൊന്നും ഈ ബില്ലിൽ വിഭാവന ചെയ്യുന്നില്ല. വായ്പ എടുക്കുന്നതു മുഴുവനും വികസന ചെലവുകൾക്കു വേണ്ടി തിരിച്ചു വിടുന്നു എന്ന് പറഞ്ഞ് കഴിഞ്ഞാൽ സംസ്ഥാന വരുമാന വർദ്ധനയുടെ വേഗത കൂട്ടുക എന്നുള്ളതാണ്. പത്താം പഞ്ചവത്സര പദ്ധതിയുടെ കരട് രേഖയിൽ ഒൻപതിനേക്കാൾ വേഗതയിൽ സംസ്ഥാന വരുമാനം വളരും എന്ന് നിങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ ഒന്നാമത്തെ അനുമാനം എന്താണ്? കൂടുതൽ വേഗതയിൽ സമ്പദ്ഘടന വളരുമോ എന്നുള്ളതാണ്. രണ്ടാമത്തെ അനുമാനം എന്താണ്? Net effective Rate of Interest-ന്റെ payment കുറയും എന്നാണ്. വായ്പകൾ റീ ഷെഡ്യൂൾ ചെയ്യുന്നില്ല. High Rate of Interest-ൽ നിന്ന് താഴ്ന്ന interest റേറ്റുള്ള വായ്പകളിലേക്ക് മാറ്റുന്നില്ല. നല്ല കാര്യം ചെയ്തുകൊള്ളൂ. അത് മാത്രമല്ല പൊതുമേഖല പുനഃസംഘടനയിലൂടെ ഇന്നുള്ള നിലപാട് മാറ്റി കേരളത്തിന്റെ ഡെബ്റ്റിനു കൊടുക്കുന്ന പലിശയുടെ 20 ശതമാനം താഴെയേ വരികയുള്ളൂ നമുക്ക് കിട്ടുന്നത്. ഇത് വർദ്ധിപ്പിക്കുന്നതിന് നിങ്ങൾ ലക്ഷ്യം ഇടുന്നു എന്നു പറയാൻ കാരണം എന്താ? റവന്യൂ ഡെഫിസിറ്റ് നിങ്ങൾ കുറയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ debt sustainability condition-ൽ Net effective Rate of Interest നിങ്ങളുടെ domestic products-ന്റെ growth rate എത്രയാണെന്ന് നോക്കിയിട്ട് രണ്ടും വർദ്ധിക്കുമെന്ന് അനുമാനിച്ചതിന് ശേഷം റവന്യൂ ഡെഫിസിറ്റ് ഒന്നര ശതമാനത്തിൽ നിജപ്പെടുത്തുന്നത് വികസനത്തെ തകർക്കുന്നതിന് തുല്യമാണ്. യുക്തിപൂർവ്വമായി റവന്യൂ ഡെഫിസിറ്റ് സീറോ ആക്കിയതിന് ശേഷം നിങ്ങൾ അനുവദിച്ചിട്ടുള്ള പദ്ധതി ചിലവ് അടങ്കലിനു പോലുമുള്ള വായ്പ എടുക്കില്ലെന്ന് സ്വയം കൈകെട്ടുന്നതിന്റെ ന്യായം എന്താണെന്ന് വിശദീകരിച്ച് തരുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: റവന്യൂ ഡെഫിസിറ്റ് കുറഞ്ഞാൽ റിസ്ക്കൽ ഡെഫിസിറ്റ് കുറയും. പ്രൈമറി ഡെഫിസിറ്റ് കുറയും. ഈ കാര്യത്തിൽ ഡോക്ടറിന് സംശയം ഇല്ലല്ലോ? ഇതിന്റെ ഫലമായി ബി. സി. ആർ. റവന്യൂ ഡെഫിസിറ്റ് 'നിൽ' ആക്കിക്കൊണ്ട് വന്നാൽ ബി. സി. ആർ. (Balance from current Revenue) വർദ്ധിക്കും. അതാണ് പ്ലാനിന് നമ്മൾ ഉപയോഗിക്കുന്നത്. ഇപ്പോൾ 2001-ൽ എണ്ണൂറ്റി ചില്വാനം കോടിയാണ് ബി. സി. ആർ. മൈനസ്. ഇവിടെ 95-96-ൽ 126 ബി. സി. ആർ. പ്ലസ് ആയിരുന്നു. അതാണ് പ്ലാനിന് സംസ്ഥാനത്തിന്റെ റിസോഴ്സ് ആയിട്ട് ഉപയോഗിക്കുന്നത്. സംസ്ഥാനത്തിന്റെ റിസോഴ്സ് റവന്യൂ ഡെഫിസിറ്റ് ഒഴിവാക്കിക്കഴിഞ്ഞാൽ പ്ലാനിന് ഉപയോഗിക്കാൻ കഴിയും ബി. സി. ആർ. പ്ലസ് ആയി വരും എന്ന ഗുണം അതുകൊണ്ടല്ലേ?

ഡോ. തോമസ് ഐസക്: ഒന്ന് വസ്തുതാപരമായ പിശകുകൾ ബി. സി. ആർ മൈനസ് 57 ആണ്. നിയമസഭയിൽ വിതരണം ചെയ്തിട്ടുള്ള ബഡ്ജറ്റ്രേഖ വരെ, തർക്കിക്കേണ്ട പ്രശ്നമാണ്. പത്തോ ഇരുനൂറോ കോടി രൂപയുടെ വ്യത്യാസമല്ലേ അതിരുന്നോട്ടെ. പക്ഷെ റവന്യൂ ഡെഫിസിറ്റ് കുറഞ്ഞാൽ ഫിസ്ക്കൽ ഡെഫിസിറ്റ് കുറയേണ്ട കാര്യമില്ല. ഞങ്ങൾ നേരെ വിപരീതമാണ് വാദിക്കുന്നത്. നിത്യനിദാന ചെലവിന് വേണ്ടി വായ്പ എടുക്കരുത്. അതേ സമയം കൂടുതൽ വലിയ പദ്ധതി കൂടുതൽ വികസന പ്രവർത്തനങ്ങൾ, സൂപ്പർ ഹൈവേ വേണമെങ്കിൽ അതിനുവേണ്ടി വായ്പ എടുക്കേണ്ടേ? അത്തരത്തിൽ കൂടുതൽ വായ്പയെടുത്ത് വികസന ചെലവുകൾ നടത്തുന്നത് നമ്മുടെ ആഭ്യന്തര വരുമാനത്തിന്റെ, സാമ്പത്തിക വളർച്ചയുടെ വേഗത കൂട്ടും. സാമ്പത്തിക വളർച്ചയുടെ വേഗത കൂടിക്കഴിഞ്ഞാൽ ഈ ഡെബ്റ്റ് ബർഡൻ, ബർഡൻ അല്ല സസ്റ്റെയ്നബിൾ ആണ്. ഇതാണ് പുരോഗതിയുടെ മാർഗ്ഗം. റവന്യൂ ഡെഫിസിറ്റ് നാലു വർഷം കൊണ്ട് അങ്ങ് പറയുന്നതുപോലെ സീറോ ആക്കാൻ കഴിയുമോ? സീറോ ആക്കണമെങ്കിൽ ഒരു കാര്യം കൂടി സമ്മതിക്കണം. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിലേക്ക് വരുന്ന വിഭവങ്ങളിൽ ഗണ്യമായ വർദ്ധനവുണ്ട്. കഴിഞ്ഞ വർഷത്തെ സ്ഥിതി എന്താണ്. ഇവിടെ രണ്ടായിരത്തിഅറുനൂറ്റി ചില്വാനം കോടി രൂപയുടെ കമ്മിയേയുള്ളൂ എന്നാണ് അങ്ങ് പറഞ്ഞത്. 1898 കോടി രൂപയുടെ റവന്യൂ ഡെഫ്സിറ്റാണ് ഉള്ളത് എന്ന് പറഞ്ഞത് സി. എ. ജി. കണക്കാക്കിയപ്പോൾ 4118 കോടി രൂപയുടെ കമ്മി ആയിട്ട് കൂടി. എന്താ കൂടാൻ കാരണം. കണക്കുകൾ അങ്ങ് തന്നെ പറഞ്ഞു. പെൻഷൻ, പലിശ, ശമ്പളം ഇങ്ങനെയുള്ള ചെലവുകൾ 1389 കോടി രൂപ ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതലും ആയി. പോലീസിന്റെ കണക്കൊക്കെ മാറ്റിനിർത്തിക്കഴിഞ്ഞാൽ പെൻഷനും കാര്യങ്ങളും ധൂർത്തെന്ന് ഇവിടാരും പറയുന്നില്ല. സർക്കാരിന്റെ അനിവാര്യ ചിലവുകൾ നിങ്ങൾ ബഡ്ജറ്റ് കണക്കിൽപ്പെടുത്താതെ ഇരിക്കുന്നത് ചിലവാക്കേണ്ടി വന്നപ്പോൾ സ്റ്റേറ്റ്മെന്റിൽ ഉള്ളതിനേക്കാൾ ചിലവുകൂടി. കേന്ദ്ര സർക്കാർ തരും എന്നു പറഞ്ഞതിനേക്കാൾ 650 കോടി രൂപ കുറവാണ് കഴിഞ്ഞ വർഷം കിട്ടിയത്. ഇത്രയും ചേർന്നപ്പോഴാണ് 1898 കോടി രൂപയുണ്ടായിരുന്ന റവന്യൂ കമ്മി 4118 ആയിട്ട് വർദ്ധിച്ചത്.

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ആ കണക്കു പറഞ്ഞത് ശരിയാണ്. കൊടുത്തു തീർക്കാനുള്ള പണം കൊടുത്തു തീർക്കാതെ റവന്യൂ കമ്മി ഉണ്ടാക്കിയതുകൊണ്ട് പ്രയോജനം ഉണ്ടോ?

ഡോ. തോമസ് ഐസക്: ഞാൻ പറഞ്ഞത് അങ്ങയുടെ ബുദ്ധിമുട്ടിനെക്കുറിച്ചാണ്. എന്തെങ്കിലും ധൂർത്ത് അങ്ങ് നടത്തി എന്നുള്ളതല്ല. ഈ സംസ്ഥാന സർക്കാർ ഇനി നിങ്ങൾ അല്ല ഞങ്ങൾ ഭരിച്ചാലും അനിവാര്യമായിട്ട് ചെലവാക്കേണ്ടുന്ന പണത്തിന് അനുസരിച്ച് വരുമാന വർദ്ധനവ് ഉണ്ടാകുന്നതിൽ ഏതൊരു സംസ്ഥാന സർക്കാരിനും പരിമിതിയുണ്ട്. കേന്ദ്രമാണെങ്കിലോ ഇത് മനസ്സിലാക്കി സഹായിക്കുന്നില്ല. ഈ ഒരു സാഹചര്യത്തിലാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നാലുവർഷം കൊണ്ട് റവന്യൂ കമ്മി പൂജ്യമാക്കണമെന്നു പറയുന്നത്. ഇതിന്റെ അനിവാര്യ ഫലം എന്താണെന്ന് അറിയാമോ? കേന്ദ്ര സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ പൊളിച്ചെഴുത്തില്ലാതെ റവന്യൂ കമ്മി പൂജ്യമാക്കുക എന്നു പറഞ്ഞാൽ നാട്ടിലെ പെൻഷൻകാരുടെ പണം, ഈ നാട്ടിലെ ചെലവുകളെ, ഈ നാട്ടിലെ ശമ്പളക്കാരുടെ ചിലവ് ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കുറയ്ക്കുകയല്ലാതെ അങ്ങേക്ക് മാർഗ്ഗമില്ല. ഇത് പൊളിറ്റിക്കലിൽ സാധ്യമാണോ? അപ്പോൾ ഡൗൺ സൈസിങ്ങാണ്; ഈ റവന്യൂ കമ്മി കുറയ്ക്കുന്നതിനുവേണ്ടി നിർദ്ദേശം വയ്ക്കുമ്പോൾ ഈ ബില്ലിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടേണ്ട തുക യെന്ത് എന്നതിനെക്കുറിച്ച് നമുക്ക് നിയമം പാസ്സാക്കാൻ പറ്റുകയില്ലെങ്കിൽ ഇതാണ് കേന്ദ്രം ചെയ്യേണ്ടത് എന്നുപോലും പറയാതെ മുഴുവൻ ഭാരവും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഇന്നത്തെ അസന്തുലിതാവസ്ഥ മറന്നുകൊണ്ട് കേന്ദ്രം ഉണ്ടാക്കുന്ന ബില്ലിന്റെ ചുവട് പിടിച്ച് സംസ്ഥാനത്തിന്റെ മേൽ ഇത്തരത്തിലുള്ള ബില്ല് അടി ച്ചേൽപ്പിക്കുന്നത് ശരിയല്ല. കേന്ദ്രത്തിൽ സ്ഥിതിയെന്താണ്? അവിടെ Fiscal Responsibility and Budget Managing Bill അവതരിപ്പിച്ചു. അവതരിപ്പിച്ചു കഴിഞ്ഞി ട്ടിപ്പോൾ എങ്ങനെയാണ് പാസ്സാക്കിയിരിക്കുന്നത്. നമ്മുടെ ബില്ലിൽ വ്യവസ്ഥ ചെയ്തതു പോലെ റവന്യൂ ഡെഫിസിറ്റ് 2005-06 ആകുമ്പോൾ സീറോ ആക്കണമായിരുന്നു. Fiscal Deficit 2005-06-ൽ 2% ആയിരിക്കണമായിരുന്നു. ഇപ്പോൾ പാസ്സാക്കിയിരിക്കു ന്നത് എങ്ങിനെയെന്നറിയാമോ രണ്ടും എടുത്തു മാറ്റി. കേന്ദ്രം ചെയ്യാത്ത കാര്യം പോലും ഈ സംസ്ഥാനത്തിന്റെ മേൽ അടിച്ചേൽപ്പിക്കുന്നതിന്റെ പ്രത്യാഘാതം എന്താണ്. ഈ കാര്യം, ഈ ബില്ലിനെക്കുറിച്ച് പാർലമെന്റിൽ അവതരിപ്പിച്ച ബില്ലി നെക്കുറിച്ച് Parliament Standing Committee-യുടെ നിഗമനം "The close monitoring of the fisc as proposed by the bill will leave the Government with little flexibility in managing the economy." എന്നുള്ളതു കൊണ്ടാണ് ഈ വ്യവസ്ഥയാകെ എടുത്തു മാറ്റിയത്. നിങ്ങളുടെ ഭരണം ആരംഭിച്ചപ്പോൾ സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെ ക്കുറിച്ച് വൈറ്റ് പേപ്പർ അവതരിപ്പിച്ചല്ലോ. ആ വൈറ്റ് പേപ്പറിൽ പറഞ്ഞത് എന്താണെന്നറിയാമോ? ഞാൻ വായിച്ചു കേൾപ്പിക്കാം. "While there are sophisticated models for assessing the sustainability of debt deficit in relation to SDP, public finance experts suggest that a prudent limit to the gross fiscal deficit should be 3% of the SDP. This has now become an International Standard." ഇതാണ് വൈറ്റ് പേപ്പറിൽ പറയുന്നത്. 3% ആണ് ഇന്റർനാഷണൽ സ്റ്റാൻഡേർഡ്. ഇതൊന്നും ഇന്റർനാഷണൽ സ്റ്റാൻഡേർഡല്ല. There is no rational economic way to decide. ഏതെങ്കിലും ഒരു ന്യൂമെറിക്കൽ നമ്പരാണ് optimum. ആ സാഹചര്യത്തിലെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് സംസ്ഥാന സർക്കാർ, ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ എടുക്കേണ്ട തീരുമാനം അന്ന് ആരുടെ തലയിൽ ഉദിച്ചതാണ് ഈ ഒന്നര ശതമാനം? നിങ്ങൾ ഇറക്കിയ വൈറ്റ് പേപ്പറിൽ പറയുന്നത് 3% ആണെന്ന്. എന്തുകൊണ്ടാണ് ഇതു പറയുന്നത്. ഈ സംസ്ഥാനത്തിന്റെ ധനഭാവി യെക്കുറിച്ച്, വികസനത്തെക്കുറിച്ച് താൽപ്പര്യമുള്ള ഏതൊരാളും പദ്ധതിപോലും നടപ്പാക്കുന്നതിന് തടസ്സമായി വരുന്ന രീതിയിലായിട്ട് എടുക്കാനുള്ള അധികാരം സ്വയം നിയന്ത്രിക്കാനുള്ള ഈ നിർദ്ദേശത്തെ ഒഴിവാക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത് ഈ കേന്ദ്ര നിയമ ത്തിന്റെ എങ്കിലും ചുവടുപിടിച്ച് ഈ ന്യൂമെറിക്കൽ നമ്പർ മാറ്റാം. എ. ഡി. ബി. കരാർ പ്രകാരം രണ്ടാം ഗഡു കിട്ടണമെങ്കിൽ Fiscal Responsibility Bill പാസ്സാക്കണം. പാസ്സാ ക്ക്. പക്ഷേ എന്തിന് സംസ്ഥാനത്തിന്റെ ഭാവിതന്നെ വീണ്ടുവിചാരമില്ലാത്ത രീതിയിൽ തകർക്കുന്ന ഇത്തരത്തിലുള്ള നിബന്ധനകൾ എ. ഡി. ബി. പോലും ആവശ്യപ്പെടാ ത്തത് നിങ്ങൾ അടിച്ചേൽപ്പിക്കണം. അതുകൊണ്ട് ഇതു സംബന്ധിച്ച് സമൂലമായ

LIBRARY ARCHIVES Kerala Legislative Assembly

പുനർവിചിന്തനം ആവശ്യമാണ്. മറ്റ് രണ്ടു കാര്യങ്ങൾകൂടി പറഞ്ഞുകൊള്ളട്ടെ. ഇതിന് ഡെഫനിഷനില്ലേ. Medium Term Fiscal Reform Framework-നെക്കുറിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യവകുപ്പു മന്ത്രിക്ക് പ്രത്യേകം നോക്കാം. Medium Term Fiscal Reform Framework കേന്ദ്ര സർക്കാരും നമ്മളും തമ്മിലുണ്ടാക്കിയിട്ടുള്ള ഒരു കരാറിന്റെ അടിസ്ഥാനത്തിലുള്ളതാണ്. പക്ഷെ ഈ ബില്ലിൽ പിന്നെയും Medium Term Fiscal Reform Framework പരാമർശിക്കുന്നുണ്ട്. ക്ലാസ്സ് 3-ൽ Medium Term Fiscal Policy Statement ഉണ്ട്. ആ ക്ലാസ്സിൽ തന്നെ Fiscal Policy Strategy Statement ബില്ലിൽ ഒരു സ്ഥലത്തും പരിശോധിക്കുന്നില്ല. മറ്റൊരു കാര്യം കൂടി സൂചിപ്പിക്കാനുള്ളത് Public Expenditure Committee-യുടെ കാര്യം. അത് സബ്ജക്ട് കമ്മിറ്റിയിൽ തന്നെ ഉണ്ടാക്കുന്ന മാറ്റം. Transparency-ക്കു വേണ്ടി വലിയ വാദങ്ങൾ നടക്കുമ്പോൾ അതിൽ നിന്നുമുള്ള തിരിച്ചുപോക്കാണ്. നേരത്തെ ഉണ്ടാക്കിയ വ്യവസ്ഥ, കരടു ബില്ലിൽ ഉണ്ടാക്കിയ വ്യവസ്ഥ, മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്നതാണ് കമ്മിറ്റി. ഈ കമ്മിറ്റി ആയിരിക്കും Expenditure Review Committee-യെ നിർണ്ണയിക്കേണ്ടത്. ഇതു മാറ്റിയിട്ട് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അടങ്ങുന്ന കമ്മിറ്റിയിൽ വേറെ എത്രപേർ കാണും. അത്തരത്തിൽ ആദ്യമായിട്ട് തുടങ്ങുന്ന ഒരു കമ്മിറ്റിയായി ഈ സുതാര്യമായ, ഖണ്ഡിതമായ നിലപാടിൽ നിന്നുള്ള ഒരു പിന്നോക്കം പോക്കാണ്. അവസാനത്തെ പോയിന്റ്. ഏതുവർഷം മുതൽ ഇതു നടപ്പാക്കും. സർക്കാർ നോട്ടിഫൈ ചെയ്യുന്ന തീയതി മുതലാണ് എന്നു പറയുന്നു. അത് യഥാർത്ഥത്തിൽ അങ്ങേക്ക് അവകാശമില്ലാത്ത കാലത്തേക്കു കൂടി ഈ വിനാശകരമായ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ മേൽ അടിച്ചേൽപ്പിക്കാനുള്ള കുൽസിത ശ്രമമാണ്. നിങ്ങളുടെ ഭരണം രണ്ടു വർഷം കഴിഞ്ഞു. മൂന്നാം വർഷത്തിലേക്കു പ്രവേശിക്കുന്നത് 4.9% റവന്യൂ ഡെഫിസിറ്റുമായിട്ടാണ്. Medium Term Fiscal Reform-ൽ പറഞ്ഞതിന്റെ ഇരട്ടിയിലേറെ Fiscal Deficit ആയിട്ടാണ് നിങ്ങൾ പോകുന്നത്. മൂന്നാം വർഷം ഇതൊന്നും ബാധകമല്ല. നാലാം വർഷം വരുമ്പോൾ ആദ്യത്തെ വർഷം എന്നുള്ള നിലയിൽ ഈ പറഞ്ഞതിന്റെ മേനൊടിക്ക് മുകളിൽ പറഞ്ഞ വല്ലതും വച്ചശേഷം നാലാം വർഷവും അഞ്ചാം വർഷവും മറ്റൊരു സർക്കാർ വരുമ്പോൾ ആ സർക്കാരിന്റെ മേൽ ഒന്നര ശതമാനം ഈ തീർപ്പെല്ലാം അടിച്ചേൽപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗം എന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. അതുകൊണ്ട് ഒരു കാര്യം വളരെ വ്യക്തമായിട്ട് പറയാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ എന്തു നിയമം പാസ്സാക്കിയാലും ഈ നിയമം ഞങ്ങൾ അംഗീകരിക്കുന്നില്ല. ഞങ്ങൾക്ക് അംഗീകാരം നൽകാനും കഴിയില്ല. സംസ്ഥാനത്തിന്റെ സ്വാതന്ത്ര്യത്തെ, സംസ്ഥാന സർക്കാരിന്റെ വിവേചനാധികാരത്തെ, ഇല്ലാതാക്കുന്ന വ്യവസ്ഥയാണ്. അതുകൊണ്ട് എന്ന് ഞങ്ങൾക്ക് ആദ്യത്തെ ഓപ്പർച്യൂണിറ്റി കിട്ടുമോ അന്ന് ഈ നിയമം തിരുത്തിയിരിക്കും.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയാണ്. ഈ ബിൽ നമ്മുടെ നിയമസഭയിൽ ഈ ഗവൺമെന്റ് ഇത്ര ധൃതിപിടിച്ച് കൊണ്ടു വരേണ്ട കാര്യമെന്താണ്? ഇതു സംബന്ധിച്ച് ആധികാരികമായി പറഞ്ഞിട്ടുള്ള കാര്യം ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും Fiscal Responsibility Bill പാസ്സാക്കാൻ പോവുകയാണ്. അല്ലെങ്കിൽ പാസ്സാക്കി കഴിഞ്ഞു എന്നാണ്. യഥാർത്ഥത്തിൽ ഞാനിവിടെ കോട്ട് ചെയ്യാൻ പോകുന്നത് ഒക്ടോബർ 2002 റിസർവ് ബാങ്ക് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാ ബുള്ളറ്റിനാണ്. ആ ബുള്ളറ്റിൻ പ്രകാരം Fiscal Responsibility Legislation in the State എന്നുള്ള ബുള്ളറ്റിൻ കഴിഞ്ഞ വർഷം ഓഗസ്റ്റ് 30-ാം തീയതി കർണ്ണാടക സ്റ്റേറ്റിലാണ്. കർണ്ണാടകം ആദ്യമായി പാസ്സാക്കിയിട്ടുള്ള ഒരു സ്റ്റേറ്റുമെന്റിന്റെ രൂപത്തിൽ ഈ ബിൽ ആക്റ്റായി നോട്ടിഫൈ ചെയ്തത്. പിന്നീട് അവർ പറയുന്നു ഇത്തരത്തിലുള്ള ഒരു ബിൽ Medium Term Fiscal Plan-ന്റെ ഭാഗമായി മറ്റ് പല സംസ്ഥാനങ്ങളിലും നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. അതിൽ ഒന്നാണ് മഹാരാഷ്ട്രാ ഗവൺമെന്റ്. അവർ തന്നെ പറഞ്ഞത് "Maharashtra Government has expressed the intention to introduce Fiscal Responsibility Bill to contain the Fiscal Deficit". പിന്നീട് പഞ്ചാബും അങ്ങനെതന്നെ തീരുമാനിച്ചിട്ടുണ്ട്. അതേപോലെ അതു കഴിഞ്ഞാൽ കേരളവും ഇപ്പോൾ തന്നെ പ്രൊപ്പോസ് ചെയ്തു കഴിഞ്ഞു എന്നും അതിൽ പറയുന്നുണ്ട്. ഈ പറഞ്ഞുകേട്ടത് ചെറിയ കേന്ദ്ര ഭരണ പ്രദേശമായിട്ടുള്ള ഗോവ മുതലായ പല സ്ഥലങ്ങളിലും Fiscal Responsibility Legislation കൊണ്ടു വരും എന്ന്. ഇപ്പോൾ നോക്കിയാൽ കർണ്ണാടകത്തിൽ മാത്രമാണ് കഴിഞ്ഞ ഒരു വർഷം മുമ്പ് ഇത് നിയമം ആക്കിയിട്ടുള്ളത്. ഇൻഡ്യയിലുള്ള മറ്റ് സംസ്ഥാനങ്ങളിലൊക്കെ എന്താ ഇത്ര ധൃതിപ്പെടാത്തത്? നമ്മുടെ ഗവൺമെന്റ് എന്തിനാണ് ധൃതിപ്പെടുന്നത്? ഒന്നുമല്ല. ഒരു വ്യാമോഹമുണ്ട് നമ്മുടെ ഗവൺമെന്റിന്, അത് മറ്റൊന്നുമല്ല, കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ അവർ പ്രഖ്യാപനം നടത്തി. ആ പ്രഖ്യാപനത്തിൽ അവർ പറഞ്ഞത് Medium Term Reform Programm: പൂർണ്ണമായും നടപ്പിലാക്കി ഈ റവന്യൂ കമ്മി അതിൽ പറയുന്നത് പോലെ പരമാവധി കുറച്ചു കൊണ്ടു വരികയും ചെയ്താൽ ഇന്നത്തെ മൈനസിൽ നിന്ന് 1.5-ലേയ്ക്ക്, അതും മൈനസ് തന്നെ കൊണ്ടു വന്നാൽ കേന്ദ്രം 12300 കോടി രൂപ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നവർക്ക് ഇനാമായിട്ട് കൊടുക്കും എന്നുള്ള വല്ല വ്യാമോഹവും നമ്മുടെ ഗവൺമെന്റിന് ഉണ്ടായോ? ഈ 12300 കോടി രൂപ ലഭിക്കുമോ? ഒരിക്കലുമില്ല, മാത്രമല്ല, ഈ കഴിഞ്ഞ ബഡ്ജറ്റിനും അതിന് മുമ്പേയും കഴിഞ്ഞ ധനകാര്യ കമ്മീഷൻ വന്ന ഉടനെ 13 സംസ്ഥാനങ്ങളെ പ്രതിക്കൂട്ടിൽ നിർത്തി, ധനകാര്യ കമ്മീഷൻ. അവരാരുംതന്നെ റവന്യൂ ചിലവ് കുറച്ചില്ല. ബഡ്ജറ്റിലുള്ള ഈ ഗ്യാപ്പ് വളരെ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവർക്ക് മുക്കുകയർ ഇടണം എന്നു പറഞ്ഞാണ് ഇപ്പോഴും Fiscal Responsibility Bill പാസ്സാക്കാൻ വേണ്ടി എല്ലാ വിധത്തിലുമുള്ള നോംസും പ്രിസ്ക്രൈബ് ചെയ്തുകൊടുക്കുന്നത്. എല്ലാം റിസർവ് ബാങ്കിനെ തന്നെ ഉത്തരവാദപ്പെടുത്തി അവരുടെ തന്നെ ഉദ്യോഗസ്ഥൻമാർ പോയി വിവിധ സംസ്ഥാനങ്ങളിൽ ബഡ്ജറ്റ് ഉണ്ടാക്കുന്ന സന്ദർഭങ്ങളിലും അതിനുള്ള ഗൈഡ്ലൈൻസും ഇതൊക്കെ കുറയ്ക്കുന്നതു സംബന്ധിച്ചും നിർബന്ധമായ ലെജിസ്ലേഷൻ തന്നെ അതാത് സംസ്ഥാനത്ത് ഉണ്ടാക്കണമെന്നു പറഞ്ഞാൽ ശക്തമായി കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലും പറഞ്ഞ് ഞങ്ങളുടെ പൂർണ്ണമായുള്ള സ്വയംഭരണ അധികാരത്തിൻമേൽ, ഈ നിയമസഭയുടെ അധികാരത്തിൻമേൽ എങ്ങനെ ഒരു തീരുമാനം റിസർവ് ബാങ്കിന് അടിച്ചേൽപ്പിക്കാൻ സാധിക്കും? അതിനെ റസിസ്റ്റ് ചെയ്യാൻ വേണ്ടി യഥാർത്ഥത്തിൽ സാധിക്കാത്ത ദൗർബല്യം പല സംസ്ഥാനത്തിനും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഇവിടെ പറയുന്നത് റവന്യൂ കമ്മി പരമാവധി കുറച്ചുകൊണ്ടു വന്ന് സംസ്ഥാനത്തെ രക്ഷിക്കണമെന്നല്ലേ? ഞാൻ ചെറിയ ഒരു ഉദാഹരണം പറയാം. റവന്യൂ കമ്മി കുറയ്ക്കുമെന്ന് പറഞ്ഞാൽ, ചെലവുകൾ കുറയ്ക്കുക, ശമ്പളം കുറയ്ക്കുക, മറ്റു തരത്തിലുള്ള ചെലവുകൾ കുറയ്ക്കുക എന്നാണ്. കേരളത്തിന്റെ അനുഭവം എന്താണ്? ഞാൻ ശമ്പള ചെലവിനെപ്പറ്റി,

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ ചെലവുകളെപ്പറ്റി പറയട്ടെ. 2000-2001-ൽ 4,496.61 കോടി രൂപ. മൊത്തം ചെലവിന്റെ 35.3 ശതമാനം. 2001-2002-ൽ അത് കുറച്ചു കൊണ്ടുവന്നു. 4200.82 കോടി രൂപ. അതായത് 39.93 ശതമാനം. അഭിമാനകരമാണല്ലേ. തീർച്ചയായും കണക്കു ശാസ്ത്ര പ്രകാരം കേരള ഗവൺമെന്റിന് അഭിമാനകരമാണ്. 2002-2003-ൽ അത് 4117.15 കോടി രൂപയായി. മൊത്തം ചെലവിന്റെ 28.6 ശതമാനത്തിലേക്ക് നമ്മുടെ ശമ്പളം, പെൻഷൻ, മന്ത്രിമാരുടേത്, എം. എൽ.എ.-മാരുടേത്, ഇത്തരം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളൊക്കെ കുറയ്ക്കാൻ സാധിച്ചു. അഭിമാനകരമാണെന്ന് തോന്നുന്നില്ലേ. എങ്ങനെയാണ് അത് സാധിച്ചത്. 12,000 തസ്തികകൾ അബോളിഷ് ചെയ്യാൻ തീരുമാനിച്ചു. 24,000 തസ്തികകളിൽ നിയമനനിരോധനം. ഇത് വരുത്തിയതിന്റെ ഭാഗമായിട്ടാണ് 35.3 ശതമാനത്തിൽ നിന്ന് 28.6 ശതമാനത്തിലേക്ക് നമ്മുടെ ശമ്പള, പെൻഷന്റെ ചെലവുകൾ കുറച്ചത്. ഇനിയും അത് കുറയ്ക്കുമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉള്ള സ്ഥിതിയാണ് ഞാനിപ്പോൾ പറയുന്നത്. എന്നാൽ ഇപ്പോൾ എന്തുസംഭവിച്ചു? നമ്മുടെ റവന്യൂ കമ്മി കുറഞ്ഞോ? ഒരു ശതമാനം കുറഞ്ഞോ? നിങ്ങളുടെ ഈ രണ്ടു വർഷക്കാലത്തെ അഭിമാനകരമായിട്ടുള്ള ധനകാര്യമാനേജ്മെന്റിന്റെ ഭാഗമായി ഒരു രൂപയെങ്കിലും റവന്യൂ കമ്മി കുറയ്ക്കാൻ സാധിച്ചോ? കുറയ്ക്കാൻ സാധിച്ചില്ലെന്നു മാത്രമല്ല, അതിന്റെ സ്ഥിതി നിങ്ങൾ പരിശോധിച്ചു നോക്കിയാൽ കേരളത്തിൽ 2002-2003-ൽ 2,600 കോടി രൂപയായിരുന്നു റവന്യൂ കമ്മിയെങ്കിൽ ഇപ്പോൾ ഈ കഴിഞ്ഞ ജൂൺ മാസം വരെ 4,117 കോടി രൂപയായി ഷൂട്ടപ്പ് ചെയ്തു. പുരുങ്ങിയ മാസം കൊണ്ട് റവന്യൂ കമ്മി ഈ വർഷം വല്ലാതെ ഷൂട്ടപ്പ് ചെയ്തു. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അതിന് എന്താണ് പറഞ്ഞത്. അതിപ്പോൾ കോൺട്രാക്ടർമാരുടെ ബിൽ കൊടുത്തു. പഴയ പെൻഷൻ കൊടുത്തു. മറ്റുതരത്തിലുള്ള ചില കമ്മിറ്റ്മെന്റ് ഒക്കെ ചെയ്തു. അതൊക്കെ ചെയ്യാതിരിക്കാൻ പറ്റുമോ? അതൊക്കെ ചെയ്യണമല്ലോ. അതൊക്കെ ചെയ്യാൻ കൂടിയാണല്ലോ ഒരു ഗവൺമെന്റ്. എന്നിട്ട് ഇത് അനിവാര്യമായി സംഭവിച്ചതാണെങ്കിൽ ഞങ്ങൾക്ക് ആ കാര്യത്തിൽ യാതൊരു എതിർപ്പും ധനകാര്യ വകുപ്പു മന്ത്രിയോടില്ല. ആ ചെലവ് വരുമല്ലോ. അങ്ങനെ 4,117 കോടി രൂപ വന്നാൽ അതിന്റെ കോൺസിക്വൻസസ് എന്തായിരിക്കും എന്ന് ഡോ. തോമസ് ഐസക് പറഞ്ഞു. പദ്ധതികൾ നിങ്ങൾ കുറക്കേണ്ടി വരും. പലതും കുറക്കേണ്ടി വരും. ഇരിക്കട്ടെ. ഞാൻ ആ കാര്യത്തിലേക്ക് വരുന്നില്ല. കേരളത്തിനു മാത്രമുള്ള ഈ റവന്യൂ കമ്മിയെ സംബന്ധിച്ച പ്രതിഭാസം കേരളത്തെ മാത്രം ബാധിച്ച കാര്യമാണോ? ഞാൻ റിസർവ്വ് ബാങ്കിന്റെ ബുള്ളറ്റിൻ തന്നെ ആശ്രയിക്കാനാണ് തീരുമാനിക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിന്റേയും റവന്യൂ കമ്മിയുടെ ചിത്രം നിങ്ങളുടെ മുമ്പാകെ കൊണ്ടു വരികയാണ് Select Fiscal Indicators Statewide Position ഇതു കേട്ടാൽ വിചാരിക്കും കേരളത്തിൽ മാത്രമാണ് അധികമെന്ന്. വേറെ ഏതെങ്കിലും ഒരു സംസ്ഥാനത്തിലാണ് ഇത് അധികമെന്ന് വിചാരിക്കുക. അതു പക്ഷേ, നമ്മൾ ഇന്നു കാണേണ്ട കാര്യം വിവിധ സംസ്ഥാനങ്ങളിലെ സ്ഥിതി ആരോഹിച്ചു നോക്കണം. ആന്ധ്രാപ്രദേശ് 2000-2001-ൽ 3,113 കോടി രൂപ, ഗുജറാത്ത് 6,859 കോടി രൂപ, കർണാടക 2,175 കോടി രൂപ. 2000-2001-ൽ എസ്. എം. കൃഷ്ണ ഭരിക്കുന്ന കർണാടകയിൽ 2,175 കോടി രൂപയായിരുന്നത് കഴിഞ്ഞയാഴ്ചത്തെ 'വീക്ക്'വിൽ എഴുതിയിട്ടുണ്ട് അത് 17,000 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണെന്ന്. എസ്. എം. കൃഷ്ണ പറഞ്ഞു, ഇന്ത്യയിലേക്ക് വച്ച് ഏറ്റവും നല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പെൻഷനായിട്ടുള്ള സാമ്പത്തിക നയം നടപ്പിലാക്കുന്ന സംസ്ഥാനം തന്നെയാണ് ഞങ്ങളുടേതെന്ന്. ഇത് ഇങ്ങനെ വരാൻ നിരവധി കാരണങ്ങളുണ്ട്. ഐ. ടി. യുടെ കാര്യത്തിലായാലും മറ്റും മുന്നാമതെത്ത സംസ്ഥാനമാണ് ഞങ്ങളുടേതെന്നും ഇത് എങ്ങനെയായാലും റ്റൈഡ് മാവർ ചെയ്യും എന്നും അസംബ്ലിയിൽ പറഞ്ഞതാണ്. പക്ഷേ, എസ്. എം. കൃഷ്ണ ഒരു ബില്ല് പാസ്സാക്കി അലമാരയിൽ വച്ചു. യഥാർത്ഥത്തിൽ 17,000 കോടി രൂപയുടെ ഡെഫിസിറ്റ്. അപ്പോൾ ഞങ്ങൾ ആരേയും കുറ്റം പറയുന്നില്ല. അവിടെ നടത്താൻ പോകുന്ന ഡെവലപ്പ്മെന്റൽ ആക്റ്റിവിറ്റികളെപ്പറ്റി അദ്ദേഹം ധാരാളം പറഞ്ഞിട്ടുണ്ട്. വിമാനത്താവളത്തിന്റെ കാര്യം, ഇറിഗേഷൻ പ്രോജക്ടസിന്റെ കാര്യം, ഇതൊക്കെ കേന്ദ്രം തരുന്നില്ലെങ്കിൽപോലും ഞങ്ങൾ ചെയ്യാൻ തീരുമാനിച്ചുവെന്ന് പറഞ്ഞിട്ടുണ്ട്. വികസനത്തിനുവേണ്ടി ചെലവാക്കുമ്പോൾ മറ്റു തരത്തിൽ റവന്യൂ ഡെഫിസിറ്റിന്റെ പരിമിതിയുള്ളതുകൊണ്ട് കടം വാങ്ങിയിട്ടും, റവന്യൂ വരവുകൾ വർദ്ധിപ്പിക്കാൻ ഇടയുണ്ടെന്ന് പറഞ്ഞ് ന്യായീകരിച്ചിട്ടുണ്ട്. No dispute. പക്ഷേ, നിങ്ങൾ ഇത് കാണാതിരുന്നുകൂടാ. മഹാരാഷ്ട്രയിൽ 6,224, പഞ്ചാബിൽ 2,573. ഏറ്റവും കൂടുതൽ കൊമേഴ്സ്യൽ ടാക്സ് ഇനത്തിൽ ഉള്ളത് നോൺ ടാക്സ് റവന്യൂ വാണ്. ഇന്ത്യയിൽ പ്രത്യേകിച്ച് കാർഷിക മേഖലയിൽ നല്ല രൂപത്തിൽ റവന്യൂ വരുന്ന സംസ്ഥാനമാണ് പഞ്ചാബ്. അവിടെ 2,573 കോടി രൂപ, തമിഴ്നാട്ടിൽ 3,977 കോടി രൂപ, ഉത്തർപ്രദേശിൽ 5,819 കോടി രൂപ. ഞാനായിട്ട് വെസ്റ്റ് ബംഗാളിന്റെ കാര്യം പറയാതിരിക്കുന്നത് ശരിയല്ലല്ലോ. വെസ്റ്റ് ബംഗാളിൽ 7,411 കോടി രൂപ. ആർക്കും ഇതിൽ നിന്നും മോചനമില്ല. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതിൽ നിന്നും മോചനമില്ല. അദ്ദേഹം ഒരു ദിവാസ്വപ്നം കാണുകയാണ്. ഒരിക്കലും സംഭവിക്കാത്ത ഒരു മോഹനസ്വപ്നം. ഈ റവന്യൂ ഡെഫിസിറ്റ് നിങ്ങളെ സംബന്ധിച്ച് കുറച്ചുകൊണ്ടുവരാൻ സാധ്യമല്ല. ഡോ. തോമസ് ഐസക് പറഞ്ഞു, സെൻട്രൽ സ്റ്റേറ്റ് റിലേഷനിലുള്ള ഈ സമഗ്രമായ അഴിച്ചു പണിയെപ്പറ്റി ആലോചിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? നിങ്ങൾക്ക് ആലോചിക്കാൻ സാധ്യമല്ല എന്നറിയാം. കാരണം നിങ്ങൾ സമവായത്തിന്റെ ആളുകളല്ലേ. നിങ്ങൾ ഡൽഹിയിൽ പോകും പലതും പറയും, മാണി സാർ ഇവിടെയില്ല. ഇവിടെ വരുമ്പോൾ പണം കിട്ടുമെന്ന് പറഞ്ഞു. ആ പണം കിട്ടിയില്ല. എന്തിനെങ്കിലും പണം കിട്ടിയോ? അവിടെ പോയി ചായയും കുടിച്ച് നേരെ തിരിച്ചുവരും. സമവായം ഒരു പ്രശ്നവുമില്ല. No confrontation. ഞങ്ങൾ ഭരിക്കുന്ന കാലത്ത് ശ്രീ. തിരുവഞ്ചൂരടക്കം പറഞ്ഞത് എന്താണ്? റാക്സ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞങ്ങൾ സമവായത്തിന്റെ ആളുകളാണ് ഞങ്ങൾക്ക് ഇത്രയേ പറ്റൂ. നിങ്ങൾ വലിയവായിൽ കുറുക്കുകയും ബഹളമുണ്ടാക്കുകയും ഒച്ചപ്പാടുണ്ടാക്കുകയും ചെയ്തല്ലോ. പക്ഷേ, 5 വർഷക്കാലത്തിനുള്ളിൽ നിങ്ങൾക്കു കിട്ടിയതിനേക്കാൾ കൂടുതൽ സഹായം കിട്ടാനുള്ള സാദ്ധ്യതയും, ആ സഹായം ഞങ്ങൾക്ക് കിട്ടുകയും ചെയ്യുന്നുണ്ട് എന്നുള്ളകാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. എ. കെ. ബാലൻ: ഈ ഗവൺമെന്റ് വന്നതിനുശേഷം വരൾച്ചയുടേയും വെള്ളപ്പൊക്കത്തിന്റേയും ഭാഗമായി 1,600 കോടി രൂപയുടെ നഷ്ടം വന്നു. കേന്ദ്രത്തോട് ചോദിച്ചു. സംഘം ഇവിടെ വന്നു. നമ്മുടെ കശുവണ്ടിയും കൊറിച്ചിട്ട് പോയി

എന്നുള്ളതല്ലാതെ പത്തുപൈസ കേന്ദ്രത്തിൽ നിന്ന് ഇവിടെ കിട്ടിയിട്ടില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ടി. കെ. ബാലൻ: നാളെ ഗ്യാരന്റി ബിൽ വരുമ്പോൾ എനിക്ക് ഒരു ഡിസന്റുണ്ട്. അതിൽ ഈ സെൻട്രൽ സ്റ്റേറ്റ് റിലേഷൻസ് വ്യക്തമായിട്ട് പറയുകയാണ്. ഏതായാലും ശ്രീ. തിരുവഞ്ചൂർ മര്യാദയ്ക്ക് ഉറങ്ങട്ടെ. പണം കിട്ടിയിട്ടുണ്ടല്ലോ. നിങ്ങൾക്ക് സംതൃപ്തിയായല്ലോ. നിങ്ങളിങ്ങനെ സമവായത്തിന്റെ പേരുപറഞ്ഞുകൊണ്ട് കാര്യമില്ല. നിങ്ങളുടെ മുഖ്യമന്ത്രിമാരില്ലേ, ചത്തിസ്ഗഡ് ആരാണ് ഭരിക്കുന്നത്? കർണ്ണാടകം ആരാണ് ഭരിക്കുന്നത്? മദ്ധ്യപ്രദേശ് ആരാണ് ഭരിക്കുന്നത്? ആരാണ് രാജസ്ഥാനിലെ മന്ത്രി? ആരാണ് പഞ്ചാബിലെ മുഖ്യമന്ത്രി? ഇവരെല്ലാപേരും എസ്. എം. കൃഷ്ണ ഒഴികെ ഞാൻ ഈ പറഞ്ഞ നാല് കോൺഗ്രസ് (ഐ)-യുടെ മുഖ്യമന്ത്രിമാരും ഡൽഹിയിൽ പോയി റാജ്പേയിയുടെ വീടിനു മുമ്പാകെ കുത്തിയിരുന്ന് അറുകാശം വാങ്ങിച്ചവരാണ്. അറിയാമോ? നിങ്ങളുടെ മുഖ്യമന്ത്രി ഡൽഹി വരെ പോകണമെന്ന് ഞങ്ങൾ പറയുന്നില്ല. നിങ്ങളുടെ ഇഷ്ടം. സമവായത്തിന്റെ വിശാലമേഖല ചക്രവാളം ഇങ്ങനെ വരുതായി നിങ്ങൾ രക്ഷപ്പെടുമെങ്കിൽ രക്ഷപ്പെടട്ടെ. ഞാൻ പറയുന്നത് ദിഗ്വിജയ്സിംഗ്, അതുപോലെ രാജസ്ഥാൻ മുഖ്യമന്ത്രി, പഞ്ചാബിലെ മുഖ്യമന്ത്രി, ഛത്തീസ്ഗഡിലെ മുഖ്യമന്ത്രി എന്നിവർ പോയി പ്രതിഷേധിച്ച് കാശും വാങ്ങിച്ച് പോന്നില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞങ്ങളെ സംബന്ധിച്ച്, രാഷ്ട്രീയമായി ഞങ്ങൾ രണ്ട് ചേരിയിലാണ്. രാഷ്ട്രീയമായി ഞങ്ങൾ അവരുമായി സ്വാഭാവികമായി സംഘർഷത്തിലും. എന്നാൽ നമ്മൾ ഒരുമിച്ച് ചേർന്നുമാണ്. രാഷ്ട്രീയമായിട്ട് ബി. ജെ. പി.-യെ ഞങ്ങൾ എതിർക്കും. ഒരു ഗവൺമെന്റിന്റെ സമീപനം എന്നത് മറ്റൊരു ഗവൺമെന്റിനെ അടിച്ചു തകർക്കുക എന്നതല്ല. ഗവൺമെന്റിന്റെ സമീപനം എന്നു പറയുന്നത്, സംസ്ഥാനത്തിന്റെ താൽപ്പര്യം നൂറ് ശതമാനം നേടിയെടുക്കുക എന്നതാണ്. ആ സമീപനം എടുത്തുകൊണ്ട് ഞങ്ങൾ കേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതിന്റെ പരമാവധി വാങ്ങും. പക്ഷേ രാഷ്ട്രീയമായി രണ്ടു ചേരിയിലാണ്. ആ രാഷ്ട്രീയചേരി വൈരുദ്ധ്യം നിലനിർത്തിക്കൊണ്ടുതന്നെ സംസ്ഥാന-കേന്ദ്ര സംഘട്ടനം ഇല്ലാതെ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുക എന്നതാണ് ഞങ്ങളുടെ നിലപാട്.

ശ്രീ. മത്തായി ചാക്കോ: യു. ഡി. എഫ്.-ന്റെ ആളുകൾ സമവായം സംബന്ധിച്ച് പറയുന്നു. രാഷ്ട്രീയമായി രണ്ട് ചേരിയിലാണ് എന്ന് ഇപ്പോൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. പുതുതായി ചാർജ്ജ് എടുത്ത ബി. ജെ. പി.-യുടെ സ്റ്റേറ്റ് പ്രസിഡന്റ് അഡ്വക്കേറ്റ് ശ്രീധരൻപിള്ള ഒരു കാര്യം ഇപ്പോൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ശ്രീധരൻപിള്ള പറഞ്ഞത്, കഴിഞ്ഞ കുറെ തെരഞ്ഞെടുപ്പുകളിൽ ഞങ്ങളുടെ വോട്ട് യു. ഡി. എഫ്.-ന് കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് ഇനി ഞങ്ങൾ ആവർത്തിക്കുകയില്ലായെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. സമവായം ഈ കാര്യത്തിൽ ഇല്ല എന്നത് ബഹുമാനപ്പെട്ട ടി. കെ. ബാവൻ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ബാബു: യു. ഡി. എഫ്. ഗവൺമെന്റിന്റെ സമവായംകൊണ്ട് കേരളത്തിന് പ്രയോജനം കിട്ടിയില്ലെന്ന് അങ്ങ് പറഞ്ഞു. നിങ്ങളുടെ അഞ്ചുവർഷ ഭരണകാലത്ത് നിരന്തരമായി കേന്ദ്ര വിരുദ്ധ സമരമായിരുന്നു. എന്നിട്ട് എന്തു നേടിയെന്ന് അങ്ങേക്ക് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: ഇവിടെ പ്രതിപാദിച്ചത് റവന്യൂ കമ്മിയുടെ അന്തരം വർദ്ധിക്കുന്നു, റവന്യൂ എക്സ്പെൻഡിച്ചർ വളരെ ജാസ്തിയാകുന്നു, വരുമാനം കുറയുന്നു എന്നൊക്കെയാണ്. വികസിതമായ എല്ലാ സ്റ്റേറ്റുകളുടേയും സ്ഥിതി അതല്ലേ; അതു മറച്ചുവച്ചിട്ട് നമ്മൾ സംസാരിക്കണോ? വെസ്റ്റ് ബംഗാളിൽ റവന്യൂ കമ്മിയെക്കാളും റവന്യൂ എക്സ്പെൻഡിച്ചർ കൂടുതലാണ് എന്ന വസ്തുത മറക്കുവാൻ കഴിയുമോ?

ശ്രീ. ടി. കെ. ബാലൻ: ഞാനാണ് നിങ്ങൾക്ക് ഇതു പറഞ്ഞുതന്നത്. ബംഗാളിൽ റവന്യൂ കമ്മി 7,411 കോടി രൂപയാണെന്ന് ഈ സഭയിൽ ഞാനാണ് പറഞ്ഞത്. അത് അംഗീകരിക്കുകയാണല്ലോ; ഞങ്ങൾ അംഗീകരിച്ചിട്ടാണ് പറഞ്ഞത്. റിസർവ് ബാങ്കിന്റെ ബുള്ളറ്റിനെടുത്ത് ഞാനാണ് പറഞ്ഞത്. ഞങ്ങൾ അംഗീകരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ ചോദിച്ചില്ലേ, ഞാൻ ചോദിക്കട്ടെ നിങ്ങൾ ഈ സമവായവും സമാധാനവും ശാന്തിമന്ത്രവുമായി ഡെൽഹിയിൽ പോയിട്ട് എന്തു കിട്ടി? കുമരകം പാക്കേജ് ഇവിടെ പ്രധാനമന്ത്രി വന്ന് പ്രഖ്യാപിച്ചിട്ട് ഒരു ചില്ലിക്കാശ് ചോദിച്ച് വാങ്ങാൻ സാധിച്ചോ? നമ്മുടെ നാണ്യ ഉത്പന്നങ്ങളെ കാർഷികോത്പന്നങ്ങളായിട്ട് അംഗീകരിക്കുന്ന കുമരകം പ്രഖ്യാപനം സംബന്ധിച്ച് നിങ്ങൾക്ക് ഒരു പേറുവിരൽ അനക്കുവാൻ സാധിച്ചോ; നിങ്ങൾക്ക് എന്താണ് അഭിമാനിക്കുവാൻ ഉള്ളത്? പുറത്ത് പറയുവാൻ നിങ്ങൾക്ക് സമവാക്യം. നിങ്ങളുടെ ദൗർബല്യമാണ്. കോൺഗ്രസ്സിന്റെ മുഖ്യ മന്ത്രിമാരും ആ ഗവൺമെന്റ് ചെയ്ത കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. നിങ്ങൾക്ക് ഒന്നും അഭിമാനിക്കുവാൻ ഇല്ല. നിങ്ങൾക്ക് ഈ പ്രശ്നത്തിന്റെ നടുക്ക് തിരിയാമെന്നല്ലാതെ അതിലൊരു ശക്തമായ സ്റ്റാന്റ് എടുക്കുവാൻ സാധിക്കില്ല. ഞങ്ങളുടെ മേലാണ് റിസ്ക്കൽ റെസ്പോൺസിബിലിറ്റി. നിയമങ്ങളൊക്കെ വേണമെന്ന് പാട്ടവാർ അടിക്കുന്ന കേന്ദ്രത്തിന്റെ സ്ഥിതി എന്താണ്? ഞാൻ വിവിധ സംസ്ഥാനത്തെ സംബന്ധിച്ചല്ലേ പറഞ്ഞത്. കേന്ദ്രത്തിന്റെ സ്ഥിതി പരിശോധിച്ചാൽ വളരെയേറെ സ്ഥിതിഗതികൾ നമുക്ക് എല്ലാപേർക്കും മനസ്സിലാക്കുവാൻ സാധിക്കും. അവരുടെ റവന്യൂ ഡെഫിസിറ്റിന്റെ സ്ഥിതി എന്താണ്? 2002-2003-ലെ കേന്ദ്ര ബഡ്ജറ്റിലെ റവന്യൂ ഡെഫിസിറ്റ് 1,04,712 കോടി രൂപയാണ്. നമ്മളോട് ഇത് പാസ്സാക്കിയെടുക്കണമെന്നും ഇതെല്ലാം 1.5 ശതമാനമാക്കണമെന്നും പറയുന്ന സാക്ഷാൽ കേന്ദ്രത്തിന്റെ സാമ്പത്തികാധിപൻ വച്ചിട്ടുള്ള ബഡ്ജറ്റിലെ റവന്യൂ ഡെഫിസിറ്റ് 1,04,712 കോടി രൂപയാണ്. എന്നിട്ടോ ആ റവന്യൂ റസീപ്റ്റിലെ കാര്യങ്ങൾ ബഡ്ജറ്റിൽ വിഭാവന ചെയ്തത് പോലും പറയുന്നില്ല. കാരണമെന്താണ്? റവന്യൂ റസീപ്റ്റ് കുറഞ്ഞുപോയി. ഡിസ് ഇൻവെസ്റ്റുമെന്റ് വേണ്ടത്ര ആയില്ല. എന്നിട്ട് അഞ്ച് ശതമാനത്തിലേറെ കുറഞ്ഞു വന്നു. കസ്റ്റംസ് ഡ്യൂട്ടി മാത്രമേ മര്യാദയ്ക്ക് പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുള്ളൂ. പറഞ്ഞതിനേക്കാൾ കൂടുതലും കുറഞ്ഞുപോയി. കാർഷികോത്പാദനം മൂന്ന് ശതമാനമായിട്ട് കുറഞ്ഞു. വരൾച്ച വരുമെന്നല്ലാതെ വന്നു. അതുകൊണ്ട് ഞങ്ങൾ ഇത്രയും വലിയ കുഴപ്പത്തിൽ അകപ്പെട്ടിരിക്കുകയാണ് എന്നാണ്. ആ കുഴപ്പമാണ് ഇവിടെ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയുന്നത് പാസ്സാക്കിയെടുത്തുകൊള്ളണമെന്ന്. കർണാടകയിൽ പറഞ്ഞു മറ്റ് സംസ്ഥാനങ്ങളിൽ പറഞ്ഞു. നിങ്ങൾ പാസ്സാക്കിയെടുക്കണം, റവന്യൂ കമ്മി കുറയ്ക്കണമെന്ന്. എങ്ങനെ സാധിക്കും? പാർലമെന്റിൽ ഇപ്പോൾ പാസ്സാക്കിയിട്ടുള്ള ഈ റിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് പ്രകാരം ഈ കഴിഞ്ഞ മൂന്ന് മാസത്തെ ബഡ്ജറ്റ് പെർഫോമൻസ് സംബന്ധിച്ച് ഇപ്പോൾ ഒരു റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത് എന്താണെന്ന് അറിയാമോ? പ്രതീക്ഷ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെപ്പോലുള്ളവരുടെ പ്രതീക്ഷ, നല്ല മഴ കിട്ടിയതുകൊണ്ട് ഈ പ്രാവശ്യം വിളവ് നന്നാകും. അതുകൊണ്ട് അഗ്രികൾച്ചർ പ്രൊഡക്ഷൻ നന്നായാൽ ചിലപ്പോൾ നികുതി വർദ്ധിക്കും. പക്ഷേ സത്യം സത്യമായി നിൽക്കുന്നു. ഇത് ഏറ്റവും ഒടുവിലത്തേതാണ്. കസ്റ്റംസ് ഡ്യൂട്ടി അല്ലാതെ മര്യാദയ്ക്ക് ഒരു നികുതി പോലും പിരിച്ചെടുക്കുവാൻ സാധിച്ചില്ല. വലിയതോതിൽ ഡെഫിസിറ്റിനെ ബാധിക്കുകയാണ്. കേരളത്തിൽ നിങ്ങൾ ഒരു തരത്തിലും റവന്യൂ കമ്മി ഉണ്ടാക്കുകയില്ല. എന്നൊക്കെ പറഞ്ഞു. ഇവിടെ വരൾച്ച ഉണ്ടാകുന്നില്ലേ? വെള്ളപ്പൊക്കം ഉണ്ടാകുന്നില്ലേ? സപ്ലിമെന്ററി ബഡ്ജറ്റ് പാടില്ല. പുതിയ ഒന്നും പാടില്ല. എല്ലാം കൊല്ലത്തിന്റെ ആദ്യം തന്നെ പാസ്സാക്കിയെടുക്കണം. നല്ലകാര്യം. ആർക്കും തത്വത്തിൽ യോജിക്കുവാൻ സാധിക്കും. പക്ഷേ ഇതൊക്കെ ഇവിടെ വരില്ലേ? എ. ഡി. ബി. തന്നെ ഇവിടെ നിർദ്ദേശം തന്നിട്ടുണ്ട്. തെറ്റോ ശരിയോ എന്തോ ആകട്ടെ. നമ്മുടെ മീഡിയം ടേം ഫിസ്ക്കൽ റിഫോംസ് വന്നതിനുശേഷം ഡെഫിസിറ്റ് 2002-2003-ൽ (മൈനസ്) -2.06 ശതമാനത്തിൽ കൊണ്ടു വരണം. 2003-2004-ൽ 1.11 ശതമാനത്തിൽ കൊണ്ടുവരണം. 2004-2005-ൽ 0.37 ശതമാനത്തിൽ കൊണ്ടുവരണമെന്നാണ്. 2004-2005-ന് ഇനി കഷ്ടിച്ച് ഒരു കൊല്ലവും ചില്വറ മാസവുമല്ലേയുള്ളൂ. ധനകാര്യ വകുപ്പുമന്ത്രിയെ വേദനിപ്പിക്കുവാനല്ല പറയുന്നത്. അങ്ങ് വല്ലാതെ ദിവാസ്വപ്നം കാണരുത്. ഒരിക്കലും സാധിക്കാത്ത കാര്യമാണ്. അങ്ങനെയുള്ള സാമ്പത്തിക സ്ഥിതി, അങ്ങനെയുള്ള സെൻട്രൽ സ്റ്റേറ്റ് റസവ്യൂഷൻ, ഇതൊക്കെ കൊണ്ടുവന്ന് ഇവിടെ ഇതല്ലാതെ മറ്റ് തരത്തിലുള്ള വ്യാമോഹത്തിന് നമ്മൾ അടിപ്പെടേണ്ട ഒരു ആവശ്യവുമില്ല എന്നുള്ളത് നമ്മൾ ആലോചിക്കണം. ഇപ്പോഴത്തെ കടം, 2000-2001-ൽ 23,919 കോടി രൂപ ഞങ്ങൾ തുലച്ചുവെന്നല്ലേ പറഞ്ഞത്. നിങ്ങൾ വൈറ്റ് പേപ്പറിലും ബഡ്ജറ്റിലും പറഞ്ഞില്ലേ ഞങ്ങൾ മദിച്ചുല്ലസിച്ച് ചെലവാക്കിയെന്ന്. നിങ്ങളോ? 2003 ഏപ്രിൽ മാസം 30-ാം തീയതിയിൽ 31,057 കോടി രൂപയാക്കി. എത്ര വർദ്ധിച്ചു? 7,138 കോടി രൂപ. ഇതിൽ നിന്നും ബോറോയിംഗ്, നാഷണൽ സേവിംഗ്സ് എന്നും എ. ഡി. ബി. എന്നും, നബാർഡ് എന്നും എൽ. ഐ. സി. എന്നും എൻ. സി. ഡി. സി. എന്നും ഇതിനു പുറമേ മാർക്കറ്റ് ബോറോയിംഗ്സും നിങ്ങൾ കൊടുത്തു. ആരാണ് മദിച്ചുല്ലസിച്ചത്? രണ്ടുകൊല്ലംകൊണ്ടാണ് നിങ്ങൾ ഇത്രയേറെ കടം ഉണ്ടാക്കിയത്. ഞങ്ങളോ? ഇത് കാണേണ്ട കാര്യമാണ്. അതുകൊണ്ട് ഇതു സംബന്ധിച്ച് കൂടുതൽ പറയുവാൻ ആഗ്രഹിക്കുന്നില്ല. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഉചിതമായ ഒരു കാര്യമുണ്ട്. ഈ ഘട്ടത്തിലായാലും അപ്രായോഗികമായി, ഇൻഡ്യയിൽ ഒരു സ്റ്റേറ്റിൽമാത്രം പാസ്സാക്കിയിട്ടുള്ളത്, മറ്റ് മൂന്നു സ്റ്റേറ്റിൽ പാസ്സാക്കുമെന്ന പ്രോമിസ് അങ്ങനെ തന്നെ കിടക്കുന്നത്, ഇതിലെ തലതൊട്ടപ്പനായിട്ടുള്ള, യജമാനനായിട്ടുള്ള കേന്ദ്രം, നമുക്ക് എല്ലാ തരത്തിലും ഈ കാര്യങ്ങൾ ചെയ്തു തീർക്കണമെന്ന് ഡിക്റ്റേറ്റു ചെയ്യുന്ന കേന്ദ്രം വലിയ തോതിൽ റവന്യൂ ഡെഫിസിറ്റിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്. എന്നിട്ട് നമ്മളോട് ഇത് ചുരുക്കുവാൻ പറയുന്നത് പറ്റില്ല എന്ന് ധൈര്യമായി പറഞ്ഞ് ഈ ബിൽ പിൻവലിക്കണമെന്നുതന്നെ പറഞ്ഞുകൊണ്ട് ഞാൻ ഡിസന്റ് അവതരിപ്പിക്കുകയാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, ധനസംബന്ധമായ നിരുത്തരവാദിത്വം മുഖമുദ്രയാക്കി മാറ്റിയ ഈ ഗവൺമെന്റ് ധനത്തെ സംബന്ധിച്ച ഉത്തരവാദിത്വ ബില്ലുമായി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണ്. ഈ ബിൽ അംഗീകരിച്ചുകൊടുക്കണമെന്നുള്ള അഭ്യർത്ഥനയാണ് സഭയ്ക്കു മുമ്പാകെയുള്ളത്. ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ഇത് സഭയുടെ മുന്നിൽ വച്ചിരിക്കുന്നത്. പക്ഷെ ഈ ബിൽ പാസ്സാക്കിക്കൊടുക്കാൻ നിവൃത്തിയില്ല. ഈ ബില്ലിന് ഡിസന്റ് രേഖപ്പെടുത്തിയതും അതുകൊണ്ടുതന്നെയാണ്. വളരെ കാര്യമായിട്ട് അദ്ദേഹം ഇത് അംഗീകരിക്കണമെന്നു പറഞ്ഞെങ്കിൽപ്പോലും ഞാൻ ആദരപൂർവ്വം പറയുകയാണ്. ഞാൻ അങ്ങയിൽ കാണുന്നത് ഒരു സ്വപ്നാടകനെയാണ്. സ്വപ്നത്തിൽ ജീവിക്കുന്ന ഒരാളെയാണ്. ആ സ്വപ്നത്തിലാണ് അദ്ദേഹം പറയുന്നത്. ഈ ബില്ലിന്റെ നാലാം ക്ലോസ്സിലെ മൂന്നാം ഉപവകുപ്പിൽ പറയുന്നു. 2003 ഏപ്രിൽ 1-ന് ആരംഭിച്ച് 2007 മാർച്ച് 31-ന് അവസാനിക്കുന്ന 4 വർഷക്കാലയളവിൽ സർക്കാർ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന്. പിന്നീട് പറയുന്നു, 2003 ഏപ്രിൽ 1-ന് ആരംഭിച്ച് 2007 മാർച്ച് 31 ആകുമ്പോഴേക്കും ധനസംബന്ധമായ കമ്മി 1.5% ആയി പുരുക്കുമെന്ന്. എന്തൊരു നല്ല സ്വപ്നമാണിത്! മഹർപ്പോടിക്കാരൻ കണ്ട സ്വപ്നം പോലും ഇത്രയും വരില്ല. ഈ ഗവൺമെന്റിന്റെ കിനാവുകളൊന്നും യാഥാർത്ഥ്യമാകാൻ പോകുന്നില്ല. അതിനുള്ള യാതൊരു പദ്ധതിയും ഗവൺമെന്റിനില്ല. നടപടികളെല്ലാം പോകുന്നത് എതിരായ ദിശയിലൂടെയാണ്. ഈ ഗവൺമെന്റിന്റെ രാഷ്ട്രീയവും ധനപരവുമായ മുഴുവൻ നടപടികളും ധനസംബന്ധമായിട്ടുള്ള ധാരാളിത്തത്തിന്റെ ദിശയിലേക്ക് പോകുമ്പോൾ നിരുത്തരവാദിത്വം മാത്രം ഈ ഗവൺമെന്റിന്റെ കൈമുതലായിട്ട് കൊണ്ടാടിക്കൊണ്ടിരിക്കുമ്പോൾ ഈ ബിൽ സമ്പൂർണ്ണമായും പരാജയപ്പെടുമെന്ന് ഉറപ്പിക്കാമെന്നാണ് എനിക്ക് ആദ്യമേ പറയാനുള്ളത്. റവന്യൂ കമ്മിയുടെ കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 1998 കോടി രൂപ റവന്യൂ കമ്മിയുണ്ടാകുമെന്ന് പറഞ്ഞ ഒരു ബഡ്ജറ്റ് എസ്റ്റിമേറ്റ് നമുക്ക് ഓർമ്മയുണ്ട്. പക്ഷെ നാം കണ്ടത് 4117 കോടി രൂപയുടെ റവന്യൂ കമ്മിയെപ്പറ്റിയുള്ള വെളിപ്പെടുത്തലുകളാണ്. വർദ്ധനവ് 111 കോടി രൂപയാണ്. ഇതാണ് ഈ ഗവൺമെന്റിന്റെ സ്വപ്നവും സത്യവും തമ്മിലുള്ള അന്തരം. സ്വപ്നം വളരെ ഗംഭീരം. സത്യം ഇത്രയും കഠോരം. ഇതിനു മുമ്പിൽ നമ്മൾ ഏതു ബിൽ കൊണ്ടാണ് ഇവിടെ മറയുണ്ടാക്കാൻ പോകുന്നത്. ഈ ബില്ലുകളൊന്നും ധനകാര്യ മാനേജ്മെന്റിനെ, യു. ഡി. എഫ്. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയേയും പിടിപ്പുകേടിനേയും മറച്ചുവയ്ക്കാനുതകാത്ത ഒരു പാഴ്മരം മാത്രമാണ് എന്നു പറയാൻ ദയവായി എന്നെ അനുവദിക്കണം. ധനസംബന്ധമായ കമ്മിയാണെങ്കിൽ 4900 കോടി രൂപയാണെന്ന് നമുക്കെല്ലാം അറിയാം. ഇതാണ് സ്ഥിതി. എ. ഡി. ബി. -യുടെ 601 കോടി രൂപ വായ്പ വാങ്ങിച്ചിരിക്കേ, സെയിൽസ് ടാക്സ് ഇനത്തിൽ 1000 കോടി രൂപയുടെ നേട്ടമുണ്ടാക്കിയിരിക്കേ, അടിസ്ഥാന വികസന ഫണ്ടിലൂടെ 506 കോടി രൂപ വർദ്ധനവുണ്ടാക്കിയിരിക്കേ നാഷണൽ സേവിംഗ്സ് ഫണ്ടിലൂടെ 600 കോടി രൂപ കിട്ടിയിരിക്കേ, ആ വകകളിലൂടെ 2700 കോടി രൂപ കൈവശം വന്ന ഗവൺമെന്റ് 4117 കോടി രൂപയുടെ കമ്മിയെപ്പറ്റിയാണ് കരയുന്നത്. ആ റവന്യൂ കമ്മിയെച്ചൊല്ലി ഈ സംസ്ഥാനത്തോട് ഉത്തരം പറയേണ്ട സ്ഥിതിയിൽ നിൽക്കുമ്പോൾ ഈ ഗവൺമെന്റ് ധനസംബന്ധമായ മാനേജ്മെന്റിൽ ഉത്തരവാദിത്വം കാണിക്കുമെന്നു പറഞ്ഞാൽ ഞങ്ങൾക്കറിയാൻ ആകാംക്ഷയുണ്ട്. ഈ ഗവൺമെന്റിന് ആ ഉത്തരവാദിത്വം കാണിക്കാൻ കഴിയുമോ? ഈ ബിൽ അതിനുതകുമോ? ഈ ബിൽ ഉതകുന്നില്ല. ഇത് മുൻ കൽപ്പനപ്രകാരം തയ്യാറാക്കപ്പെട്ട ബില്ലാണ്. പാർലമെന്റിൽ ഇതിന് സമാനസ്വഭാവമുള്ള ഒരു ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയ്ക്ക് വന്നു. ആ ബില്ലിന്റെ പേര് Fiscal Responsibility and Budget Management Bill എന്നായിരുന്നു. ആ ബിൽ നിയമമായിക്കഴിഞ്ഞു. പക്ഷെ ആ ബില്ലിന്റെ ചർച്ചാവേളയിൽ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി എടുത്ത നിലപാടിനെ റ്റിറ്റി സഭ അറിയണം. രാജ്യസഭയിലെ 15 എം. പി. -മാരും ലോക്സഭയിലെ 28 എം. പി.-മാരും സജീവമായി പങ്കെടുത്ത ആ സ്റ്റാൻഡിംഗ് കമ്മിറ്റി ഡിബേറ്റ്സിന്റെ രേഖകൾ വായിക്കുമ്പോൾ നമുക്ക് ഈ ബില്ലിന്റെ പൊള്ളത്തരം മനസ്സിലാകും. ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പരിണിതപ്രജ്ഞരായ പാർലമെന്റ് മെമ്പർമാർ പറഞ്ഞു, ഈ ബില്ലിന്റെ ആശയത്തോട് അതുപോലെ ഞങ്ങൾക്ക് യോജിക്കാനാകുകയില്ലെന്ന്. അവർ എണ്ണിയെണ്ണി കാര്യങ്ങൾ പറഞ്ഞു. സംഖ്യാപരമായ പരിധികളെപ്പറ്റിയുള്ള, പാർലമെന്റ് മുമ്പാകെ ഇതിനോട് സാദൃശ്യമുള്ള ആ ബില്ലിലെ പല പരികൽപ്പനകളോട് യോജിക്കാൻ പാർലമെന്റിന് കഴിയില്ലായെന്നാണ് അവർ പറഞ്ഞത്. റിപോർട്സ് നടപ്പിലാക്കാൻ വേണ്ടിയുള്ള .....

ശ്രീ. എ. കെ. ബാലൻ: സർ, 2002 നവംബർ മാസം 14-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി, കേന്ദ്ര ധനകാര്യ മന്ത്രി മുഖേന എ. ഡി. ബി. പ്രസിഡന്റിന് ഒരു കത്തയച്ചു. ഈ രൂപത്തിൽ ഞാൻ ബിൽ ഇറിടെ കൊണ്ടുവരുന്നുണ്ട് എന്നാണ്. എത്രമാത്രം എ. ഡി. ബി.-ക്ക് വിധേയമായിട്ടാണ് ഈ ബിൽ ഇറിടെ കൊണ്ടുവന്നത് എന്നുള്ളതിന്റെ സൂചനയാണിത് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: എന്റെ സുഹൃത്ത് പറഞ്ഞ വിഷയത്തിലേക്ക് ഞാൻ വരുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, 1999-ൽ സ്റ്റേറ്റ് ഫിനാൻസ് സെക്രട്ടറിമാരുടേയും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പ്രതിനിധ്യത്തോടെയുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ആ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വിമിറ്റ് വിക്സ് ചെയ്യുന്നതുൾപ്പെടെയുള്ള റെക്കമെന്റേഷൻസുണ്ട് എന്നുള്ളത് അങ്ങേക്ക് അറിയാമോ?

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട രാജൻ ബാബു ബ്യൂറോക്രാറ്റ്സിനെ സംബന്ധിച്ച് പറഞ്ഞതും ശ്രീ. എ. കെ. ബാലൻ ആ കത്തിലുള്ളതും വച്ച് പറഞ്ഞത് ഒരേ കാര്യമാണ്. അതെന്താണെന്നു വച്ചാൽ Structural Adjustment Programme ആണ്. SAP എന്നു വിളിക്കപ്പെടുന്ന ആ പ്രോഗ്രാമിന്റെ പ്രണേതാക്കൾ ഇവരാരുമല്ല. ഉദ്യോഗസ്ഥൻമാരുമല്ല. കത്തെഴുതിയ മന്ത്രിയുമല്ല. കത്തെഴുതിയ കേന്ദ്രമന്ത്രിയുമല്ല. പ്രണേതാക്കൾ വായ്പ കൊടുക്കാനായി പണസഞ്ചി തുറന്നുവച്ചിരിക്കുന്ന വായ്പാദാതാക്കളാണ്. അവർ പറഞ്ഞത്, ഞങ്ങൾ നിങ്ങൾക്ക് വായ്പ തരുമ്പോൾ ആ വായ്പ നിങ്ങൾ കൈനീട്ടി വാങ്ങിക്കുമ്പോൾ ഞങ്ങൾ ആ വായ്പയുടെ നിബന്ധനകളായിട്ട് ഇന്നയിന്ന കാര്യങ്ങൾ പറയുന്നു. ആ പാക്കേജിന്റെ പൊതുവിലുള്ള പേരാണ് SAP അഥവാ Structural Adjustment Programme എന്നത്. അതിനകത്ത് അവർ പറയുന്നു, വിസ്കൽ റിഫോംസ് വേണം. ആ വിസ്കൽ റിഫോംസിന്റെ ഉള്ളടക്കം ഇതായിരിക്കണം. അതിന്റെ പൊതുവായ ദിശ ഇങ്ങനെ വേണം. അങ്ങനെ പറഞ്ഞുകൊണ്ട് കേരളമടക്കമുള്ള സ്റ്റേറ്റുകളോടുള്ള നിങ്ങളുടെ ധനകാര്യ മാനേജ്മെന്റിന്റെ വഴികൾ ഞങ്ങൾ തീരുമാനിക്കാമെന്ന് പറയുന്ന ആ കൽപ്പനകൾക്ക് വഴങ്ങാൻ വേണ്ടി മാത്രമാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ അവതരിപ്പിക്കുന്നതെന്നു പറഞ്ഞാൽ സമ്പൂർണ്ണമായി ശരിയായിരിക്കും. പ്രൈവറ്റ് പാർലമെന്റിലെ ചർച്ചാവേളയിൽ സ്റ്റാന്റിംഗ് കമ്മിറ്റി ഒന്നടങ്കം പറഞ്ഞു, ഞങ്ങൾക്ക് ഈ കൽപ്പനയ്ക്കു മുമ്പിൽ yes എന്നു പറയാനാകുകയില്ല. ഞങ്ങൾക്ക് സ്വന്തം പാർലമെന്റിന്റേയും ജനങ്ങളുടേയും പരമാധികാരം കെട്ടിപ്പടുക്കേണ്ട ബാദ്ധ്യതയുണ്ട്. അതുകൊണ്ട് അവർ പറഞ്ഞു, സംഖ്യാപരമായ പരിധികളെപ്പറ്റിയുള്ള ഈ കൽപ്പനകൾ ഞങ്ങൾക്ക് അസ്വീകാര്യമാണ്. റിപ്പോംസിനുവേണ്ടി നിശ്ചയിക്കപ്പെട്ട ടൈംടേബിൾ, ആ ടൈംടേബിൾ ഇൻഡ്യൻ പാർലമെന്റിന് സ്വീകരിക്കാൻ മനസ്സില്ല. ആർ. ബി. ഐ.- യിൽ നിന്നും കടമെടുക്കാനുള്ള കേന്ദ്രത്തിന്റേയോ, സ്റ്റേറ്റുകളുടേയോ അവകാശത്തെ ഈ ബിൽ പരിമിതപ്പെടുത്തും. അതുകൊണ്ട് ആ വ്യവസ്ഥ സ്വീകരിക്കാനാകുകയില്ല. അതോടൊപ്പം ബഡ്ജറ്റിനും ചെലവുകൾക്കുമുള്ള മുൻകൂർ പരിധി വേണമെന്ന ഈ SAP കൽപ്പനകളോട് വഴങ്ങാനാകുകയില്ല. അതെല്ലാം അസംബ്ലിയാകട്ടെ, പാർലമെന്റാകട്ടെ, ജനങ്ങൾ തെരഞ്ഞെടുത്ത ജനകീയാധികാര സഭയുടെ പരമാധികാരത്തെ നോദ്യം ചെയ്യുന്നു എന്നും അതുകൊണ്ട് അത് അസ്വീകാര്യമാണെന്നുമാണ്. ആ ഡിബേറ്റ്സിൽ എല്ലാ പാർട്ടികളിലുംപെട്ട പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയിലെ മെമ്പർമാർ മിക്കവാറും ഒരുപോലെ പറഞ്ഞത്, ഒരു സഭയുടെ പ്രത്യേക അധികാരമാണ് ബഡ്ജറ്റ് പ്രോസസ്. ആ ബഡ്ജറ്റ് പ്രോസസിൽ ഈ രൂപത്തിൽ ഇടപെട്ടുകൊണ്ട് കാര്യങ്ങൾ ഇങ്ങനെ നോക്കണമെന്നു പറയുന്ന നിർദ്ദേശങ്ങൾ ജനാധിപത്യത്തിന്റെ മാനദണ്ഡങ്ങൾക്കും സഭയുടെ പരമാധികാര മൂല്യങ്ങൾക്കും വിരുദ്ധമാകയാൽ ഞങ്ങൾക്ക് അത് സ്വീകരിക്കാൻ പറ്റില്ലാ എന്നാണ്. കക്ഷി രാഷ്ട്രീയത്തിന്റെ ഇടുങ്ങിയ സമീപനം മാറ്റിവെച്ചുകൊണ്ട് ഈ സഭയിൽ നമുക്ക് ആ വാദഗതിയുടെ യുക്തിയെപ്പറ്റി ചിന്തിക്കേണ്ട ബാദ്ധ്യതയുണ്ട്. നമുക്ക് ചിന്തിക്കാൻ കഴിയണം. അവർ പറഞ്ഞു, ഇതുപോലെ കാര്യങ്ങൾ നോയാൽ എല്ലാ ഘട്ടങ്ങളിലും തർക്കങ്ങൾ ഉണ്ടാകും. ആ തർക്കങ്ങൾ കോടതിയിലേക്ക് പോകും. ആ തർക്കങ്ങളുടെ ഫലമായിട്ട് ജുഡീഷ്യൽ പ്രോസസിൽപെട്ട് ധനകാര്യനടത്തിപ്പിന്റെ എല്ലാ പ്രശ്നങ്ങളും കുടുങ്ങികിടക്കും. അതിനാൽ അവിടെ നിന്ന് നിർദ്ദേശിക്കപ്പെട്ട, നമ്മുടെ നന്മക്കായിൽ ഒരുപാട് മാറ്റം വരുത്തിയാണ് പാർലമെന്റിൽ ഈ നിയമം പാസ്സാക്കിയതെന്ന് കാര്യം ഉൾക്കൊണ്ടുകൊണ്ട് നമുക്ക് നമ്മുടെ സ്റ്റേറ്റിന്റേയും നമ്മുടെ ജനങ്ങളുടേയും നമ്മുടെ വികസനത്തിന്റേയും ആവശ്യങ്ങൾക്ക് ഒന്നാം സ്ഥാനം കൊടുത്തുകൊണ്ട് ഈ ബില്ലിന്റെ ഉള്ളടക്കത്തിലും സ്വഭാവത്തിലും മൗലീകമായ മാറ്റം വരുത്താൻ കഴിയും. അതായിരിക്കും കേരളത്തോടും കേരളത്തിലെ ജനതയോടും കാണിക്കുന്ന ഏറ്റവുമധികം ഉത്തരവാദിത്വമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇതിൽ മാറ്റം വരുത്തണമെന്നാണല്ലോ പറയുന്നത്. ഡിസംബർ 16-ാം തീയതി നമ്മുടെ ചീഫ് സെക്രട്ടറിയും എ. ഡി. ബി. യുമായി ഒപ്പുവച്ച കരാറിലെ വ്യവസ്ഥകളുടേയും, അതിനുശേഷം നമ്മുടെ

12.00 NOON] ഗവൺമെന്റും കേന്ദ്ര ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഒപ്പുവച്ച കരാറിന്റേയും അടിസ്ഥാനത്തിൽ ഒന്നാം ഗഡു സംഖ്യ നമ്മൾ വാങ്ങിക്കഴിഞ്ഞു. രണ്ടാം ഗഡു സംഖ്യ കിട്ടാൻ അതിൽ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ വച്ചിരിക്കുന്നത്, ഈ ബില്ലും നാളെ പാസ്സാകാൻ പോകുന്ന ഗ്യാരന്റിയുടെ പരിധി നിശ്ചയിക്കുന്ന ബില്ലുമായ സാഹചര്യത്തിൽ എങ്ങനെ ഫിനാൻസ് മിനിസ്റ്റർക്ക് ഇത് പിൻവലിച്ച് ഇവിടെ വരെ കൊണ്ടുവരാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: ഇത് പിൻവലിക്കാൻ അദ്ദേഹം തയ്യാറാകുമെന്ന് എനിക്ക് പ്രതീക്ഷിക്കാൻ കഴിയുന്നില്ല, പക്ഷെ എനിക്ക് ആഗ്രഹിക്കാം. ഈ കേരളത്തിന്റേയും ജനങ്ങളുടേയും താൽപ്പര്യത്തിന് ഒന്നാം സ്ഥാനം കൊടുത്തുകൊണ്ട് ഈ ബിൽ പിൻവലിച്ചിരുന്നുവെങ്കിൽ എന്ന് എനിക്ക് ആഗ്രഹിച്ചു കൂടേ? ആ ആഗ്രഹം ഞാനിവിടെ യാതൊരു മറയും കൂടാതെ അവതരിപ്പിച്ചു എന്നുമാത്രമേയുള്ളൂ. "മുന്നേ ഗമിക്കുന്ന ഗോവു തന്റെ, പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം" എന്നാണ് പറയുന്നത്. മുന്നേ ഗമിക്കുന്ന കേന്ദ്രത്തിന്റെ പിന്നേ ഗമിക്കുന്ന ഈ സംസ്ഥാന ഗവൺമെന്റിന്റെ ബിൽ, ദയവായി കേന്ദ്രത്തിൽ വരുത്തിയ സമീപനങ്ങളിലെ ആ മാറ്റങ്ങളുടെ പാഠം ഉൾക്കൊള്ളാൻ ശ്രമിക്കുമോ എന്ന് എനിക്ക് അറിയാൻ ആകാംക്ഷയുണ്ട്. ഡൽഹിയിൽ നിന്നും വന്ന ഈ സന്ദേശത്തിന്റെ അർത്ഥം ഉൾക്കൊള്ളാൻ കേരള ഗവൺമെന്റും കേരള അസംബ്ലിയും തയ്യാറായാൽ സന്തോഷമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച clause 4-ൽ രണ്ടാം ഉപവകുപ്പിൽ റവന്യൂ കമ്മി ഇല്ലാതാകുമെന്ന് പറഞ്ഞു. ഞാനത് സമയക്കുറവുകൊണ്ട് വായിക്കുന്നില്ല. ഒരു നാടൻ ചൊല്ലുണ്ട്. നാടൻ ചൊല്ലുകളുടെ ഉസ്താദായിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം, തുടവറ്റും പുഴ വറ്റിയും പോയാൽ കടി പറ്റിയതുതന്നെ. ഒരു നായ പുഴയ്ക്ക് അക്കരെ നിൽക്കുന്നു. അത് വന്ന് കടിക്കണമെന്നുണ്ടെങ്കിൽ രണ്ട് കാര്യമുണ്ട്. ഒന്ന് ഇടയിലുള്ള പുഴയിലെ വെള്ളം മുഴുവൻ വറ്റണം, രണ്ട് ആ നായയെ കെട്ടിയിരിക്കുന്ന തുടൽ അറ്റുപോകണം. അങ്ങനെയാണെങ്കിൽ ഈ കടി പറ്റിയത് തന്നെ. 2007 മാർച്ച് 31 ആകുമ്പോൾ റവന്യൂ കമ്മി പൂജ്യമാക്കി മാറ്റുമെന്ന് പറയുന്നത് സത്യമാകണമെങ്കിൽ ആദ്യം ആ പുഴ വറ്റണം, പിന്നെ തുടൽ അറ്റുപോകണം. ബഹുമാനപ്പെട്ട മന്ത്രി, ആ പുഴ വറ്റാൻ പോകുന്നില്ല. ആ തുടൽ അറ്റുപോകാൻ പോകുന്നില്ല. അതുകൊണ്ട് നിങ്ങൾ ഈ പറയുന്ന കടി പറ്റിയതാകാനും പോകുന്നില്ല. അതുകൊണ്ട് ആളുകളെ കളിപ്പിക്കാൻ വേണ്ടി കൊണ്ടുവരുന്ന ഇത്തരം വാദങ്ങളുമായി വരുന്ന ഈ ബിൽ എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. clause-3-ൽ ധനസംബന്ധമായ പോളിസി സ്റ്റേറ്റ്മെന്റിനെപ്പറ്റി പറയുന്നു. ധനസംബന്ധമായ നയ പ്രസ്താവനകളെന്നു പറഞ്ഞാൽ well, ok, ഈ ഗവൺമെന്റിന്റെ ധനസംബന്ധമായ പോളിസി എന്താണ്? ധനസംബന്ധമായ പോളിസിയെപ്പറ്റിയുള്ള വർത്തമാനം വളരെ കേൾക്കുന്നുണ്ട്. പക്ഷെ ഈ ഗവൺമെന്റ് ഇരുട്ടിലാണ്. ധനസംബന്ധമായ പോളിസിയെപ്പറ്റിയുള്ള എല്ലാ ചർച്ചകളിലും ഇരുട്ടിലേക്കുമാത്രം കുപ്പുകുത്തി വീഴുന്ന ഒരു ഗവൺമെന്റ് ഈ ബില്ലിനകത്ത് clause 3-ൽ ധനസംബന്ധമായ പോളിസി സ്റ്റേറ്റുമെന്റിനെപ്പറ്റി ഒരു അവകാശവാദം മുഴക്കിയാൽ ആ അവകാശവാദം വെള്ളത്തിൽ വരച്ച വരപോലെ ഫലശൂന്യമായിപ്പോകും. സംസ്ഥാനത്തിന്റെ ധനസംബന്ധമായ പ്രവർത്തികളിലും ഉത്തരവാദിത്വ ബോധത്തിലും ബ്യൂറോക്രസിയുടെ നിയന്ത്രണത്തിലും പോളിറ്റിക്കൽ മാസ്റ്റേഴ്സിന്റെ ശൈലികളിലും ഗുണപരമായ മാറ്റം വരുത്താൻ ഈ clause 3 കൊണ്ട് സാധിക്കുമെന്ന് ചിന്തിക്കണമെങ്കിൽ അയാൾ അസാമാന്യ സ്വപ്ന ജീവിയായിരിക്കണം. യാഥാർത്ഥ്യ ബോധത്തിന്റെ ഒരു കഴഞ്ചെങ്കിലുമുണ്ടെങ്കിൽ അതിനു കഴിയുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. അങ്ങ് ഇവിടെ എപ്പോഴും പറയാറുണ്ട്. അങ്ങയുടെ ഭരണകാലത്തെ ഫിനാൻഷ്യൽ മാനേജുമെന്റിന്റെ ക്രഡിബിലിറ്റിയെപ്പറ്റി, എൽ. ഡി. എഫ്.-ലെ 14 മന്ത്രിമാർ ചെലവാക്കിയതിനേക്കാളും കുറവ് ചെലവാണ് അങ്ങയുടെ ഗവൺമെന്റിലെ 20 മന്ത്രിമാരുംകൂടി

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കിയതെന്ന് അങ്ങ് എപ്പോഴും പറയാറുണ്ട്. ഞാൻ അങ്ങയോട് വളരെ ആദരവോടുകൂടി ചോദിക്കട്ടെ, ബഡ്ജറ്റിന്റെ Grands for demands, volume I page No. 15 അതിൽ പറയുന്നു മന്ത്രിമാർക്കുള്ള ചെലവിനത്തിൽ 4.7 കോടി രൂപ. Then turn to page No. 19. അതിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ ചെലവ് 5.4 കോടി രൂപയാണെന്നു പറയുന്നു. രണ്ടുംകൂടി കൂട്ടി നോക്കിയാൽ 10.1 കോടി രൂപയാണ് അങ്ങയുടെ ഗവൺമെന്റിലെ മന്ത്രിമാരുടെ ചെലവ്. അങ്ങ് പറയുന്നത് നാലരക്കോടി രൂപയുടെ കണക്കാണ്. എനിക്ക് ഈ കണക്ക് മനസ്സിലാകുന്നില്ല. 10.1 കോടി രൂപ ചെലവാക്കിയെന്ന് അങ്ങയുടെ തന്നെ ഗവൺമെന്റ് അവതരിപ്പിച്ച സഭയിലെ രേഖകളിൽ പറഞ്ഞിരിക്കെ അങ്ങ് വീണ്ടും വീണ്ടും പറയുന്ന ഈ നാലര കോടി രൂപയുടെ കണക്കെന്താണ്? ഇടയ്ക്കുള്ള ഏകദേശം 6 കോടി രൂപ എവിടെ പോയി? ഇതാണോ ധനസംബന്ധമായ ഉത്തരവാദിത്വബോധം? ഇതാണോ Fiscal Responsibility? ഇതാണോ credibility? നിങ്ങൾ ഇങ്ങനെയാണോ ധനകാര്യ മാനേജ്മെന്റിന്റെ ഉദാത്ത മാതൃക . ചുണ്ടിക്കാണിക്കാൻ പോകുന്നത്? നാട്ടിലൊരു പഴഞ്ചൊല്ലുണ്ട്, കടലിൽ കൊണ്ടുപോയി തള്ളുമ്പോഴും അളന്ന് വേണം തള്ളാനെന്ന്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഇഷ്ടംപോലെ പഴഞ്ചൊല്ലായല്ലോ, ഈ സഭയിലെ പഴഞ്ചൊല്ല് വിദ്വാനായിട്ട് അങ്ങയെ എടുക്കാം.

ശ്രീ. ബിനോയ് വിശ്വം: എന്നെക്കൊണ്ട് പറ്റില്ല, അദ്ദേഹത്തിന്റെ ചെരുപ്പിന്റെ വാറഴിക്കാൻപോലും ഞാൻ യോഗ്യനല്ല, ധനകാര്യവകുപ്പുമന്ത്രിയാണ് പഴഞ്ചൊല്ലുകളുടെ എല്ലാം ഏറ്റവും വലിയ സൂക്ഷിപ്പുകാരൻ. എനിക്ക് അങ്ങ് തരുമെങ്കിൽ, രണ്ടാം സ്ഥാനംമതി, ഒന്നാം സ്ഥാനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കായിരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പിടിച്ചു നിൽക്കുന്നതു തന്നെ ഈ പഴഞ്ചൊല്ലുകൊണ്ടാണ്. അത് ഏതായാലും ശ്രീ. ബിനോയ് വിശ്വം തട്ടിയെടുക്കേണ്ട.

ശ്രീ. ബിനോയ് വിശ്വം: ധനസംബന്ധമായ ഉത്തരവാദിത്വത്തിന്റെ ഒരു ലവലേശമെങ്കിലുമുണ്ടെങ്കിൽ ഈ ഗവൺമെന്റ് ചെയ്യേണ്ടത് ഗവൺമെന്റിന്റെ ഭരണ നിർവ്വഹണത്തിലെ ചെലവുകൾ ചുരുക്കാനുള്ള നീക്കമായിരിക്കണം. അതിനുള്ള യാതൊരു നീക്കവുമില്ലെന്ന് ഞാൻ ഈ പറഞ്ഞവാക്കുകൾ ചുണ്ടിക്കാണിക്കുന്നുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, മുഖ്യമന്ത്രിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചപ്പോൾ കണക്കുകളുടെ വ്യത്യാസം രേഖകൾ വച്ച് ശ്രീ. ബിനോയ് വിശ്വം സംസാരിച്ചു. മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിന്റേയും ചെലവുകൾക്കായി 6 കോടി രൂപ വന്നിട്ടുള്ളതിലെ വ്യത്യാസമാണ് പറഞ്ഞത്, അത് തീർച്ചയായും പരിശോധിക്കണം. പക്ഷെ മറ്റൊരു വാക്കുകൂടി നമ്മുടെ വ്യവസായ വകുപ്പുമന്ത്രിയും മറ്റുമൊക്കെ ഇവിടെ എപ്പോഴും പറയാറുണ്ട്, സുതാര്യത, സമാനത, യോജിപ്പ് എന്ന് പറയുന്നുണ്ടല്ലോ. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഈ രണ്ടു നിയമനിർമ്മാണത്തിന്റേയും ഭാഗമായി, എല്ലാം സുതാര്യമാക്കുന്നതിന്റെ ഭാഗമായി സുതാര്യ എന്ന ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ശ്രീ. ബിനോയ് വിശ്വം ശ്രദ്ധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്, മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള എല്ലാ ആളുകളും നല്ല സുഹൃത്തുക്കളാണ്, നല്ലവണ്ണം സ്നേഹത്തോടെ പെരുമാറും. പക്ഷെ policy matters-ൽ സുതാര്യത അവിടെയില്ല, അത് അവരുടെ കുറ്റമല്ല, അങ്ങയുടേയും കുറ്റമല്ല. നിങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന നയങ്ങൾക്ക് സുതാര്യതയെപ്പറ്റിയുള്ള വർത്തമാനം മാത്രമേ പറയാൻ കഴിയുകയുള്ളൂ, സുതാര്യമല്ല. ഈ ബില്ലിലെ clause 5-ൽ പറയുന്നത് ധനയിടപാടുകളിലെ സുതാര്യതയെപ്പറ്റിയാണ് Budget secret document. അല്ലാ, ഇനിമേലിൽ എന്നൊക്കെ ഇതിൽ പറയുന്നുണ്ട്, പക്ഷെ അതിനകത്ത് ഒരു എന്നാലും ഉണ്ട്. There is a but, എന്നാൽ പൊതു ലജനാവിന്റെ താൽപ്പര്യാർത്ഥം രഹസ്യം സൂക്ഷിക്കാമെന്നു പറഞ്ഞാൽ സുതാര്യത വാക്കിൽ മാത്രമാണ്. പൊതുലജനാവിന്റെ താൽപ്പര്യാർത്ഥമാണെന്നു പറഞ്ഞുകൊണ്ട് നിങ്ങൾക്ക് എല്ലാം മൂടിവയ്ക്കാം, എല്ലാം രഹസ്യമാക്കി വയ്ക്കാം. രാജ്യം അറിയണ്ട, ജനങ്ങൾ അറിയണ്ട, സഭ അറിയണ്ട. മുഴുവൻ കാര്യങ്ങളും നിങ്ങൾക്ക് മറച്ചു വെയ്ക്കാൻ കഴിയും. ഒരു കാര്യം പറഞ്ഞാൽ മതി, അത് പൊതുലജനാവിന്റെ താൽപ്പര്യാർത്ഥമാണെന്നു പറഞ്ഞാൽ മതി. എന്നു പറഞ്ഞാൽ മൗലികപ്രാധാന്യമുള്ള ഹ്യൂമൻറിസോഴ്സ് മാനേജുമെന്റിന്റെ കാര്യങ്ങൾ വരുമ്പോൾ നാട്ടുകാരേ, നിങ്ങൾ അറിയരുത്, നിയമസഭാ മെമ്പർമാരേ നിങ്ങളും അറിയണ്ട, കാരണം അത് പൊതു ലജനാവിന്റെ താൽപ്പര്യമാണ്. ഇതാണ് സുതാര്യതയെപ്പറ്റിയുള്ള സത്യസന്ധത. എത്തൊരു ഭീകരമായ വൈരുദ്ധ്യമാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ഈ വൈരുദ്ധ്യം മുടിവയ്ക്കാൻ ഈ ബില്ലിന് കഴിയുമോ? ഒട്ടും കഴിയാൻ പോകുന്നില്ല, ഇതിനകത്ത് ക്ലാസ്സ് (6) പറയുന്നത് ചെലവുപരിധിയുടെ കുറയ്ക്കലിനെപ്പറ്റിയാണ്. ചെലവു പരിധി കുറയ്ക്കാൻ വേണ്ടിയുള്ള പൊതു ചെലവിന്റെ പുനഃപരിശോധനാ കമ്മിറ്റിയെപ്പറ്റിയും ഈ ക്ലാസ്സ് (6) പറയുന്നുണ്ട്. ഭരണച്ചെലവു കുറയ്ക്കണം, ചെലവിന്റെ പരിധി കുറയ്ക്കണം. അതിനുവേണ്ടി ഒരു കമ്മിറ്റി പ്രവർത്തിക്കണം. ആ കമ്മിറ്റി എങ്ങനെ ഇരിക്കണം. ആ കമ്മിറ്റിയുടെ രൂപീകരണത്തിനുവേണ്ടിയുള്ള ചുമതല, നിങ്ങൾ കൈമാറിയ ആൾക്കാരെ സംബന്ധിച്ചും പറയുന്നുണ്ട്. അതിനകത്തു സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ഒരു മാറ്റം നമ്മൾ വരുത്തിയിട്ടുണ്ട്. ആദ്യം അതിനകത്ത് എ. ജി. യെ ഒരു അംഗമാക്കി വയ്ക്കാൻ പോയി. ശരിക്കും പറഞ്ഞാൽ എത്ര ill drafted ആണ് ഈ ബിൽ. അത് ഓർത്താൽ മതി. ധനകാര്യ നടത്തിപ്പിന്റെ കുറവുകളും പാഴുതുകളും പുണ്ടിക്കാണിക്കാൻ നിയുക്തനാകേണ്ടുന്ന എ. ജി. യെ ഈ പൊതു പരിശോധനാ കമ്മിറ്റി മെമ്പർമാരെ നിർണ്ണയിക്കാൻ വേണ്ടിയുള്ള നാലംഗ കമ്മിറ്റിയുടെ ഒരംഗമാക്കാൻ തീരുമാനിക്കുക വഴി, ഒന്നും ചിന്തിക്കാതെ വായിൽ തോന്നിയതു കോതയ്ക്കു പാട്ട് എന്ന മട്ടിൽ കുറെ പേർ എഴുതിവയ്ക്കുന്ന ഒരു സമീപനം ഉണ്ടെന്നാണല്ലോ അത് വ്യക്തമാക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ എന്തായാലും അത് മാറ്റി. അത് മാറ്റാനുള്ള കാരണം, സി. എ. ജി. പറഞ്ഞു, ഇത്തരം കമ്മിറ്റിയിലേക്കൊന്നും ഞങ്ങളെ വിളിക്കരുത്, ഞങ്ങൾ അതിൽ പങ്കെടുക്കില്ല എന്ന്. അപ്പോൾ അതു മാറ്റി അതാണ് അതിനകത്തുണ്ടായത്. ഇതിനകത്ത് ചെലവിന്റെ പരിധിയെപ്പറ്റി പറയുമ്പോൾ, അതു ക്ലാസ്സ് (6) തന്നെയാണ്. ചെലവു കുറയ്ക്കണമെന്നുള്ളതു ശരി തന്നെയാണ്. പക്ഷെ ഇതിൽ എവിടെയാണ് കുറയ്ക്കാൻ പോകുന്നത്? പ്രത്യുൽപ്പാദന രംഗത്താണോ ധൂർത്തിന്റെ രംഗത്താണോ കുറവുണ്ടാകാൻ പോകുന്നത്? അത് ആലോചിക്കേണ്ട വിഷയമാണ്. അതു ഈ സഭയ്ക്കു അറിയാനുള്ള അവകാശമുണ്ട്. നിങ്ങൾ പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന കുറവുകൾ, പാവങ്ങൾക്കു വേണ്ടി നീക്കിവയ്ക്കുന്നതിലായിരിക്കും കുറവു വരുത്തുന്നത്. ജീവനക്കാരുടെ അവകാശങ്ങൾ കുറയ്ക്കാം, ആരോഗ്യ രംഗത്തേയ്ക്കുള്ള ചെലവുകൾ കുറയ്ക്കാം അങ്ങനെ പലതും. ആരോഗ്യ വകുപ്പുമന്ത്രി എപ്പോഴും ഇവിടെ പറയുന്നു, എനിക്ക് ഒരുപാട് സ്വപ്നങ്ങൾ ഉണ്ട്. അത് നടപ്പിലാക്കാൻ ധനകാര്യ വകുപ്പുമന്ത്രി പണം തന്നാൽ കൊള്ളാമായിരുന്നു എന്ന്. ഞാൻ പറയുന്നു അങ്ങ് എത്രയെല്ലാം ദയനീയമായി കേണപേക്ഷിച്ചാലും ആരോഗ്യരംഗത്തു പൊതു സേവനത്തിനുവേണ്ടി ഒരു പണവും വരാൻ പോകുന്നില്ല. ധനകാര്യ വകുപ്പ് മന്ത്രി മോശമായതു കൊണ്ടല്ല, അദ്ദേഹം ഹൃദയാലുവാണ്. പക്ഷെ അദ്ദേഹത്തിന്റെ നയങ്ങൾ മോശമാണ്. നയങ്ങൾ പറയുന്നു, അത്തരം പബ്ലിക് സ്പെന്റിംഗ് ഒന്നും പാടില്ലാ എന്ന്. നിങ്ങൾ ചെലവു കുറയ്ക്കുമ്പോൾ എവിടെയെല്ലാം കുറയ്ക്കും? ആരോഗ്യ മേഖലയിൽ കുറയ്ക്കും, വിദ്യാഭ്യാസ മേഖലയിൽ കുറയ്ക്കും ഗതാഗത മേഖലയിൽ കുറയ്ക്കും, പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ പാവപ്പെട്ട മനുഷ്യർക്കു ഓണക്കാലത്തു ആയിരം രൂപ കൊടുക്കുന്ന ഒരു ഏർപ്പാടുണ്ടല്ലോ. ഓണം വരാൻ പോകുകയാണ്. ഈ ഓണക്കാലത്ത് പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിവാളികൾക്ക് ഓണം ഉണ്ണാൻവേണ്ടി രണ്ടായിരം രൂപയെങ്കിലും കൊടുക്കണം. പക്ഷെ ഇതു പറയുമ്പോൾ പറയും അതെല്ലാം കുറയ്ക്കണമെന്ന്. എന്താണ് ഈ ഗവൺമെന്റിന്റെ വർഗ്ഗനയം ? അതു പ്രധാന പ്രശ്നമാണ്. ഈ ഗവൺമെന്റിന്റെ class policy എന്താണ്? ഈ ഗവൺമെന്റ് സമ്പന്നൻമാർക്കു വേണ്ടി, ജനസംഖ്യയുടെ മേലെക്കിടക്കാരായ പത്ത് ഇരുപതു ശതമാനക്കാർക്കു വേണ്ടി മാത്രമാണ് നയങ്ങൾ രൂപീകരിക്കുന്നത്. അവർക്കുവേണ്ടി 80 ശതമാനം ജനങ്ങളേയും ജീവിതപ്രയാസങ്ങളുടെ കയത്തിലേക്ക് എടുത്തെറിയുന്ന നയങ്ങളുമായി പോകുന്ന ഗവൺമെന്റിന്റെ ഈ ബിൽ അതു കൊണ്ടുതന്നെ അസ്വീകാര്യമാണ്. ഒരു ചൊല്ലുണ്ട് ഇംഗ്ലീഷിൽ, Tell me who your friend is, I shall tell who you are. നിങ്ങളുടെ ചങ്ങാതി ആരാണെന്നു പറയുക, ഞാൻ പറയാം നിങ്ങൾ ആരാണെന്ന്. ഈ ഗവൺമെന്റിന്റെ ചങ്ങാതി തനുരാക്കൻമാരാണ്, മദ്യമാഫിയക്കാരാണ്, വനംകൊള്ളക്കാരാണ്, നമ്മുടെ നാടിന്റെ സമ്പത്തിനെ കയ്യടക്കാൻ ശ്രമിക്കുന്ന ഒരു പറ്റം പ്രമാണിമാരാണ്. അവർക്കുവേണ്ടി ഈ ഗവൺമെന്റ് ഭരിക്കുമ്പോൾ ചെലവിന്റെ കാര്യത്തിൽ വെട്ടിച്ചുരുക്കൽ വന്നാൽ അത് പാവങ്ങൾക്കുള്ള ചെലവിന്റെ കാര്യത്തിലേ വരുകയുള്ളൂ. മറുഭാഗത്തു ഒരു കുറവും ഉണ്ടാകാൻ പോകുന്നില്ല. ഇതാ ഇവിടെ സി. & എ. ജി. റിപ്പോർട്ടുണ്ട്. ഞാൻ ആ പേജിന്റു മാത്രം വായിക്കട്ടെ സി. & എ. ജി. പറയുകയാണ്, Growth of revenue receipt was less than 4 per cent during 2001-2002 compared to 10 per cent during 1999-2001. Total expenditure declained due to compression of expenditure on economic services. Share of non-developmental expenditure increased during 2001-02. Eighty per cent of the net borrowings of the State used for current consumption and increasingly a larger borrowing was not having an asset backup. നോക്കണം ഇതെല്ലാം, Fiscal laibilities had grown faster than State's GSDP and revenue receipts. Ratio of fiscal liabilities to State's own resources was 449 per cent in 2001-02. Excess expenditure of ₹3590.32 crore over provision during 1983-2002 was not regularised mainly due to failure of Government to furnish explanatory notes to the PAC. Central assistance of ₹9.01 crore for Swarnajayanthi Gram Swarozgar Yojana was not

LIBRARY ARCHIVES Kerala Legislative Assembly

availed due to slow pace of spending. Identification of BPL families was inconclusive only 5 per cent of BPL families were covered. ഇതൊന്നു റായിച്ചോട്ടെ സഭ അറിയണ്ടേ? അത്ര ഭീകരമായ സംഭവമാണ്. Central assistance of ₹ 22.89 crore for Indira Awaas Yojana not availed due to under-utilisation of funds. Four DRDAs concealed unspent balance of ₹ 10.75 crore to obtain excess Central assistance of ₹ 28.76 crore. Physical achievement reports to Government of India were inflated. ഇതും അറിയണം. ആദിവാസികൾക്കു വേണ്ടി പണിത 172 വീടുകൾ സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് unoccupied ആയി കിടക്കുന്നു. ഈ നാട്ടിലെ ജനങ്ങൾ അക്കാര്യം അറിയണ്ടേ? 122 houses constructed for Adivasis remained unoccupied. GOI funds for rehabilitation of scavengers remained unutilised, Budgeted funds for works not utilised yet. Contractors' bills remained unpaid. Rates adopted in Kerala State Transport Project were in excess of MORTH Rates. Change of design and ancilliary works of Assembly Block led to extra expenditure. Extra liability of ₹ 3.70 crore on modification of the design of a high level bridge across Bharathapuzha. Computers procured by Motor Vehicle Department became obsolete. Delay in commissioning of software rendered expenditure of ₹ 99.68 lakh on computers unfruitful. Computerisation of Registration Department was tarday. Government spent ₹ 7.78 crore on irregular appointment of Malayalam language teachers in aided schools. കേൾക്കണ്ടേ, എയ്ഡഡ് സ്കൂളുകളിൽ തെറ്റായ നിയമനങ്ങൾക്കുവേണ്ടി ചെലവാക്കിയത് 7.78 കോടി രൂപയാണ്. ഇതാണോ ശരിയായ ഉത്തരവാദിത്വം? ഇതാണോ Management of the finance. Idle wages paid for posts created/allowed to continue by KWA amounted to ₹ 5.09 crore. ഇതാണ് ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വബോധമെങ്കിൽ, ഈ ഉത്തരവാദിത്വബോധം കേരളത്തിലെ ജനങ്ങളെ പ്രതികൂലമായിട്ടു ബാധിക്കും. അതുകൊണ്ട് വീണ്ടും പറയട്ടെ നിരുത്തരവാദത്തിന്റെ മുഖമുദ്രയുള്ള ഗവൺമെന്റ് ഉത്തരവാദിത്വത്തിന്റെ പേരു പറഞ്ഞുകൊണ്ട് കൊണ്ടുവന്ന ഈ ബില്ലിനോട് ഞങ്ങൾക്കു ഡിസന്റു മാത്രമേ രേഖപ്പെടുത്തുവാൻ കഴിയൂ. അതു ഞാൻ ആവർത്തിച്ച് രേഖപ്പെടുത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. ജോസഫിന് 1 (എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിന്റെ പൊതുവായ സമീപനത്തോട് എനിക്ക് യോജിപ്പാണ് ഉള്ളത്. ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കേണ്ട ബില്ലാണ് ഇത്. എന്തിനാണ് വിയോജനക്കുറിപ്പെന്ന് ഡോ. തോമസ് ഐസക്കും, ശ്രീ. ബിനോയ് വിശ്വവും, ശ്രീ. ടി. കെ. ബാലനും ഒക്കെ ഇവിടെ ചോദിക്കുകയുണ്ടായി. അവർ ഇവിടെ ഒരു വലിയ പുകമറ സൃഷ്ടിച്ചിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കിയാൽ എന്തോ വലിയ അപകടം വരാൻ പോകുന്നു എന്നാണ് പ്രതിപക്ഷം ഇവിടെ പറയുന്നത്. ഈ ബിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യങ്ങൾക്ക് ഏറ്റവും അനിവാര്യമായ ഒരു നിയമമാണ്. കഴിഞ്ഞ കുറെക്കാല മായി ഈ രാജ്യത്തിന്റെ സാമ്പത്തിക മാനേജുമെന്റ് കെട്ടഴിച്ചുവിട്ട ഒരവസ്ഥയിലാണ്. ഉത്തരവാദിത്തമില്ലാത്ത അവസ്ഥയിൽ അങ്ങനെ മുന്നോട്ടു പോയിപ്പോയി ഈ സംസ്ഥാനം നേരിട്ട ഏറ്റവും രൂക്ഷമായ കടക്കെണിയിൽ നിന്ന് ഈ സംസ്ഥാനത്തെ മോചിപ്പിക്കു വാനുള്ള ഒരു ശ്രമമാണ് ഈ സഭയിൽ ചർച്ച ചെയ്യുന്ന ഈ ബിൽ. ഈ ബില്ലിൽ ഒരു ഫിസ്കൽ അക്കൗണ്ടബിലിറ്റി വേണ്ടേ? ഫിസ്ക്കൽ റസ്പോൺസിബിലിറ്റി വേണ്ടേ? ആർക്കും റിയോജിപ്പുള്ള കാര്യമല്ല. ഈ ബില്ലിലെ ഉദ്ദേശങ്ങൾ വളരെ ലഘുവാണ്. ഈ ബില്ലിന്റെ ഉദ്ദേശമെന്നു പറയുന്നത് റവന്യൂ കമ്മി ക്രമാനുഗതമായി കുറച്ചു കൊണ്ടു വരണമെന്നുള്ളതാണ്. 2007 മാർച്ച് 31-ന് അവസാനിക്കുന്ന നാലു വർഷം കൊണ്ട് ഈ കമ്മി ഇല്ലാതാക്കണം. ഇത് ധനകാര്യ മാനേജ്മെന്റിന്റെ അളവുകോലല്ലേ. 1997-98-ൽ 1123 കോടി രൂപയായിരുന്ന റവന്യൂ കമ്മി നാല് കൊല്ലം കഴിഞ്ഞപ്പോൾ 2001-02-ൽ അത് 2606 കോടി രൂപയായി വർദ്ധിച്ചു. ഇതിനു കാരണം ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ അഞ്ചുവർഷത്തെ ഭരണത്തിലുള്ള അനിയന്ത്രിതമായ ധാരാളിത്തത്തിന്റെയും ധൂർത്തിന്റേയും അഴിഞ്ഞാട്ടമാണ്. അവിടെനിന്ന് 1997-98-ൽ 46.65 ശതമാനത്തിൽ നിന്നും 2001-ൽ 81.15 ശതമാനമായി ആസ്തി ബെയ്സ് ചുരുങ്ങി. ഇത് ആരോഗ്യകരമാണോ? ഡിസന്റ് നോട്ടിൽ ഡോ. തോമസ് ഐസക്കും മറ്റുള്ളവരും പറയുന്നത് റവന്യൂ കടം വാങ്ങുന്നത് ആസ്തി വർദ്ധിപ്പിക്കാനാണെങ്കിൽ തകരാറില്ല എന്നാണ്. ഇതിന്റെ പിന്നിൽ വലിയ അപകടമാണുള്ളത്. എന്താണ് കേരളത്തിന്റെ എക്സ്പീരിയൻസ്? കടം വാങ്ങുന്നത് ആസ്തി വർദ്ധിപ്പിക്കുവാൻ വേണ്ടിയായിരുന്നോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 507 കോടി രൂപ Kerala Infrastructure Invest ment Fund 1999-ൽ ഈ സഭ പാസ്സാക്കിയ ഫണ്ടിന്റെ പിൻബലത്തിൽ 507 കോടി രൂപ പൊതുകടമായി സമാഹരിച്ചു. ആ ബില്ലിൽ പറയുന്നത് കേരളത്തിന്റെ വ്യാവസാ യിക പുരോഗതിക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാൻ വേണ്ടിയാണ്. നിങ്ങൾ ഇത് പരിശോധിച്ചു നോക്കണം. എത്ര രൂപ നിങ്ങൾ അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടി മാറ്റിവച്ചു. ആ പണം മുഴുവൻ ചെലവഴിച്ചത് സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കു വേണ്ടിയായിരുന്നു. സഹകരണ ബാങ്കുകളിൽ നിന്ന് 643 കോടി രൂപ യോളം കടം വാങ്ങി. എന്തിനാണ് അസറ്റുണ്ടാക്കാൻ വേണ്ടിയാണോ? അടിസ്ഥാന സൗകര്യത്തിനു വേണ്ടിയാണോ? ആ കടം വാങ്ങിച്ചത് ആ സർക്കാരിന്റെ നിത്യചില വുകൾക്കു വേണ്ടിയായിരുന്നു. അങ്ങനെ കാണം വിറ്റാലും ഓണമുണ്ണണമെന്ന നയവു മായി നിങ്ങൾ പോയി. അങ്ങനെ കഴിഞ്ഞ ഗവൺമെന്റ് ഈ സംസ്ഥാനത്തെ വലിയ സാമ്പത്തിക പ്രതിസന്ധിയിലെത്തിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് നിർദ്ദേശത്തിൽ പറയുന്നത് ഈ വർഷത്തെ റവന്യൂകമ്മി 1898.67 കോടി രൂപ. ഇപ്പോഴത്തെ സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ റവന്യൂ കമ്മിയുണ്ടാകുന്നത് 2665.03 കോടി രൂപ. ക്രമാനുഗതമായി കമ്മി കുറയുന്നതിനു പകരം റവന്യൂ കമ്മി ഗണ്യമായി വർദ്ധി ക്കുന്നു. ഇവിടെ വലിയ സാമ്പത്തിക മാനേജ്മെന്റിന് ശ്രമിച്ചു, നല്ല അച്ചടക്കമായി രുന്നു എന്നൊക്കെയാണ് ഓരോരുത്തരും പ്രസംഗിച്ചത്. നിങ്ങൾ ഇവിടെ എന്ത് സാമ്പ ത്തിക ഭദ്രതയാണുണ്ടാക്കിയത്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത്, ഡോ. തോമസ് ഐസക്കിന് അറിയാം. വലിയ മാനവീയം പരിപാടിക്കുവേണ്ടി ധാരാളിത്തത്തിനും ധൂർത്തിനും വേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചത് ഒരു കോടി രൂപ. മാനവീയം പദ്ധതിക്ക് ചെലവഴിച്ചതോ 1,66,56,588.65 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കുറെക്കാലമായി ബഡ്ജറ്റ് ഡോക്കുമെന്റിന് യാതൊരു sanctity ഇല്ല. അത് വെറുമൊരു കടലാസ് മാത്രമാണ്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കും പെവറ് വേറെ വഴിക്ക് പോകും. അങ്ങനെ പോകാൻ ഇനി ഈ സംസ്ഥാനത്തിന് കഴിയില്ല. ഇവിടെ ഉദാഹരണങ്ങൾ പറഞ്ഞു. ആ ഉദാഹരണങ്ങൾ പറഞ്ഞു. ആരും രക്ഷപ്പെടാൻ നോക്കണ്ട. കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഒരു നിയന്ത്രണമുണ്ടാകണം. ചെലവുകൾ നിയന്ത്രിച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കണം. അങ്ങനെ പോയില്ലെങ്കിൽ നമ്മൾ ഒരു വലിയ breaking point-ലേക്ക് പോകും. ഇവിടെ പറഞ്ഞതെന്താണ്. ഫിസ്ക്കൽ ഡെഫിസിറ്റ് 1.5 ശതമാനമായി കുറയ്ക്കണമെന്ന് ഡോ. തോമസ് ഐസക്ക് പറഞ്ഞു അത് ശരിയല്ല. ധവളപത്രത്തിൽ അത് 3.5 ആണെന്ന് പറഞ്ഞു. ഏതായാലും പറഞ്ഞത് ഒരു നല്ല കാര്യമല്ലേ. ധനകമ്മി കുറയ്ക്കുന്നത് സാമ്പത്തിക വളർച്ചയ്ക്കും സാമ്പത്തിക പുരോഗതിക്കും സഹായമാവില്ലേ?

ഡോ. തോമസ് ഐസക്: സർ, അതുതന്നെയാണ് തർക്കം. ധനകമ്മി 1.5 ശതമാനമായിട്ട് വേണ്ട അടങ്കലിന്റെ 27 ശതമാനം വായ്പയായിട്ടെടുക്കുന്നതിൽ ആശ്രയിക്കുന്നതിങ്ങൾ 10-ാം പഞ്ചവത്സര പദ്ധതി എങ്ങനെയാണ് നടപ്പാക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ക്രമാനുഗതമായിയുണ്ടായതാണ് ഈ ധനകമ്മിയുടെ വർദ്ധനവ്. ഞാൻ പറഞ്ഞതുപോലെ ഒരു കടിഞ്ഞാണില്ല. ഇങ്ങനെപോയാൽ ഓരോ കൊല്ലവും കമ്മി വർദ്ധിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ വരുമാനം saturation point-ലാണ് ഇനി ഒരു മേഖലയിലും ടാക്സ് ചെയ്യാൻ പറ്റില്ല. എല്ലാ tax revenue-ഉം saturation-നുവേണ്ടിയാണ്. ഇവിടെ ശ്രീ. ബിനോയ് വിശ്വം കുറെ കണക്കുകൾ വായിച്ചു. Eighty per cent of the net borrowings of the State used for current consumption and increasingly a larger borrowing was not having an asset back up. കഴിഞ്ഞ എല്ലാ കാലഘട്ടങ്ങളിലും കടം വാങ്ങുന്നത് അസറ്റ് ഉണ്ടാക്കാൻ വേണ്ടിയല്ല. കടം വാങ്ങുന്നത് ശമ്പളം കൊടുക്കുവാനും മറ്റ് ചെലവിനും വേണ്ടിയാണ്. ഞങ്ങൾ എന്താണ് ചെയ്തത്, ഞങ്ങൾ അധികാരമേറ്റപ്പോഴുള്ള സാമ്പത്തികാവസ്ഥ ഈ വൈറ്റ് പേപ്പറിലുണ്ട്. നമ്മൾ അവിടെനിന്നാണ് മുന്നോട്ട് പോയത്.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട കെ. സി. ജോസഫ് നല്ലൊരു ആഗ്രഹപ്രകടനമാണ് നടത്തുന്നത്. മൂന്നു നാലു വർഷത്തിനിടയിൽ റവന്യൂ കമ്മി ഇല്ലാതാക്കുക, ധനകമ്മി ഇല്ലാതാക്കുക, കടം കുറയ്ക്കുക, ഈ നിയമം പാസ്സായി അതിന് കഴിയുന്നില്ലായെന്ന് വിചാരിക്കുക, ഇത് നടപ്പിലാക്കാൻ വേണ്ടി എന്തെങ്കിലും ഒരു റകുപ്പ് ഈ ബില്ലിലുണ്ടോ? ഒരു നിയമം പാസ്സായാൽ അത് enforce ചെയ്യാൻ കഴിയണമല്ലോ. enforce ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യം വന്നാൽ ഈ ആഗ്രഹപ്രകടനമൊക്കെ വെള്ളത്തിലിട്ട വര പോലെയാകുകയില്ലേ. എങ്ങിനെയാണ് enforce ചെയ്യാൻ പോകുന്നത്? ഈ നിയമം ഗവൺമെന്റിന്റെ borrowings-നു മേൽ reasonable restriction ഏർപ്പെടുത്തുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, നസ്രത്തിൽ നിന്നും നൻമ ആരംഭിക്കണ്ടേ. ഞാൻ ഇവിടെ അസംബ്ലിയായതുകൊണ്ട് ഒരു വാചകം പറയുന്നില്ല. Epitom of CAG's Reports on the Government of Kerala. A 'Kerala style' roof, not envizaged in the

LIBRARY ARCHIVES Kerala Legislative Assembly

original design, was provided at a cost of ₹ 1.77 crore. The fabrication of emblem in the front facade of the Assembly building was ..... ആ ക്ലാവ് പിടിച്ച emblem defective ആണ് Interior decoration and acoustical treatment in the Assembly Hall were substandard and defective. അസംബ്ലിയായതുകൊണ്ട് ഒരു കമന്റും നടത്തുന്നില്ല. ഇതാണ് സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. 140 എം. എൽ. എ. മാരും പത്രക്കാരുമൊക്കെ ഇരിക്കുന്ന ഈ സഭയുടെ ചെലവിന്റെ കാര്യത്തിൽ ഇതാണവസ്ഥയെങ്കിൽ പിന്നെ താഴോട്ടുള്ള കാര്യം പറയണോ. ഇവിടെ 103 പൊതുമേഖലാ സ്ഥാപനങ്ങളിൽ യഥാസമയം വാർഷിക കണക്ക് കൊടുത്തിട്ടുള്ളത് 19 എണ്ണമാണ്. ഈ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പണം വാങ്ങുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ The accounts of remaining 72 working Government Companies and four working Statutory Corporations were in arrears for periods ranging from one year to 11 years as on 30th September 2002. ഇത് കാണാതെ പോകാൻ സാധിക്കുമോ? പൊതുമേഖലാ സ്ഥാപനങ്ങൾ കടത്തിലാണെന്നതു പോകട്ടെ. രണ്ടുരുടെ കടത്തെപ്പറ്റി ഞാൻ പറയുന്നില്ല. പക്ഷെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പോലും കിട്ടുന്നില്ല. ഇങ്ങനെ പോകുന്ന ഒരു സംസ്ഥാനത്ത് ഒരു നിയന്ത്രണവുമില്ലാതെ ചെലവ് ഉണ്ടാകുന്ന ഒരു സംസ്ഥാനത്ത് റിസ്കൽ റെസ്പോൺസിബിലിറ്റിയെന്നു പറഞ്ഞാൽ വലിയൊരു അപകടമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ഈ ബില്ലിന്റെ പകുതിയെങ്കിലും ഇംഗ്ലീഷിലാക്കണം. 500-ൽ ചിലപ്പോൾ ഭേദഗതികളുണ്ട്. മെമ്പേഴ്സ് വളരെ ആക്റ്റീവ് ആണ്. ധാരാളം ഭേദഗതികളുണ്ട്. അതുകൊണ്ട് കുറച്ച് ചുരുക്കണം.

ശ്രീ. കെ. സി. ജോസഫ്: ഞാൻ ചുരുക്കാം. ഈ നിയമത്തെ സംബന്ധിച്ച് ഇവിടെ വലിയ പുകമറ ഉണ്ടാക്കുകയാണ്. തൊട്ടുമുമ്പ് മരം മുറിക്കൽ ബിൽ പാസ്സാക്കി. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ എന്താണ് പറഞ്ഞത്? ഈ ബിൽ പാസ്സാക്കിയാൽ ഉച്ചകഴിഞ്ഞ് വയനാട്ടിൽ തടിവെട്ട് ആരംഭിക്കും. നിങ്ങളും ഈ സഭയിൽ അംഗീകരിച്ചതാണല്ലോ. ബിൽ സഭയിൽ ഏകകണ്ഠമായി പാസ്സാക്കുക, എന്നിട്ട് ഉച്ചകഴിഞ്ഞ് വയനാട്ടിൽ മരം മുറിക്കാൻ ആരംഭിക്കുമെന്ന് പുറത്ത് പ്രസംഗിക്കുക, നിങ്ങൾ സഭയിൽ ഒരു നിലപാട് സ്വീകരിക്കുന്നു, പുറത്ത് പബ്ലിക് കൺസെപ്ക്ഷനുവേണ്ടി വേറൊന്ന് പറയുന്നു. രണ്ട് മുഖം ശരിയല്ല. ഈ സഭയിലെ ഓരോ ചർച്ചയിലും നിങ്ങൾക്ക് രണ്ട് മുഖമാണ്. ആ രണ്ട് മുഖം മാറണം. ഈ സഭയിൽ പറയുന്നത് തന്നെ പുറത്തും പറയണം. ഈ ബില്ലിൽ യാതൊരു ദുരുദ്ദേശവുമില്ല. ഇത് ആരുടേയും നിർദ്ദേശമനുസരിച്ച് ചെയ്യുന്നതല്ല. കേന്ദ്ര ഗവൺമെന്റിനു മുന്നിൽ കേരളത്തിന്റെ അവകാശം കണക്കുപറഞ്ഞ് വാങ്ങിക്കാൻ യാതൊരു വൈമനസ്യവും ഇല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ ബില്ലിന് ഉള്ളിൽ നിന്നുകൊണ്ട് ഒരു കാര്യം ചോദിക്കുകയാണ്. ഈ നിയമം പാസ്സാക്കിയാൽ ഇതിലെ 10-ാമത്തെ വകുപ്പ്, ഉദ്യോഗസ്ഥൻമാർ ഉത്തമവിശ്വാസത്തിന്റെ പേർ പറഞ്ഞ് ഏതെങ്കിലും ഉത്തരവുകൾ നടപ്പിലാക്കിയാൽ അത് ചോദ്യം ചെയ്യാൻ നമുക്ക് ആർക്കും അധികാരമില്ല. നിയമസഭയ്ക്ക് പോലുമില്ല. അതിനെക്കുറിച്ച് ആർക്കും ഒരു വിശദീകരണവുമില്ല. ഉദ്യോഗസ്ഥൻമാർക്ക് അത്രയും അമിത അധികാരം കൊടുക്കണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: ഈ ബില്ലിൽ പറയുന്നത് വാർഷിക ബഡ്ജറ്റിനോടൊപ്പം ധനസംബന്ധമായ മീഡിയം ടേം പോളിസി സ്റ്റേറ്റുമെന്റും വയ്ക്കണം. നല്ല കാര്യമല്ലേ? ഈ ബഡ്ജറ്റ് അവതരിപ്പിച്ചാൽ പിറ്റേ ദിവസം ഇക്കണോമിക് റിവ്യൂ കിട്ടും. അതിന്റെ പവിത്രത ഇവർ കളഞ്ഞു. Economic Review was solemn document. പക്ഷെ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്ലാനിംഗ് ബോർഡിൽ ഇരുന്ന ചില സുഹൃത്തുക്കൾ അവരുടെ താൽപ്പര്യം അനുസരിച്ച് ആ ഡോക്കുമെന്റിനെപോലും വളച്ചൊടിച്ചു. ആ ഡോക്കുമെന്റിന്റെ പവിത്രത കളഞ്ഞു. ഇവിടെ പറയുന്നത്, ബഡ്ജറ്റിന്റെകൂടെ ധനസംബന്ധമായ മീഡിയം ടേം പോളിസി സ്റ്റേറ്റുമെന്റും സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും അവതരിപ്പിക്കണം. ഇത് ആവശ്യമുള്ള കാര്യമല്ലേ? ഈ സംസ്ഥാനത്ത് ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ എന്താണ് ഗവൺമെന്റിന്റെ സാമ്പത്തിക അവസ്ഥയെന്ന് വ്യക്തമായി പറയണ്ടേ? ഒന്നും മറച്ച് വയ്ക്കണ്ട. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാരിൽനിന്നോയ് വിശ്വം സുതാര്യതയെക്കുറിച്ച് പറയുകയുണ്ടായി. സർക്കാരിന്റെ ധനകാര്യ ഇടപാടുകൾക്ക് യാതൊരുവിധ മറവുമില്ല. ട്രാൻസ്പാരന്റാണ്. പക്ഷെ ഏതെങ്കിലും സംസ്ഥാനത്ത് ബഡ്ജറ്റിലെ ടാക്സ് പ്രൊപ്പോസൽസ് പുറത്തു പറയാൻ സാധിക്കുമോ? ധനകാര്യ വകുപ്പു മന്ത്രിയുടെ സോളം റൈറ്റാണ്. അദ്ദേഹത്തിന്റെ പ്രിവിലേജ് ആണ്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ടാക്സ് നിർദ്ദേശങ്ങൾപോലും രഹസ്യപ്പെടുത്താനുള്ള ഒരു പ്രൊട്ടക്ഷൻ വച്ചത് ഇവിടെ എന്തോ മറച്ചുവയ്ക്കാൻ വേണ്ടിയെന്നാണ് ആരോപിക്കുന്നത്; ഇതെല്ലാം പുകമറയുണ്ടാക്കാൻ വേണ്ടിയാണ്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി പൂർണ്ണമായും സുതാര്യമായ മീഡിയം ടേം പോളിസി സ്റ്റേറ്റ്മെന്റും സ്ട്രാറ്റജി സ്റ്റേറ്റുമെന്റും അടക്കം സഭയിൽ പ്ലേയ്സ് ചെയ്തുകൊണ്ട് സഭയെ വിശ്വാസത്തിൽ എടുത്തുകൊണ്ട് മുന്നോട്ട് പോകാൻ ശ്രമിക്കുമ്പോൾ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നത് ശരിയല്ല. അതുപോലെ പൊതുപ്രവർത്തനപരിശോധനാ കമ്മിറ്റിയെ സംബന്ധിച്ച് ഇവിടെ വിമർശനമുണ്ടായി. ഈ കമ്മിറ്റിയിൽ ധനകാര്യം, സാമ്പത്തിക നിർവ്വഹണം, ആസൂത്രണം, അക്കൗണ്ടുകളും ആഡിറ്റിംഗുകളും, നിയമം എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള അഞ്ചിൽ കവിയാത്ത ആളുകളാണ് ആ കമ്മിറ്റിയെ തിരഞ്ഞെടുക്കുന്നത്, മുഖ്യമന്ത്രി, ധനകാര്യവകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് പബ്ലിക് എക്സ്പെൻഡീച്ചറിന്റെ റിവ്യൂ നടത്തുന്നത്. ഒന്നും മറച്ചുവെയ്ക്കാൻ ഇല്ലാതെ, ഉദ്യോഗസ്ഥൻമാർക്ക് വിടാതെ, സാമ്പത്തികമായ നിയന്ത്രണം ഏർപ്പെടുത്താനുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥതയാണ് ഈ ബില്ലിൽ കാണുന്നത്. കഴിഞ്ഞ കുറെ കാലമായി മുന്നോട്ടു പോകുന്ന സാമ്പത്തിക തകർച്ചയിൽ നിന്നും കടക്കെണിയിൽ നിന്നും കേരളത്തെ മോചിപ്പിക്കാൻ പബ്ലിക് അക്കൗണ്ടബിലിറ്റിയും വിസ്ക്കൽ പ്ലാനും ആവശ്യമാണ്. അതിന് സഹായകമായ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. സത്യത്തിൽ ഈ ബില്ലിനെ എതിർത്തുകൊണ്ട് അപ്പുറത്തു നിന്ന് സംസാരിച്ച ആളുകൾ പറഞ്ഞ കാര്യങ്ങൾ ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേൾക്കുകയായിരുന്നു. ഈ ബില്ലിലുള്ള അപകടങ്ങൾ എന്തൊക്കെയാണെന്ന് അവർ പറഞ്ഞത് ഒരു വിദ്യാർത്ഥിയുടെ താൽപ്പര്യത്തോടു കൂടി

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഞാൻ ശ്രദ്ധിച്ചത്. ഇത് നടപ്പിലാക്കിയാൽ നല്ലൊരു ബില്ലാണ്. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള ഉദ്ദേശങ്ങളും മറ്റ് ഇനങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സാമ്പത്തിക രംഗത്തെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിലും കടം വാങ്ങുമ്പോൾ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യത്തിലും സാമ്പത്തിക രംഗത്തെ സുതാര്യത ഉറപ്പു വരുത്തുന്ന കാര്യത്തിലും എക്സ്പെൻഡിച്ചർ കൺട്രോൾ ചെയ്യുന്ന കാര്യത്തിലും എല്ലാത്തിനും ഈ നിയമത്തിൽ ഒരുപാട് വകുപ്പുകളുണ്ട്. ഇതിനുമുമ്പ് ഇത് സംബന്ധിച്ച് ധാരാളം റെക്കമെന്റേഷൻസ് വന്നിട്ടുണ്ട്. എക്സ്പെന്റീച്ചർ കമ്മീഷന്റെ റെക്കമെന്റേഷൻ വന്നിട്ടുണ്ട്. വിവിധ സാമ്പത്തിക വിദഗ്ദ്ധർ പറഞ്ഞ കാര്യമുണ്ട്. പ്ലാനിംഗ് ബോർഡ് പറഞ്ഞ കാര്യമുണ്ട്. പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ പറഞ്ഞ പല താക്കീതുകളുമുണ്ട്. എക്സ്പെൻഡീച്ചർ കൺട്രോൾ ചെയ്യുന്നതിന് വേണ്ടി നിരവധി ശുപാർശകളുണ്ട്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റേയും മറ്റും നേതൃത്വത്തിൽ അവസാനം പി. എ. സി. വച്ചിട്ടുള്ള നിർദ്ദേശങ്ങളുണ്ട്. എന്നിട്ടുപോലും ഈ സുഖക്കേടുകളെല്ലാം ബാക്കിനിൽക്കുകയാണെന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ഇതൊന്നും നടപ്പിലാക്കിയിട്ടില്ലായെന്നാണ്. ബഹുമാനപ്പെട്ട ബിനോയ് വിശ്വം സി. ആന്റ് എ. ജി. റിപ്പോർട്ടിന്റെ കാര്യം ഇവിടെ പറഞ്ഞു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരം വിട്ടുപോകുന്ന സമയത്തെ മാർച്ച് 31-ന്റെ സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ട് വായിച്ചാലും ഈ സുഖക്കേടുകളൊക്കെ അതിലുമുണ്ട്. ശ്രീ. ബിനോയ് വിശ്വം അത്രയുമേ പറയുകയുള്ളൂ. ഏത് ഗവൺമെന്റ് മാറിമാറി വരുന്ന സമയത്തും കടബാദ്ധ്യത കൂട്ടി എൽപ്പിക്കുന്നു. റവന്യൂ കമ്മി കൂടിക്കൊണ്ടിരിക്കുന്നു. അനാവശ്യ ചെലവുകൾ ചെയ്യുക, വാങ്ങിയ കടത്തിന്റെ 80%-ഉം ശമ്പളം കൊടുക്കാനും മറ്റ് നിത്യ ചെലവുകൾക്കും ഉപയോഗിക്കുക തുടങ്ങിയ സുഖക്കേടുകൾ ഏത് ഗവൺമെന്റ് മാറി മാറി വന്നാലും കൂടിയിട്ടേയുള്ളൂ. ഞാനൊരു ഉദാഹരണം പറയാം. നമ്മടെ നാട്ടിലെ ആളുകൾ പ്രയോഗിക്കുന്ന ഒരു വിദ്യയുണ്ട്. പുഴയുടെ വക്കത്ത് താമസിക്കുന്നവർ ശല്യമുണ്ടാക്കുന്ന പൂച്ചകളെ ചാക്കിൽകെട്ടി അക്കരെ കൊണ്ടു വിടും. പക്ഷെ അക്കരെയുള്ളവർക്കും ഈ വിദ്യ അറിയാം. അവർ പൂച്ചകളെ ചാക്കിൽകെട്ടി ഇക്കരെ കൊണ്ടു വിടും. ആ കൊവ്വത്തിന്റെ അവസാനം നോക്കിയാൽ നേരത്തെ ഉണ്ടായിരുന്ന 236 പൂച്ചകൾ അവിടെയുമുണ്ടാകും. 236 പൂച്ചകൾ ഇവിടെയുമുണ്ടാകും. കൂടെ മക്കളുമുണ്ടാകും. അതാണ് ഇന്നത്തെ സ്ഥിതി. മാറിമാറി വരുന്ന ഗവൺമെൻറുകൾ പൂച്ചകളെ ചാക്കിൽകെട്ടി അക്കരെയും ഇക്കരെയും കൊണ്ട്പോയി ഇട്ട് മക്കൾ പെറ്റു പെരുകി വരുന്നതുപോലെ റവന്യൂ കമ്മിയും കടബാദ്ധ്യതയും പെരുകി വരുന്നത് നമുക്ക് കാണാൻ സാധിക്കും. ഈ ബില്ലിനെ എന്തിനാണ് എതിർക്കുന്നത്? ബിൽ എന്നു പറയുന്നത്, ബഡ്ജറ്റിന്റെ കൂടെ മീഡിയം ടേം പോളിസി സ്റ്റേറ്റ്മെന്റും സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും ഉണ്ടാകും. ഇപ്പോൾ എന്താണ് ചെയ്യുന്നത്? വരവ് ചെലവ് കണക്കും കാര്യങ്ങളും അതിന്റെ കൂടെ ഒരു പ്രസംഗവും ഉണ്ടാകും. അതു പോരാ എന്താണ് പ്രോഗ്രാം ഓഫ് ആക്ഷൻ? ഇവിടെ ധനകാര്യ ബഡ്ജറ്റ് അവതരിപ്പിക്കുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബില്ലിലൂടെ പറഞ്ഞിട്ടുള്ള റവന്യൂ കമ്മി നികത്താൻ, ചെലവ് നിയന്ത്രിക്കാൻ, സുതാര്യത ഉറപ്പു വരുത്താൻ നിങ്ങളുടെ കയ്യിലുള്ള പ്രോഗ്രാം ഓഫ് ആക്ഷൻ എന്താണെന്ന് പറയാൻ ധനകാര്യ വകുപ്പുമന്ത്രിയെ ഈ നിയമം നിർബന്ധിക്കുന്നു. കമ്മട്ടമല്ല വേണ്ട് ഉണ്ടായിരുന്നത്. നിങ്ങൾക്ക് ഓർമ്മയുണ്ടോയെന്ന് എനിക്കറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

പഴയ മെമ്പർമാർക്ക് അറിയാം. അഡീഷണൽ റിസോഴ്സസ് മൊബിലൈസേഷൻ. ഗോഡൗണുകളിൽ കെട്ടി കിടക്കുന്ന ചാക്കുകളും മറ്റും വിറ്റാൽ കിട്ടുന്ന പണം ഒരു കണക്ക്. ആരാ പറഞ്ഞത് ഗോഡൗണുകളിൽ പണത്തിന്റെ ചാക്കുണ്ടെന്ന്. അങ്ങനെയാണെങ്കിൽ സാങ്കൽപ്പികമായിട്ടുള്ളതല്ല. എന്താണ് ചെയ്യാൻ പോകുന്നതെന്ന് സ്പെസഫിക് ആയിട്ട് അതിന്റെ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും പോളിസി സ്റ്റേറ്റ്മെന്റും വയ്ക്കാൻ ധനകാര്യവകുപ്പുമന്ത്രിയെ ഈ നിയമം നിർബന്ധിക്കുന്നു. രണ്ടാമത്തെ സംഗതി വിശദമായിട്ട് ചർച്ച ചെയ്തിട്ടുള്ളത് സെക്ഷൻ 4-ൽ ആണ്. സെക്ഷൻ 4-ൽ പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ പലരും സംസാരിച്ചതുകൊണ്ട് അതിന്റെ വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നാല് വർഷത്തിനുള്ളിൽ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന്. അതിൽ പറഞ്ഞിട്ടുള്ളതെന്താണെന്ന് ഡിസന്റിംഗ് നോട്ടിലുണ്ട്. ഇനി രണ്ടര കൊല്ലം ബാക്കിയുള്ള സമയത്ത് നാലുകൊല്ലത്തെ അധികാരം പറയാൻ എന്താണ് കാര്യമെന്ന്. അത് വിചിത്രമാണ്. നമ്മൾ ആവശ്യപ്പെടുന്ന കാര്യമാണ്. Government is a Continuing Body. ഈ ഗവൺമെന്റിന് ദീർഘകാലാടിസ്ഥാനത്തിൽ പ്ലാൻ ചെയ്തുകൂടേ? നമ്മൾ 15 കൊല്ലത്തെ വണ്ടിയുടെ വാടക കാലേക്കൂട്ടി വാങ്ങിച്ചില്ലേ? എന്നാൽ പിന്നെ ഇങ്ങനെ പറ്റുമോ? നമുക്ക് ടേമിലുള്ള വാടകയല്ലേ വാങ്ങാൻ പറ്റുകയുള്ളൂ. അതല്ല കാര്യം ഒരു ഗവൺമെന്റിന്റെ പ്ലാനിംഗ് എന്നു പറയുന്നത്, നാല് കൊല്ലത്തേയ്ക്കോ, അഞ്ചുകൊല്ലത്തേയ്ക്കോ ഉള്ള പ്ലാനിംഗ് ആകാം. ഈ സ്റ്റേറ്റിന് വരുമാനം നിരിക്കുന്ന കാര്യങ്ങളിൽ എങ്ങനെ പോകണമെന്ന് പറയാനുള്ള അവസരം ഉണ്ട്. ഇവിടെ ഡോ. തോമസ് ഐസക്കും മറ്റ് ആളുകളും ചൂണ്ടിക്കാണിച്ച സംഗതി, കടം വാങ്ങുന്നത് 1.5% എന്നുള്ള നിലയിൽ അത് റസ്ട്രിക്ട് ചെയ്യുന്നു എന്നുള്ളതാണ്. 1.5% ആയിട്ട് കുറയ്ക്കുന്നത് സംബന്ധിച്ച് പറയുന്ന സമയത്ത്, ഇതിൽ ഒരു ലിങ്കുണ്ട്. ആ ലിങ്ക് പലരും ചർച്ച ചെയ്തിട്ടില്ല. 2003 ഏപ്രിലിൽ ആരംഭിച്ച് 2007 മാർച്ച് 31-ന് അവസാനിക്കുന്ന 4 വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉത്പ്പാദനത്തിന്റെ 1.5% ആയി കുറക്കും എന്നാണ് പറയുന്നത്. അതിന് ഒരു ലിങ്കുണ്ട്. നമുക്ക് കിട്ടുന്ന പണം നമ്മൾ എന്തിനുവേണ്ടി വിനിയോഗിക്കുന്നു? ഇവിടെ പറഞ്ഞു ഉത്പ്പാദനത്തിന് ഉപയോഗിക്കുന്നുവെന്ന്. നല്ല കാര്യം. കടം വാങ്ങുന്നതിന് ഒരു ലിമിറ്റ് ആവശ്യമാണ്. പക്ഷെ അത് റ്റെക്സി ബിൾ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ അതിന് ഒരു ലിങ്ക് ഉണ്ടാകണം. പ്രൊഡക്ഷനുമായി ബന്ധപ്പെട്ടുകൊണ്ട്, ഉൽപ്പാദനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ലിങ്ക് ഉണ്ടായാൽ കുഴപ്പമില്ല. ഡോ. തോമസ് ഐസക് ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഒരു സാമ്പത്തിക വിദഗ്ദ്ധന്റെ മാത്രമല്ല, പ്രായോഗികമായി ചിന്തിക്കുന്ന ഏതൊരാളുടെയും സ്ഥിതിയും അതാണ്. നമ്മൾ വാങ്ങുന്ന ലോൺ നമ്മൾ എന്തിനാണ് വിനിയോഗിക്കുന്നത്? ഉൽപ്പാദന സൈഡിൽ നമ്മൾ അത് മുടക്കിയാൽ എത്ര പണം വേണമെങ്കിലും വാങ്ങിക്കാം. അതിനു പകരം നമ്മൾ എന്താണ് ചെയ്യുന്നത്? സി. & എ. ജി. റിപ്പോർട്ടിൽ പറഞ്ഞ കാര്യം എന്താണ്? കടമെടുക്കുന്നതിന്റെ 80%-വും നിത്യനിദാനച്ചെലവിന് എന്നാണ്. അത് സത്യമല്ലേ? നമ്മൾ അത് അംഗീകരിക്കുന്നില്ലേ? ഈ കിട്ടുന്ന പണം ആരാണ് പ്രൊഡക്ഷൻ സൈഡിൽ ഉപയോഗിക്കുന്നത്? നമ്മുടെ നിത്യച്ചെലവുകൾക്ക് നമ്മൾ അത് ഉപയോഗിക്കുകയാണ്. ഇവിടെ സംഭവിച്ചിട്ടുള്ളത് എന്തെല്ലാം കാര്യങ്ങളാണ്. ഇവിടെ സഹകരണ രംഗത്തെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞു. സാമ്പത്തിക രംഗത്തെക്കുറിച്ച് സംസാരിക്കുന്ന സ്നേഹിതൻമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അറിയാം. സഹകാര്യമേഖലയുടെ ചൂഷണം, പൊതുമേഖലയുടെ കെടുകാര്യസ്ഥത, അതിന്റെ നടുവിലുള്ള ഏക മാർഗ്ഗമാണ് കോ-ഓപ്പറേറ്റീവ് സെക്ടർ. ഈ കോ-ഓപ്പറേറ്റീവ് സെക്ടറിൽ നിന്നും വാങ്ങിച്ച 643 കോടി രൂപ ലോൺ ട്രഷറിയിൽ അടച്ചു. അതൊക്കെ യഥാസമയം തിരിച്ചടയ്ക്കാൻ പറ്റിയില്ല. ആ ബാദ്ധ്യതയാണ് ഞങ്ങൾ ഏറ്റെടുത്തത്. 507 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനുവേണ്ടി വാങ്ങിച്ചു. അഞ്ചു പൈസ കൊടുത്തോ? ആ 507 കോടി രൂപ വേറെ തിരിമറിയാക്കി. ഇടക്കാല ബഡ്ജറ്റിൽ പ്ലസ് ടു വിന് വച്ചത് 39 കോടി രൂപയാണ്. ചെലവായത് 210 കോടി രൂപ. എന്ത് ബഡ്ജറ്റായിരുന്നു? അവസാനം എന്തു ചെയ്തു? അവർ പാസ്സാക്കിപ്പോയി മാഷ്മാരെയും വച്ചു. ഈ ഗവൺമെന്റ് വന്നു 210 കോടി രൂപ ബാദ്ധ്യത ഏറ്റെടുത്ത് അവർക്ക് ശമ്പളം കൊടുത്തു. 37 കോടി രൂപയായിരുന്നു ഔഷധം വാങ്ങിയതിൽ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നത്. നിങ്ങൾക്ക് അപ്പുറത്തിരുന്ന് എളുപ്പം ചോദിക്കാം എന്തിനാണ് കടം വാങ്ങുന്നതെന്ന്. കടം കിട്ടില്ല. ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് തരാൻ മടിച്ചു. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ സമീപനം എന്നും ചിറ്റമ്മ നയമാണ്. എ. ഡി. ബി. പറയുന്നതിൽ ചില കണ്ടീഷൻസ് ഉണ്ടാകും. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. ചില കണ്ടീഷൻസ് ഇല്ലാതെ പറ്റില്ല. ഞങ്ങൾ സത്യത്തിൽ ആ ലോൺ വാങ്ങേണ്ടി വന്നതും നമ്മുടെ കടബാദ്ധ്യതയെക്കുറിച്ചുള്ള സ്റ്റേറ്റുമെന്റും ഒക്കെ വരുന്നത് ഞങ്ങൾ അംഗീകരിക്കുന്നു. കേരളത്തിലെ സാമ്പത്തിക വിദഗ്ധർ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളം തകരുകയാണ്. കേരളത്തിലെ ഇക്കണോമി തൊട്ടാൽ പൊട്ടുന്ന ഒരു കുമിള പരുവത്തിൽ ചെന്ന് നിൽക്കുകയാണ് എന്നൊക്കെ പറയുന്ന പൊസിഷനിലേയ്ക്ക് ഈ സംസ്ഥാനം പോകുകയാണ്. നിങ്ങൾ ഭരിച്ച കാലത്ത് വരുമാനം ഉൽപ്പാദനമേഖലയിൽ ചെലവഴിക്കാതിരിക്കുകയും പിൽക്കാലത്ത് വരുന്ന ഗവൺമെന്റിന് തലയുയർത്തി നിൽക്കാൻ കഴിയാത്ത അത്രയും ഭാരം ഞങ്ങളുടെമേൽ കെട്ടിവച്ചതിന്റേയും അനുഭവമാണ് ഇന്ന് ഈ ഗവൺമെന്റ് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഞാൻ പറയുന്നത്, ഇത്തരം കാര്യങ്ങളിൽ തീർച്ചയായിട്ടും ഒരു നിയന്ത്രണം ആവശ്യമാണ്. ഓരോ ഗവൺമെന്റും മാറി മാറി വരുമ്പോൾ ചെയ്യുന്നതെന്താണ്? കയ്യടി കിട്ടാൻ വേണ്ടിയുള്ള പ്രയോഗങ്ങൾ ചെയ്യുന്നു. ഞാൻ നിങ്ങളെ മാത്രം പറയുന്നതല്ല. ശമ്പളത്തിന്റെ കാര്യത്തിൽ നമ്മൾ വർദ്ധനവ് കൊടുക്കുന്നു. സാമൂഹ്യ സേവന രംഗത്ത് നമ്മൾ ഇൻഡ്യയിലെ മറ്റു പല സംസ്ഥാനങ്ങളെക്കാളും മുന്നിൽ വരുന്നു. വ്യാവസായിക രംഗത്ത് താഴോട്ടു പോകുന്നു. കാർഷിക രംഗത്തും താഴോട്ടു പോകുന്നു. നാച്ചറൽ റിസോഴ്സസ് .....

ശ്രീ. സി. കെ. നാണു: നമ്മുടെ നാട്ടിൽ ബഹുഭൂരിപക്ഷം ആളുകളും ദാരിദ്ര്യത്തിലിരിക്കുന്ന രാജ്യത്ത്, ജനങ്ങളുടെ പർച്ചെയ്സിംഗ് പവർ വർദ്ധിപ്പിക്കാൻ സഹായകരമായ രൂപത്തിൽ പരിശ്രമിക്കുന്നയവസരത്തിൽ....., ഉദാഹരണത്തിന് താങ്കൾ ഇവിടെ പ്ലസ് ടു അദ്ധ്യാപകരെക്കുറിച്ച് പറഞ്ഞു. പ്ലസ് ടു വന്നതിന്റെ ഫലമായി നമ്മൾ ഓരോ വില്ലേജിൽ നിന്നും കുട്ടികൾക്ക് എൻട്രൻസ് എഴുതുന്നതിന് സഹായകരമായ സാഹചര്യം ഉണ്ടാക്കുന്നു. അപ്പോൾ രാജ്യത്തിന് വരുമാനം ഉണ്ടാക്കുന്നതിനും വിദ്യാഭ്യാസം ഉള്ളവരെ പ്രൊഡ്യൂസ് ചെയ്യുന്നതിനും ആളുകൾക്ക് തൊഴിൽ കൊടുക്കുന്നതിനും സഹായകരമായി പ്രവർത്തിക്കുന്നയവസരത്തിൽ സ്വാഭാവികമായും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ വരുമാനത്തേക്കാൾ ചെലവുണ്ടാകുന്ന ഒരു സാഹചര്യം കേന്ദ്രത്തിലും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കഴിഞ്ഞ കുറെ കൊല്ലങ്ങളായി നടക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതെല്ലാം ശരിയാണ്. വിദ്യാഭ്യാസ രംഗത്ത് ഏറ്റവും വലിയ ഇൻവെസ്റ്റുമെന്റാണ്. ഞാൻ പറഞ്ഞത് അതല്ല. തീർച്ചയായും വേണം. പക്ഷെ നാം പറയേണ്ട ഒരു കാര്യമെന്ന് പറയുന്നത് വരവും ചെലവും തമ്മിൽ താരതമ്യമില്ലാതെ നമ്മൾ കുറെ പോയിട്ടുണ്ട്. അവിടെയാണ് സംഭവിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ റിസോഴ്സ് എന്താണ്? റിസോഴ്സ് എന്നു പറയുന്നത് കേന്ദ്രത്തിൽ നിന്നുള്ള സംഗതിയാകട്ടെ, സ്റ്റേറ്റിലെ സംഗതിയാകട്ടെ. ടാക്സിന്റെ കാര്യമെന്താണ്? നിങ്ങൾ ഇപ്പോൾ ടാക്സിന്റെ കാര്യം പറയുന്നുണ്ടല്ലോ. ഞങ്ങൾ വന്നപ്പോൾ മോശമാണ്.

ഡോ. തോമസ് ഐസക്: കേന്ദ്രത്തിൽ നിന്നും ഞങ്ങൾക്ക് തരുന്ന പണത്തിൽ ശരാശരി 60% വായ്പയായിട്ടാണ്. ഫിസ്കൽ ഡെഫിസിറ്റ് ഒന്നരശതമാനമായി നിജപ്പെടുത്തിക്കഴിഞ്ഞാൽ കേന്ദ്രത്തിൽ നിന്ന് ഭരണഘടനാപരമായി അവകാശപ്പെട്ട വായ്പയെടുക്കാൻ പറ്റുമെന്ന് മനസ്സിലാക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ മനസ്സിലാക്കിയിടത്തോളം ആഭ്യന്തരോൽപ്പാദനവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇത്. ആ ഉത്പ്പാദന വർദ്ധനവിന് ആവശ്യമായത് ചെയ്യാനുള്ള ഫ്ലെക്സിബിലിറ്റി വേണം എന്നാണ് എന്റെ അഭിപ്രായം. നമ്മൾ 1.5% എന്ന ഒരു ഫാർമുലയിട്ടുള്ള സമീപനം എടുക്കാതെ പോകാൻ ഒക്കില്ല. വിശ്വനിധിയുടെ കാര്യത്തിൽ നമ്മുടെ മൊത്ത വരുമാനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2001-2002-ൽ 75% ആയിരുന്നത് ഇപ്പോൾ 73% ആയി കുറഞ്ഞു. നികുതി പിരിവിന്റെ കാര്യത്തിൽ 7,000ത്തോളം രൂപ പിരിഞ്ഞു കിട്ടാനുണ്ട് എന്ന് പറയുന്നു. അതുപോലെ നോൺ ടാക്സ് റവന്യൂ വരുമാനം പറയുന്ന സമയത്ത് നികുതി ചുമത്താൻ കഴിഞ്ഞാൽ പിന്നെ ചെയ്യേണ്ടത് നോൺ ടാക്സ് റവന്യൂവാണ്. കേരളത്തിന്റെ നികുതി വളരെ മോശമാണ്. കേരളത്തിലെ നോൺ ടാക്സ് റവന്യൂ എന്നു പറയുന്നത് ടോട്ടൽ റവന്യൂവിന്റെ 6.6% ആണ്. കർണ്ണാടകയിൽ അത് 12.5%-വും തമിഴ്നാട്ടിൽ 8.3%-വുമാണ്. അപ്പോൾ ആ തരത്തിൽ സംസ്ഥാനത്തിന്റെ നോൺ ടാക്സ് കൂട്ടുന്ന സമയത്ത് നമ്മളെ സംബന്ധിച്ച് നോൺ ടാക്സ് റവന്യൂപോലും കുറഞ്ഞുകുറഞ്ഞു വരുകയാണ്. കടബാധ്യതയുടെ കാര്യമെടുത്തു നോക്കിയാൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് കടബാധ്യത 23,919 കോടി രൂപയായിരുന്നെങ്കിൽ ഞങ്ങൾ വന്നപ്പോൾ അത് കൂടിയിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ 7,000 കോടി രൂപ വർദ്ധിച്ചിട്ടുണ്ട്. അത് ശരിയാണ്. അതിന് പരിഹാരം വേണ്ടേ? ഈ കടമെടുക്കുന്ന സമയത്ത്, ഈ ബാധ്യത വരുന്ന സമയത്ത്, ചിന്തിക്കേണ്ട ഒരേയൊരു കാര്യം എന്ന് പറയുന്നത് കിട്ടുന്ന വായ്പ നമ്മൾ ഉപയോഗപ്പെടുത്തുന്ന സമയത്ത് അത് ഉത്പ്പാദനവുമായി ബന്ധപ്പെട്ട മേഖലയിൽ ചെലവഴിക്കണം. അതേ സമയത്ത് ദുർവ്യയങ്ങൾ ആ കാര്യത്തിൽ തീർച്ചയായും ഒഴിവാക്കേണ്ടതാണ്. പിന്നെ നമ്മുടെ ഗ്യാരണ്ടിയെ സംബന്ധിച്ച കാര്യങ്ങൾ അടുത്ത ബില്ലിൽ വരുന്നുണ്ട്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അത് വിശദമായി ചർച്ച ചെയ്യേണ്ട കാര്യമാണ്. ഗവൺമെന്റ് ഗ്യാരണ്ടി നോക്കുന്ന സമയത്ത് അതിനൊക്കെ ചില സ്ക്രൂട്ടിണി ആവശ്യമാണ്. എല്ലാറ്റിനും ഗ്യാരണ്ടി നിൽക്കുക, അത് കടബാധ്യതയായി തീരുക, പൊതുമേഖലാ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അടച്ചു തീർക്കാതിരിക്കുക, അത് നമ്മുടെ കടത്തിന്റെമേൽ വരുക. അതുകൊണ്ട് നമുക്ക് അത് വിപരീതമായിട്ട് ഭവിക്കുക ഇതൊക്കെത്തന്നെ നമ്മുടെ രാജ്യത്ത് നില നിൽക്കുന്ന സംഗതികളൊക്കെയാണ്. പിന്നെ നമ്മൾ ഇതുവരെ ചർച്ച ചെയ്ത സോഴ്സുകൾ ഉണ്ട്. അത് കേന്ദ്രത്തിന്റേതാകട്ടെ, മറ്റ് കടത്തിന്റേതാകട്ടേ ആൾട്ടർനേറ്റീവ് സോഴ്സ് ഉണ്ടെന്നുള്ള കാര്യം കൂടി നോക്കണം. ഒരു മാസം ഏതാണ്ട് 3,500 കോടി രൂപ വരെ വിദേശ മലയാളികളുടെ ഇൻവെസ്റ്റുമെന്റ് നമ്മുടെ ബാങ്കുകളിൽ വരുന്നു എന്നാണ് കണക്ക്. ഇവിടെ വരുന്ന ഈ വിദേശമലയാളികളുടെ ഇൻവെസ്റ്റ്മെന്റ്, അത് സ്റ്റേറ്റിൽ നിന്ന് ഒരു ബോണ്ട് വഴിമാക്കിക്കൊണ്ട് കുറച്ചുകൂടി ആൾട്ടർനേറ്റീവ് ആയിട്ടുള്ള പലിശനിരക്കും മറ്റും വച്ചുകൊണ്ട് ഡെപ്പോസിറ്റിന്റെ അടിസ്ഥാനത്തിൽ എൻ. ആർ. ഇ.-കൾക്കുവേണ്ടിയുള്ള ബോണ്ട് സംവിധാനം കൊണ്ടു വരുന്നതിനെപ്പറ്റി ആലോചിക്കുകയാണെങ്കിൽ വലിയ ഉരാക്കുടുക്കുകൾ ഇല്ലാത്ത വിധത്തിലുള്ള ചില വരുമാനമാർഗ്ഗങ്ങൾ അതിന്റെ ഫലമായിട്ട് കടമെടുക്കാൻ സാധിക്കും. നമ്മൾ കാണേണ്ട ഒരു കാര്യം, മറ്റു ഏജൻസികളിൽ നിന്നും സ്വാഭാവികമായിട്ടും പണം വാങ്ങുന്ന സമയത്ത് അവരുടെ കണ്ടീഷനൊക്കെ ഉണ്ടാകും. ഈ കണ്ടീഷനൊക്കെ വേണ്ട എന്ന് വയ്ക്കണമോയെന്ന് ചോദിച്ചാൽ, ചില കാര്യങ്ങളൊക്കെ വേണ്ട എന്ന് വയ്ക്കാൻ ഒക്കില്ല. ഉദാഹരണമായിട്ട് സ്റ്റാഫ് പാറ്റേണിലൊക്കെ വരുത്തേണ്ട മാറ്റങ്ങൾ, മറ്റു പല കാര്യങ്ങളിലൊക്കെ ചില കണ്ടീഷൻസ് ഉണ്ട്. എ. ഡി. ബി. പറഞ്ഞിട്ടാണ് ചെയ്യുന്നതെന്ന് ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ പറഞ്ഞു. എ. ഡി. ബി. മാത്രമല്ല, എ. ഡി. ബി. പറഞ്ഞതിലുണ്ട്, ധവളപത്രം ഇറക്കിയതിലുണ്ട് ഗവൺമെന്റിന്റെ സാമ്പത്തിക നിയന്ത്രണ രേഖയിലുണ്ട്, പ്ലാനിംഗ് ബോർഡിന്റെ പല റെക്കമെന്റേഷൻസിലും ഉണ്ട്. എ. ഡി. ബി. പറഞ്ഞു എന്നുള്ളത് കൊണ്ട് ചെയ്യാതിരിക്കാൻ ഒക്കില്ല. നമ്മൾ അവരിൽ നിന്നും ലോൺ വാങ്ങുന്ന സമയത്ത് ചില കണ്ടീഷൻസൊക്കെ ഉണ്ടാകും. ഞങ്ങൾക്ക് ഒരു കണ്ടീഷനും ബാധകമല്ല ലോൺ ഇങ്ങ് തരാൻ പറഞ്ഞാൽ ഒരു എ. ഡി. ബി.-യും പണം തരാൻ പോകുന്നില്ല. ഇവിടെ പൊതുച്ചെലവ് പുനഃപരിശോധിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയുണ്ടാക്കി. നല്ല കാര്യമാണ്. ഇംഗ്ലീഷിൽ ഒരു പ്രയോഗമുണ്ട്. If you don't want to do a thing, then form a committee. ഇങ്ങനെ ഉണ്ടാക്കിയിട്ട് കാര്യമില്ല. കമ്മിറ്റി എന്നു പറയുന്നത് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കണം. ഒരു പാട് കാര്യങ്ങൾ ചെയ്യാനുള്ളതാണ്. ഇവിടെ ഒരു റിവ്യൂവും നടക്കുന്നില്ല. ഞാനും നേരത്തെ പി. എ. സി.-യിൽ ഉണ്ടായിരുന്നതാണ്. ഞാനിപ്പോൾ എസ്റ്റിമേറ്റ് കമ്മിറ്റിയിലുണ്ട്. ഞങ്ങൾ പരിശോധിച്ച പല രേഖകളിൽ നിന്നും കാണാൻ കഴിഞ്ഞത് അക്കൗണ്ടബിലിറ്റി എന്നു പറയുന്ന ഒരു കാര്യം ഡിപ്പാർട്ടുമെന്റുകൾക്ക് ഇല്ല എന്നതാണ്. ഇവിടെ ശ്രീ. കെ. സി. ജോസഫ് പറഞ്ഞ കാര്യം എത്രയോ ശരിയായിട്ടുള്ള കാര്യമാണ്. ബഡ്ജറ്റിൽ പാസ്സാക്കികൊടുക്കുന്ന സംഖ്യ ആ ബഡ്ജറ്റ് എന്നു പറയുന്നത് ആളുകൾക്ക് വിശ്വസിക്കാൻ കഴിയാത്ത ഒരു രേഖയായി മാറുകയാണോ എന്ന് സംശയിക്കുകയാണ്. അതിന് വിലയില്ല. സപ്ലിമെന്ററി ഡിമാന്റിലൂടെ പണം വാങ്ങുന്നു, ഒറിജിനലിൽ പാസ്സാക്കി കൊടുത്തതുതന്നെ ചെലവാക്കുന്നില്ല. എന്നിട്ടാണ് സപ്ലിമെന്ററി ഡിമാന്റിലൂടെ വാങ്ങുന്നത്. ബഡ്ജറ്റിൽ പാസ്സാക്കി കൊടുത്തതുമായിയാതൊരു ബന്ധവുമില്ല. അതിന്റെ പുറമേ ചിലത് ചെലവാക്കുന്നു. അപ്പോൾ എന്താണ് ബഡ്ജറ്റ് എന്നു പറയുന്നത്. വർഷാവർഷം നമ്മൾ എഴുന്നള്ളത്തൊക്കെ നടത്തുന്നതുപോലെ, ആഭരണമൊക്കെയിട്ട് ആനയെ എഴുന്നള്ളിക്കുന്നത് പോലെ എഴുന്നള്ളിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംഗതിയായിട്ട് മാറുകയും, അതിന്റെ മുകളിൽ യാതൊരു വിധ അക്കൗണ്ട ബിലിറ്റിയും ഇല്ലാത്ത വിധത്തിൽ നമ്മുടെ രാജ്യത്ത് സംഗതികൾ ഉണ്ട്. അതുകൊണ്ട് ഈ ബിൽ ഒരു കണക്കിന് പറഞ്ഞാൽ ഇതിന് ഫിസ്കൽ റെസ്പോൺസിബിലിറ്റി ബിൽ എന്ന് വിളിക്കുന്നുണ്ട് എങ്കിലും ശരിക്ക് ഇത് അക്കൗണ്ടബിലിറ്റി ബില്ലാണ്. തീർച്ചയായിട്ടും നല്ലതാണ്. ആദ്യം പറഞ്ഞ വാക്ക് ഒരിക്കൽ കൂടി ആവർത്തിച്ചു കൊണ്ട് ഞാൻ പറയട്ടെ നടപ്പിലാക്കുകയാണെങ്കിൽ നല്ല മനസ്സോടു കൂടി പ്രവർത്തി പഥത്തിൽ കൊണ്ടു വരികയാണെങ്കിൽ മനോഹരമായ ഒരു ആശയമാണ് ഈ ബില്ലിൽ ഉള്ളത്. അത് നടപ്പിലാക്കി കിട്ടാൻ വേണ്ടിയുള്ള പരിശ്രമത്തിൽ നമ്മൾ ഒത്തുചേർന്ന് പരിശ്രമിക്കണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഈ ബിൽ സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും സാമ്പത്തിക അച്ചടക്കത്തിന് അനിവാര്യമായതുകൊണ്ടാണ് ഈ വിധത്തിലുള്ള ഒരു ബിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും അവതരിപ്പിച്ച് പാസ്സാക്കണമെന്ന് തീരുമാനിച്ചിട്ടുള്ളത്. ഈ ബിൽ അവതരിപ്പിക്കുമ്പോൾ പുതുതായിട്ടുള്ള സാമ്പത്തികമേഖലയിലുള്ള ഒരു അച്ചടക്കം കൊണ്ടുവരുവാനുള്ള തീരുമാനത്തിന്റെ മുഖവുര എന്നുള്ള നിലയ്ക്ക് അഭിപ്രായങ്ങളും അഭിപ്രായ വ്യത്യാസങ്ങളും സാധാരണയായി ഉണ്ടാകും, ഉണ്ടാകണം. ഏതെല്ലാം കാരണങ്ങളെക്കൊണ്ട് ഇതിൽ മാറ്റങ്ങൾ ഉണ്ടാകണം. ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നാൽ ഉണ്ടാകാവുന്ന ബാദ്ധ്യതകൾ എന്തെല്ലാമായിരിക്കും, എന്തുകൊണ്ട് ഇങ്ങനെ ബാദ്ധ്യതകൾ ഉണ്ടാകുന്നു. ഈ ബിൽ ഉണ്ടാകുന്നതിനു മുമ്പ് ദീർഘകാലമായി ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞതിന് ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലേ, റെസ്പോൺസിബിലിറ്റി ഉണ്ടായിരുന്നില്ലേ, റവന്യൂ കമ്മി ഉണ്ടായിരുന്നില്ലേ, ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ പാസ്സാക്കാൻ സാധിച്ചോ, മുഴുവൻ എക്സ്പെൻഡീച്ചർ സൈഡ് വന്നോ എന്നുള്ള കാര്യങ്ങളെക്കുറിച്ച് നമുക്ക് 1947-നു ശേഷം ഇങ്ങോട്ടുള്ള ഗവൺമെന്റുകൾ വന്ന എല്ലാ കാലത്തേയും എല്ലാ സംസ്ഥാന ഗവൺമെന്റുകളേയും കേരളത്തിലേയും 1957-നു ശേഷമുള്ള ഗവൺമെന്റുകളുടെ ചരിത്രവും സാമ്പത്തിക രേഖകളും പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കുന്നതെന്താ. ഈ വിധത്തിലുള്ള ഒരു ബില്ലിന് ആദ്യമായി രൂപം കൊടുത്തത് ന്യൂസിലാന്റ് ഗവൺമെന്റ് ആണെന്നാണ്. The Fiscal Responsibility Act of 1994 of New Zealand Government was the first piece of legislation by any Government to provide for legislating..... അവരാണ് കൊടുത്തത്. അതുകൊണ്ട് ഈ വിധത്തിലുള്ള ഒരു ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്, ഈ ബിൽ ഫിസ്കൽ റെസ്പോൺസിബിലിറ്റി ബിൽ എന്നു പറഞ്ഞിട്ട് പാർലമെന്റ് പാസ്സാക്കി, രാജ്യസഭയും അതിന് അംഗീകാരം കൊടുത്തു.

ഡോ. തോമസ് ഐസക്: നിർണ്ണയിക്കപ്പെട്ട സംഖ്യാപരമായ അളവുകളെ നീക്കം ചെയ്തിട്ടല്ലേ പാസാക്കിയത്?

ശ്രീ. കെ. ശങ്കരനാരായണൻ: പറയാം, 5 വർഷം കൊണ്ട് 2008-ൽ റവന്യൂ കമ്മി ഇല്ലാതാക്കുക എന്നുള്ളതാണ് പാർലമെന്റ് പാസ്സാക്കിയ ബില്ലിൽ പറഞ്ഞിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന ക്ലാസ്. 5 വർഷംകൊണ്ട് 2008-ൽ ധനകമ്മി രണ്ടു ശതമാനമായിട്ട് കുറച്ചു കൊണ്ടു വരുക എന്നുള്ളതും പാർലമെന്റിൽ പാസ്സാക്കിയിട്ടുള്ള ബില്ലിൽ പറഞ്ഞിട്ടുണ്ട്. ഇത് പറയാനുള്ള പ്രധാനമായ ഒരു കാരണം പാർലമെന്റിനെ സംബന്ധിച്ചിടത്തോളം പാർലമെന്റും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങളും പാർലമെന്റിൽ ഇന്ത്യാ ഗവൺമെന്റിന് ഉണ്ടായിട്ടുള്ള കടബാദ്ധ്യതകളും സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പൊതുകടം സാമ്പത്തിക വർഷാവസാനം 17.79 ലക്ഷംകോടി രൂപയായി ഉയരും എന്നുള്ളതാണ് പറഞ്ഞിരിക്കുന്നത്. 2001-2003-ൽ ഇത് 11.68 ലക്ഷം കോടി രൂപയായിരുന്നു. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിന് അത് നിശ്ചയം ഇല്ലാത്തതുകൊണ്ടല്ല, പക്ഷെ അദ്ദേഹം വേറെയൊരു കോർണറിൽ കൂടിയാണ് പോയത്. അതുകൊണ്ട് ഈ ഭാഗം അദ്ദേഹം ഉപേക്ഷിച്ചു. ഈ ഭാഗം ഉപേക്ഷിച്ചിട്ട് വേറെ ഭാഗത്തു കൂടിയാണ് പോയത്. ഈ ബിൽ പാസ്സാക്കിയിട്ട് For claborating on the difficult fiscal situation Shri Jaswant Singh said "the countries debt is estimated to go up to Rs. 17.79 lakh crores from Rs. 11.68 lakh crores in 2001-2002 എന്നു പറഞ്ഞിരിക്കുന്നു. ഇത് ഇൻഡ്യൻ എക്സ്പ്രസ്സിന്റെ ഒരു കട്ടിംഗിൽ പറയുന്നതാണ്. അദ്ദേഹം അവതരിപ്പിച്ച ബില്ലിലും വിമർശനങ്ങൾ ഒക്കെ വന്നിട്ടുണ്ട്. ശ്രീ. ബിനോയ് വിശ്വം പറഞ്ഞ കൂട്ടത്തിലും വിമർശനം ഉണ്ട്. കാരണം പാർലമെന്റിനും പ്രതിപക്ഷം ഉണ്ടല്ലോ. അപ്പോൾ വിമർശനം ഇല്ലാതിരിക്കില്ല. ഈ ബിൽ എന്നു പറയുന്നത് ആവശ്യമായിട്ടുള്ള ഒരു ബില്ലാണ്. ഇത് ആദ്യമായി ഇങ്ങനെ പാർലമെന്റിലും നിയമസഭയിലും ഒക്കെ വന്ന ഒരു ബിൽ എന്നുള്ള നിലയ്ക്ക് ഇതിന് വളരെ വ്യക്തമായിട്ടുള്ള അഭിപ്രായമാണ് ഉണ്ടാകുന്നത്. നല്ലതാണ്. വളരെ ആലോചിച്ച്, ഇപ്പോൾ തന്നെ ഇന്നലെ മൂന്ന് മണി വരെ ഈ ബില്ലിനുള്ള അമെന്റ്മെന്റിന് അങ്ങ് സമയം കൊടുത്തു, ധാരാളം അമെന്റ്മെന്റ്സ് വന്നിട്ടുണ്ട്. നമുക്ക് അതിനെക്കുറിച്ച് ചർച്ച ചെയ്യാം.

മി. സ്പീക്കർ: 500 അമെന്റ്മെന്റ്സ് ഉണ്ട്.

കെ. ശങ്കരനാരായണൻ: അതാണ് സമിതി. 1990-1991-ൽ ജി. ഡി. പി.-യുടെ 3.3 ശതമാനമായിരുന്നു സംസ്ഥാന സർക്കാരുകളുടെ ധനകമ്മി. 2001-2002 ആയപ്പോഴേക്കും അത് 4.6 ശതമാനമായിട്ട് വർദ്ധിച്ചു. അപ്പോൾ വർദ്ധിക്കുന്നു എന്നുള്ള കാര്യത്തെക്കുറിച്ച് യാതൊരു സംശയവുമില്ല. ഞാൻ ഇവിടെ സപ്ലിമെന്ററി ഡിമാന്റ്സ് അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം പറഞ്ഞത് യാതൊരു കാരണവശാലും ചിന്തിക്കാൻ പറ്റാത്ത വിധത്തിലുള്ള റവന്യൂ കമ്മി കുതിച്ചു കയറിയിരിക്കുന്നുവെന്നാണ്. ഇപ്പോൾ പറയുന്നു റവന്യൂ കമ്മി കൂടുന്നതുകൊണ്ട് യാതൊരു തകരാറുമില്ല. ഗുജറാത്തിന്റെ കണക്കു പറഞ്ഞു. കർണ്ണാടകത്തിന്റെ കണക്ക് പറഞ്ഞു. പറഞ്ഞത് എന്തിനാണെന്നു വച്ചാൽ വെസ്റ്റ് ബംഗാളിലും ആയിരത്തിൽ ശിഷ്ടം കോടി ഉറുപ്പിക റവന്യൂ കമ്മി ഉണ്ട് എന്നുള്ളത് പറയാൻ വേണ്ടിയാണ് കർണ്ണാടകത്തിന് 17,000 ഉണ്ട്. തമിഴ്നാട്ടിൽ 16,000 ഉണ്ട് എന്ന് പറഞ്ഞത്.

ഡോ. തോമസ് ഐസക്: അങ്ങനെ പറയരുത്. ഞങ്ങൾ വളരെ വ്യക്തമായിട്ട് പറഞ്ഞു റവന്യൂ കമ്മി കൂടുന്നത് മോശമാണ്, റവന്യൂ കമ്മി ഇല്ലാതാക്കുന്ന നടപടികൾക്ക് പിന്തുണ. പക്ഷെ ഫിസ്കൽ ഡെഫിസിറ്റ് 1.5 ശതമാനമാക്കിയതിൽ എന്താ ന്യായമുള്ളത്. എന്താ ന്യായീകരണമുള്ളത്. കടംമേടിച്ച് നിത്യനിദാന ചെലവുകൾ നടത്തരുത്. കടം മേടിച്ച് വികസനം നടത്ത് ഞങ്ങൾ അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.. കെ. ശങ്കരനാരായണൻ: ഇത് രണ്ടുംകൂടി എങ്ങനെയാ ബന്ധപ്പെടുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ കടബാദ്ധ്യത എന്നു പറയുന്നത് 2001-2002-ൽ 11.68 ലക്ഷം കോടി രൂപ ആണെന്ന് ഞാൻ പറഞ്ഞു. 1990-ലും ധനകമ്മിയിലും റവന്യൂ കമ്മിയിലും കേന്ദ്ര സംസ്ഥാനങ്ങൾക്കുണ്ടായ വർദ്ധനവും ഇതിന്റെ ഭാഗമായി 2000 ജനുവരി 11-ന് ഇങ്ങനെ ഒരു ബിൽ കൊണ്ടു വരാൻ വേണ്ടി ഈ സാമ്പത്തികമായ സാഹചര്യത്തിലാണ് തീരുമാനിച്ചത്. ധനകാര്യ കമ്മീഷന്റെ കാര്യത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പറഞ്ഞു. ധനകാര്യ കമ്മീഷൻ, ഇൻഡ്യാ ഗവൺമെന്റ് 10,607 കോടി രൂപയുടെ ഇൻസന്റീവ് ഫണ്ടിന് രൂപം നൽകി. ഒരു സ്റ്റേറ്റ് ഫിസ്ക്കൽ റിഫോംസ് ഫെസിലിറ്റി 2000-2001, 2004-2005-ന് രൂപം നൽകുകയും ചെയ്തു. ഇതൊക്കെ ഇൻഡ്യാ ഗവൺമെന്റ് തീരുമാനിക്കുമ്പോൾ ഇൻഡ്യാ ഗവൺമെന്റിന് ചില [1 PM] ഉദ്ദേശ ലക്ഷ്യങ്ങൾ ഉണ്ട്. ഇവിടെ എന്തുകൊണ്ടാണ് 2007 വരെ ഇത് നീട്ടിക്കൊണ്ടു പോയത്? ഈ ഗവൺമെന്റിന്റെ കാലാവധിവരെ പോരേയെന്ന് ചോദിച്ചു. സർ ഞാൻ ചോദിക്കട്ടെ ഗവൺമെന്റ് കടം വാങ്ങുന്നതും ഗവൺമെന്റ് പെലവ് ചെയ്യുന്നതും പിന്നെ അടുത്ത ഗവൺമെന്റ് ഏത് വരുന്നു എന്ന് നോക്കിയിട്ടല്ല. അപ്പോഴത്തെ ആവശ്യത്തിനാണ്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കും കോടിയേരിയുമൊക്കെ ഇവിടെ പറഞ്ഞു ..... പ്രതിനിധാനം ചെയ്യുന്ന ഗവൺമെന്റ് വാങ്ങിച്ചിട്ടുള്ള കടം ഈ ഗവൺമെന്റ് കൊടുക്കണം, അത് കൊടുത്തേ പറ്റൂ. അത് ഭരണഘടനാപരമായിട്ടുള്ള ഒരു തീരുമാനമാണ്. ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. അത് കൂടിയേ പറ്റൂ. ഇനി ഏതെങ്കിലും കാലത്ത് ബഹുമാനപ്പെട്ട ശ്രീ. കെ. പി. രാജേന്ദ്രന് മന്ത്രി ആകാനുള്ള സാഹചര്യം ഉണ്ടായാൽ അദ്ദേഹത്തിനും അത് വേണ്ടി വരും. അതുകൊണ്ട് അതൊരു ന്യായവശമാണ്. ഞങ്ങൾ മോഡറൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിൽ ആറേഴുകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങൾ നടപ്പിലാക്കിയാൽ മാത്രമേ ഇത് നടപ്പിലാകുകയുള്ളൂ. ഒന്ന്, രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു..... ബാക്കി ഞാൻ നാളെ പറഞ്ഞുകൊള്ളാം. ഒരു കാര്യം, ഗവൺമെന്റ് അടുത്ത വർഷം 2004-2005-ലെ ബഡ്ജറ്റ് ഫെബ്രുവരി മാസത്തിൽ അവതരിപ്പിച്ച് മാർച്ച് 31-ാം തീയതിക്കുള്ളിൽ ഫുൾ ബഡ്ജറ്റ് പാസ്സാക്കാണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ തീരുമാനം. അത് ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ 10-ാം വകുപ്പു കൂടി വച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്. ഈ ബിൽ നമ്മൾ പാസ്സാക്കി കഴിഞ്ഞാൽ എം. ജി. പി. നടപ്പിലാക്കുന്ന സെക്രട്ടറി ആയാലും ഫിനാൻസ് സെക്രട്ടറി ആയാലും ഫിനാൻസുമായി ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി, എക്സ്പെൻഡീച്ചർ സെക്രട്ടറി ഉൾപ്പെടെയുള്ള സ്ഥാനങ്ങളിൽ ഇരിക്കുന്നവർ തുടർച്ചയായി നിശ്ചിതമായ പിരീഡിൽ ഇരിക്കണമെന്ന ഒരു വ്യവസ്ഥയുണ്ടോ, അതൊന്ന് തുറന്ന് പറയണം.

ശ്രീ. കെ. ശങ്കരനാരായണൻ: ഈ തെരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റിന്റെ അധികാരമെന്ന് പറയുന്നത് എപ്പോഴും ഓപ്പൺ ആണ്. അത് കർബ് ചെയ്യാൻ ആർക്കും പറ്റില്ല. ഏതെല്ലാം നിയമങ്ങൾ കൊണ്ടു വന്നാലും തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഗവൺമെന്റ് എന്നു പറയുന്നതിന്റെ അധികാരം, ഉദ്യോഗസ്ഥൻമാരുടെ അധികാരത്തിൽ

നിന്ന് വ്യത്യസ്തമായിട്ടുള്ള അധികാരമാണ്, അത് എന്നെന്നും നിലനിൽക്കുന്നു. ഒരു കാര്യം കൂടി പറയുന്നു. ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു. ഈ കഴിഞ്ഞ വർഷം കൊടുത്തിട്ടുള്ള ബോണസ്സും ശമ്പളവുമെല്ലാം ഈ വർഷം കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കുമോ എന്ന് ചോദിച്ചു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി അക്കാര്യത്തെക്കുറിച്ച് ആലോചിച്ചു. കഴിഞ്ഞ വർഷം കൊടുത്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഈ വർഷം തൊഴിലാളികൾക്കും ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കും കൊടുക്കണമെന്നുള്ളതാണ് മുഖ്യമന്ത്രി പറഞ്ഞത്. അത് തീർച്ചയായും കൊടുക്കുന്നതായിരിക്കും. കഴിഞ്ഞ വർഷം അതെല്ലാം കൊടുത്തിട്ടുണ്ടെങ്കിൽ അത് കൊടുക്കും. അതിനുപുറമെ എന്തെങ്കിലും കൊടുക്കാൻ പറ്റുമെങ്കിൽ അതും കൊടുക്കും. സർ, ബാക്കി പ്രധാനപ്പെട്ട കാര്യങ്ങൾ എന്നു പറയുന്നത്, മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ആ സംസ്ഥാനങ്ങൾ ഇതെല്ലാം പാസ്സാക്കിയിട്ടുണ്ട്. ഇവിടെ എന്തുകൊണ്ടാണ് ഈ റവന്യൂ കമ്മി ഇത്ര കൂടിയതെന്ന് ചോദിച്ചാൽ ഞാൻ കഴിഞ്ഞ പ്രാവശ്യം നിയമസഭയിൽ പറഞ്ഞതാണ്. അത് ഇനി ഇപ്പോൾ അവതരിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടില്ല. ഏതായാലും റവന്യൂ കമ്മി ചുരുക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉണ്ടാക്കി കൊണ്ടുവന്നു, പ്ലാനും പ്ലാൻ ഫണ്ടിലും ഡെവലപ്പ്മെന്റ് ഏരിയായിലും ഒരു നയാ പൈസ കുറവ് വരുത്താതെ ചെലവ് ചെയ്ത് പ്ലാൻ മുഴുവൻ ചെലവാക്കണമെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. അത് ഇതുമായിട്ട് യാതൊരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

Shri K. C. Jopseph: No.

Mr. Speaker: The amendment moved by Shri K. C. Joseph is, by leave, withdrawn.

Shri E. T. Mohammed Basheer, do you press your amendment?

Shri E. T. Mohammed Basheer: No.

Mr. Speaker: The amendment moved by Shri E. T. Mohammed Basheer is, by leave, withdrawn.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(145) ഖണ്ഡം 2 (എ)-ൽ "202-ാം അനുച്ഛേദപ്രകാരം" എന്നവാക്കിനു ശേഷം "വർഷം തോറും" എന്ന വാക്കുകൂടി ചേർക്കുക.

(158) ഖണ്ഡം 2 (സി)-യിൽ "നടപ്പുവർഷം" എന്നതിനുപകരം "കഴിഞ്ഞവർഷം" എന്നു ചേർക്കുക.

(162) ഖണ്ഡം 2 (സി)-യിൽ "മിതകാലനയവും" എന്നതിനുപകരം "ഹ്രസ്വകാല നയവും" എന്നു ചേർക്കുക.

(170) ഖണ്ഡം 2 (ഡി)-യിൽ "മൊത്തവരവിൻമേലുള്ള മൊത്തചെലവിന്റെ" എന്നതിനുപകരം "മൊത്തവരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ" എന്നു ചേർക്കുക.

(171) ഖണ്ഡം 2 (ഡി)-യിൽ "അറ്റതുകയേയും" എന്നതിനുപകരം "ആകെ തുകയേയും" എന്നു ചേർക്കുക.

(174) ഖണ്ഡം 2 (ഡി)-യിൽ "തൻവർഷത്തിൽ" എന്നതിനുപകരം "ആ വർഷത്തിൽ" എന്നു ചേർക്കുക.

(182) ഖണ്ഡം 2 (ഇ)-യിൽ "ആഭ്യന്തര ഉൽപ്പന്നങ്ങളുടെ" എന്നതിനുപകരം "ആഭ്യന്തര ഉൽപ്പാദനത്തിന്റെ" എന്നു ചേർക്കുക.

(185) ഖണ്ഡം 2 (ജി)-യിൽ "മിതകാലപദ്ധതി" എന്നതിനുപകരം "ഹ്രസ്വകാല പദ്ധതി" എന്നു ചേർക്കുക.

(197) ഖണ്ഡം 2 (എച്ച്)-ൽ "നിർണ്ണയിക്കപ്പെട്ട" എന്ന വാക്ക് ചേർത്തിരിക്കുന്ന ഭാഗത്ത് "നിശ്ചയിക്കപ്പെട്ട" എന്നവാക്ക് ചേർക്കുക.

(205) ഖണ്ഡം 2 (ജെ)-ൽ "ദ്യോതിപ്പിക്കുന്ന" എന്നവാക്കിനുപകരം "സൂചിപ്പിക്കുന്ന" എന്നവാക്ക് ചേർക്കുക.

(209) ഖണ്ഡം 2 (എൽ)-ൽ "പബ്ലിക് അക്കൗണ്ടിൻമേലും" എന്നവാക്കിനു മുൻപായി സംസ്ഥാനത്തിന്റെ" എന്നവാക്കുകൂടി ചേർക്കുക.

ഒരു വാക്ക് പറയാനുണ്ട് സർ, ഖണ്ഡം 2 (എ)-യിൽ "വർഷിക ബഡ്ജറ്റ്" എന്നാൽ ഇൻഡ്യൻ ഭരണഘടനയുടെ 202-ാം അനുച്ഛേദപ്രകാരം നിയമസഭയുടെ മുമ്പാകെ വയ്ക്കുന്ന വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റാണ്. അനുച്ഛേദപ്രകാരം എന്ന വാക്കിനു ശേഷം "വർഷംതോറും" എന്നുകൂടി ചേർക്കണം. അതേ രൂപത്തിൽ വരവും ചെലവും അതിനെ സംബന്ധിച്ച് പറയണം. നടപ്പ് വർഷം എന്നു പറയുമ്പോൾ നിലവിലുള്ള വർഷത്തിന് മുൻവർഷം എന്നാണ് പറയുന്നത്. അങ്ങിനെയാണ് പ്രതിപാദിക്കുന്നത്. അങ്ങനെയാണ് നിർവചനം, ഭാഷാപരമായിട്ട് ശരിയല്ല. അത് കഴിഞ്ഞ വർഷം എന്നാക്കി മാറ്റുന്നതാണ് ശരി. അതേരൂപത്തിൽ ഇതിനെ സംബന്ധിച്ച് പറയുന്നു, ബഡ്ജറ്റും ധനസംബന്ധമായ മിതകാലനയവും അവതരിപ്പിക്കുന്നത് അതിന് തൊട്ടുമുമ്പുള്ള വർഷം എന്നുപറയുന്നു. അതേ രൂപത്തിൽ വരവിൻമേലുള്ള മൊത്തച്ചെലവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അധികത എന്നർത്ഥമാക്കുന്നു. ഭാഷാപരമായിട്ട് പരസ്പരം മനസ്സിലാക്കുന്ന രൂപത്തിലാണ് വേണ്ടത്. അത് വരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ എന്നാക്കി മാറ്റണം. ഒരു കാര്യംകൂടി അതേ രൂപത്തിൽ മൊത്തം ആഭ്യന്തര ഉൽപ്പന്നങ്ങളുടെ അനുപാതം പോലുള്ള മാനദണ്ഡങ്ങൾ എന്ന് അർത്ഥമാക്കുന്നു. അത് അങ്ങിനെയാണ്. അതിൽ ഉൽപ്പാദനത്തിൽ എന്നാക്കിയാൽ മതി. ഒരു ബഹുവചനത്തിന്റെ ആവശ്യം അവിടെ വരുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(146) ഖണ്ഡം 2 (എ)-ൽ "വയ്ക്കുന്ന" എന്നത് "സമർപ്പിക്കുന്ന" എന്ന് ഭേദഗതി ചെയ്യുക.

(152) ഖണ്ഡം 2 (ബി)-യിൽ "കമ്മിറ്റി" എന്നവാക്ക് രണ്ടിടത്ത് ഉപയോഗിച്ചിട്ടുള്ളത് "സമിതി" എന്ന് രണ്ടിടത്തും ഭേദഗതി ചെയ്യുക.

(168) ഖണ്ഡം 2 (ഡി)-യിൽ "മൊത്തവരവിൻമേലുള്ള മൊത്തചെലവിന്റെ അധികത" എന്നത് "മൊത്തവരവിൽ കവിഞ്ഞ മൊത്തചെലവ്" എന്ന് ഭേദഗതി ചെയ്യുക.

(169) ഖണ്ഡം 2 (ഡി)-യിൽ "മൊത്തവരവിൻമേലുള്ള മൊത്തചെലവിന്റെ അധികത" എന്നത് "മൊത്തവരവിനെ അധികരിച്ചുള്ള മൊത്തചെലവ്" എന്ന് ഭേദഗതി ചെയ്യുക.

(180) ഖണ്ഡം 2 (ഇ)-യിൽ "ധനസംബന്ധമായ അവസ്ഥ" എന്നത് "സാമ്പത്തിക നില" എന്ന് ഭേദഗതി ചെയ്യുക.

(190) ഖണ്ഡം 2 (ജി)-യിൽ "അഞ്ചുവർഷക്കാലയളവിലേക്ക്" എന്നത് "നിലവിലുള്ള സർക്കാരിന്റെ ഭരണ കാലയളവിലേക്ക്" എന്ന് ഭേദഗതി ചെയ്യുക.

(211) ഖണ്ഡം 2 (എം)-ൽ "ബഞ്ചുമാർക്കുകൾ" എന്നത് "മാനദണ്ഡങ്ങൾ" എന്ന് ഭേദഗതി ചെയ്യുക.

(212) ഖണ്ഡം 2 (എം)-ൽ "ബഞ്ചുമാർക്കുകൾ" എന്നത് "അടിസ്ഥാനതോതുകൾ" എന്ന് ഭേദഗതി ചെയ്യുക.

ഇതിൽ 2-ാം വകുപ്പ് നിർവചനങ്ങൾ ആണ്. നിർവചനങ്ങളിൽ വാർഷിക ബഡ്ജറ്റ് സംബന്ധിച്ച് പറയുന്ന കൂട്ടത്തിൽ നിയമസഭ മുമ്പാകെ വയ്ക്കുന്നു എന്നതാണ് വരുന്നത്. അതിനുപകരം അതൊന്ന് ക്ലിയർ ആക്കാൻ സമർപ്പിക്കുന്നു എന്നാക്കിയാൽ അതൊന്നും അപകടമുള്ള ഭേദഗതിയല്ല. ഭാഷ ശരിയാക്കാമെന്ന് മാത്രമേയുള്ളൂ. മറ്റൊന്ന്, 152, സബ്ജക്ട് കമ്മിറ്റിയെ സംബന്ധിച്ച് ബി-യിൽ പറയുന്നത് രണ്ട് സ്ഥലത്ത് സമിതി എന്നാക്കി മാറ്റുക എന്നതാണ്. മറ്റൊന്ന് ഡി-യിൽ പറയുന്നത് മൊത്തവരവിൻമേലുള്ള മൊത്തചെലവിന്റെ അധികത എന്നത് മൊത്തവരവിൽ കവിഞ്ഞ മൊത്തചെലവ് എന്നാക്കുക. അത് വ്യക്തത ഉണ്ടാക്കാൻ തന്നെ മാത്രമാണ്. മറ്റൊന്ന് 169, അത്, 168-ന് സമാനമായിട്ടുള്ളത് തന്നെയാണ്. 180, ധനസംബന്ധമായ അവസ്ഥ എന്ന

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക നിലയെന്നാക്കുക, അതിന്റെ മറ്റ് വിശദാംശങ്ങൾ വേണ്ടാത്തതുകൊണ്ടാണ്. 140, അഞ്ചുവർഷക്കാലയളവിലേക്ക് എന്നത് നിലവിലുള്ള സർക്കാരിന്റെ ഭരണകാലത്തേക്ക് എന്നാക്കണം. അത് തുടർച്ചയായിട്ടല്ലേ എന്ന് ചോദിച്ചാൽ ഈ പോളിസി എൽ. ഡി. എഫ്. അംഗീകരിക്കുന്നില്ല. നിങ്ങൾ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നയം നയപരമായിട്ട് ഞങ്ങൾക്ക് വിയോജിപ്പ് ഉണ്ട്. ഇവിടെ ഗവൺമെന്റ് എന്നു പറയുന്നത്, ഏതാണ് ഗവൺമെന്റ് എന്നതിനെ സംബന്ധിച്ച് അഞ്ചുവർഷക്കാലം എന്നു വയ്ക്കുന്നത് വലിയ അപകടം ഉണ്ടാക്കും. ഇവിടെ എൽ. ഡി. എഫ്.-ന്റെ കാലത്ത് ഈ നിയമത്തിന് ദേഗതി വരും. അന്നേരത്തെ ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ ഇപ്പോൾതന്നെ ഇത് ചെയ്യുന്നതാണ് നല്ലത്. നിങ്ങളുടെ ഗവൺമെന്റിന്റെ ആയുസ്സിനെപ്പറ്റി സംശയം ഉള്ളതുകൊണ്ടാണെങ്കിൽ നിലവിലുള്ള എന്നു പറഞ്ഞാൽ തീരും. മനസ്സിലായില്ലേ, അത്ര ധൃതി കൂട്ടരുത്. നമ്മുടെ സി. എച്ച്. മുഹമ്മദ് കോയയുടെ പ്രസംഗത്തെപ്പറ്റി നമ്പാടൻ മാഷ് പറഞ്ഞതുപോലെയുള്ള പ്രയോഗം നടത്തുന്നില്ല. ബഹുമാനപ്പെട്ട ചെയറിന് അത് അറിയാം. അത് എല്ലാപേർക്കും അറിയാവുന്ന വിദ്യയല്ല. അതുകൊണ്ട് ചെറിയ സാവകാശം വേണം. ഇതു സംബന്ധിച്ച് ധനസംബന്ധമായ പോളിസി സ്റ്റേറ്റ്മെന്റ് എന്നത് ധനകാര്യനയ പ്രസ്താവന എന്നാക്കണം. സർ, മറ്റൊന്ന് മീഡിയം ടേം ഫിസ്ക്കൽ പോളിസി എന്നത് മിതകാല സാമ്പത്തികനയ പ്രസ്താവന എന്നാക്കി മാറ്റണം. പാഴ്ച്ചെലവ് ഒഴിവാക്കിക്കൊണ്ടുള്ള മിതവ്യയം പ്രാവർത്തികമാക്കിക്കൊണ്ടുള്ള രീതിയാക്കുന്നതിൽ എനിക്ക് വിയോജിപ്പ് ഇല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഗതികൾ അവതരിപ്പിക്കുന്നു:

(147) ഖണ്ഡം 2 (എ)-ൽ "ധനകാര്യസ്റ്റേറ്റ്മെന്റ്" എന്നതിനുപകരം "ധനകാര്യസ്റ്റേറ്റുമെന്റും അനുബന്ധരേഖകളും" എന്നവാക്കുകൾ ചേർക്കുക.

(154) ഖണ്ഡം 2 (ബി)-യിൽ "പൊതുചെലവ് പരിശോധന കമ്മിറ്റി" എന്നതിനുപകരം "പൊതുചെലവ് പരിശോധന നിയന്ത്രണകമ്മിറ്റി" എന്ന് ചേർക്കുക.

(159) ഖണ്ഡം 2 (സി)-യിൽ "ഏതുവർഷത്തേയ്ക്കാണോ" എന്നതിനുപകരം "അതിനുതൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തെ" എന്നു ചേർക്കുക.

(167) ഖണ്ഡം 2 (ഡി)-യിൽ "സർക്കാരിന്റെ" എന്ന വാക്കിനുശേഷം "കടം ഉൾപ്പെടെയുള്ള" എന്നുകൂടി ചേർക്കുക.

(188) ഖണ്ഡം 2 (ജി)-യിൽ "അഞ്ചുവർഷക്കാലയളവിലേയ്ക്ക്" എന്നതിനുപകരം "മൂന്നുവർഷക്കാലത്തേയ്ക്ക്" എന്നു മാറ്റണം.

(199) ഖണ്ഡം 2 (ഐ)-യിൽ "നടപ്പുവർഷത്തിന്റെ മുമ്പുള്ള" എന്നതിനുപകരം "മുമ്പുള്ള സാമ്പത്തിക വർഷം" എന്നു ചേർക്കുക.

(203) ഖണ്ഡം 2 (ജെ)-യിൽ "സംസ്ഥാനത്തിന്റെ" എന്ന വാക്കിനുശേഷം "കടം ഉൾപ്പെടെയുള്ള" എന്ന വാക്കുകൾ ചേർക്കുക.

(207) ഖണ്ഡം 2 (എൽ)-ൽ "മൊത്ത ബാദ്ധ്യതകൾ" എന്നതിനുപകരം "കടം ഉൾപ്പെടെയുള്ള ബാദ്ധ്യതകൾ" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(215) ഖണ്ഡം 2 (എം)-നു ശേഷം പുതുതായി (എൻ) എന്ന പുതിയ ഇനം ചേർക്കുക:

"'(എൻ)' 'കടം' എന്നാൽ സർക്കാർ കാലാകാലങ്ങളിൽ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വ്യവസ്ഥകളിൻമേൽ വാങ്ങുന്ന സംഖ്യ എന്നർത്ഥമാകുന്നു."

ഇതിൽ അക്കൗണ്ടബിലിറ്റി എന്നു പറയുന്നത്, നമുക്ക് അക്കൗണ്ടബിലിറ്റി വേണം, ചെലവ് ചെയ്യുന്നതു സംബന്ധിച്ച കാര്യങ്ങളെ പറയുന്നതിന്, സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഒരുപാട് ഓർഡറുകൾ ഇറക്കുന്നുണ്ട്. പല തരത്തിൽ എം. ഒ. യു. പോകുന്നുണ്ട്. നമ്മുടെ നിയമസഭ തന്നെ അത് അറിയണമെന്നില്ല. കേന്ദ്ര ഗവൺമെന്റുമായി ഒപ്പുവയ്ക്കുന്നുണ്ട്. പല ധനകാര്യസ്ഥാപനങ്ങളുമായി ഒപ്പുവെച്ച എഗ്രിമെന്റുകളും ലെറ്റർ ഓഫ് എക്സ്ചേഞ്ചും എം. ഒ. യു.-വും അനുബന്ധമായി വരുന്ന രേഖകൾ പ്രധാനപ്പെട്ട് ഒരു കാര്യം ധനകാര്യ സ്റ്റേറ്റ്മെന്റ് മാത്രം പോരാ, സാമ്പത്തികമായി ബന്ധപ്പെട്ട് വരികയും എല്ലാ അനുബന്ധ രേഖകളും പ്രത്യേകിച്ച് ഒപ്പുവെച്ച് എം. ഒ. യു.-യും ലെറ്റർ ഓഫ് എക്സ്ചേഞ്ചും ഉൾപ്പെടെ, പൊതുചെലവ് പരിശോധനാ കമ്മിറ്റി, വളരെ ആത്മാർത്ഥമായി ചെലവ് നിയന്ത്രിക്കാനുള്ള കമ്മിറ്റിയാണല്ലോ. അതിന് നിയന്ത്രണം വേണം. വെറും പരിശോധന മാത്രം പോരാ. നിയന്ത്രണം കൂടി വേണം. ഞാൻ അത് ഇതിൽ പറയുന്നു. സർക്കാരിന്റെ മൊത്തം വരവെന്ന് പറയുമ്പോൾ, കടമല്ലെ ഏറ്റവും പ്രധാനപ്പെട്ട വരവായി പറയുന്നത്. കടം വരവ് ഉൾപ്പെടെ എന്നതിൽ ഇതിന് വ്യവസ്ഥ ചെയ്യണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. നിങ്ങൾ ഗവൺമെന്റിന്റെ പീരീഡ് മാത്രമല്ലേ പറയുന്നത്. 5 വർഷം എന്നത് കരാറിലെ വ്യവസ്ഥയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അത് ഇവിടെ പറയണം. ഇതിനകത്ത് ഒപ്പുവച്ച നമ്മൾ, വായ്പാ കരാറിൽ 5 വർഷമെന്ന് പറഞ്ഞ് വ്യവസ്ഥ ചെയ്തെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു, അടുത്ത് മാറ്റാമല്ലോ എന്ന്. ചില കാര്യങ്ങൾ മാറ്റണമെങ്കിൽ തടസ്സം വരും. ആ രീതിയിൽ കരാറിൽ ഒപ്പുവെച്ച് എ. ഡി. ബി.-യുടെ കയ്യിൽ നിന്നും വായ്പകളൊക്കെ വാങ്ങി, 5 വർഷം എന്ന് വ്യവസ്ഥ ചെയ്തുകഴിഞ്ഞാൽ അത് മാറ്റാൻ വിഷമമുണ്ട്. ഞങ്ങൾ അവിടെ ഡിസംബർ 16-ന് ഒപ്പുവച്ച വ്യവസ്ഥയിൽ ഉള്ളതാണ്. അത് ഇവിടെ പറഞ്ഞാൽ മതി. അല്ലെങ്കിൽ 5 വർഷം എന്നുള്ളത് നിങ്ങൾ പറയാൻ പാടില്ലാത്തതാണ്. ഇതിന്റെ ഏത് സംവിധാനങ്ങളായാലും, ഇതുമായി ബന്ധപ്പെട്ട് വരുന്ന കാര്യങ്ങൾ, ഇപ്പോൾ ഒരു പുതിയ കമ്മിറ്റി ഇതിൽ വരുന്നുണ്ട്. നമ്മുടെ കോൺസ്റ്റിറ്റ്യൂഷണൽ കമ്മിറ്റി ഉണ്ടല്ലോ. ഭരണഘടനാ ഉത്തരവാദിത്വം നിർവ്വഹിക്കാൻ പി. എ. സി. കമ്മിറ്റി ഉണ്ടല്ലോ. കമ്മിറ്റിയെ മറികടന്നുകൊണ്ടുള്ള നടപടിക്രമത്തിലേക്ക് പോകാൻ പാടില്ല. അതുകൊണ്ട് നിർവചനമൊക്കെ പറയുമ്പോൾ നിർവചനത്തിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വചിക്കുന്നതിൽ വ്യക്തത ഉണ്ടാകണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(148) ഖണ്ഡം 2 (എ)-ൽ "സ്റ്റേറ്റ്മെന്റ്" എന്നവാക്കിനുപകരം "പ്രസ്താവന" എന്ന വാക്കുചേർക്കുക.

(175) ഖണ്ഡം 2 (ഡി)-യിൽ "പ്രതിനിധീകരിക്കുന്നതുമാകുന്നു" എന്നതിനുപകരം "സൂചിപ്പിക്കുന്നതുമാകുന്നു" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(153) ഖണ്ഡം 2 (ബി)-യിൽ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം എന്നതിനു പകരം 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം എന്നു ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(155) ഖണ്ഡം 2 (ബി) താഴെപറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(ബി)-'കമ്മിറ്റി' എന്നാൽ 6-ാം വകുപ്പ് 1-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ടതും എ. ഡി. ബി. നിർദ്ദേശപ്രകാരമുള്ളതും ആയ പൊതു ചെലവ് പുനഃപരിശോധന കമ്മിറ്റി എന്നർത്ഥമാകുന്നു."

(160) ഖണ്ഡം 2 (സി)-യിൽ "ധനസംബന്ധമായ മിതകാലനയവും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

(165) ഖണ്ഡം 2 (സി)-യ്ക്ക് ശേഷം പുതിയൊരു ഉപഖണ്ഡമായി താഴെ പറയുന്നത് ചേർക്കുകയും ശേഷമുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(ഡി)-'മുൻകാലകമ്മി' എന്നാൽ ഏതുവർഷത്തേയ്ക്കാണോ ധനസംബന്ധമായ മിതകാല നയം അവതരിപ്പിക്കുന്നത് അതിന് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷം വരെയുള്ള കമ്മി" എന്നർത്ഥമാകുന്നു.

(178) ഖണ്ഡം 2 (ഡി) താഴെപറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"(ഡി) 'ധനകമ്മി' എന്നാൽ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ നിർണ്ണയിച്ച പ്രകാരം കണക്കാക്കിയ സർക്കാരിന്റെ മൊത്തവരവിൻമേലുള്ള മൊത്ത ചെലവിന്റെ അധികത എന്നർത്ഥമാകുന്നതും സഞ്ചിത കമ്മി, സർക്കാരിന്റെ തൻ വർഷത്തിൽ കൊടുത്തു തീർക്കേണ്ടതായ ബാദ്ധ്യതകൾ എന്നിവ ഉൾപ്പെടുന്നതും തൻവർഷത്തിൽ സർക്കാരിന്റെ കടം വാങ്ങുന്നതിനുള്ള ആവശ്യകതയേയും കടം തിരിച്ചടവിന്റെ അറ്റതുകയേയും ദ്യോതിപ്പിക്കുന്നതുമാകുന്നു."

(183) ഖണ്ഡം 2 (ഇ) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"(ഇ) 'ധനസംബന്ധമായ സൂചകങ്ങൾ' എന്നാൽ സംസ്ഥാന സർക്കാരിന്റെ ധനസംബന്ധമായ അവസ്ഥ വിലയിരുത്തുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന രൂപത്തിൽ തയ്യാറാക്കുന്ന ധനസംബന്ധമായ കണക്കുകളും, സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം, ആഭ്യന്തരവും ബാഹ്യവുമായ കടങ്ങൾ, സംസ്ഥാനത്തിന്റെ കൊടുത്തുതീർക്കേണ്ട ബാദ്ധ്യതകൾ തുടങ്ങിയ മാനദണ്ഡങ്ങൾ എന്നർത്ഥമാകുന്നു."

(189) ഖണ്ഡം 2 (ജി)-യിൽ "അഞ്ചു വർഷക്കാലയളവിലേക്ക്" എന്നവാക്കുകൾക്കു പകരം "2006 ഏപ്രിൽ 31-ന് പൂർത്തീകരിക്കും വിധത്തിലുള്ള കാലയളവിലേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

(198) ഖണ്ഡം 2 (എച്ച്)-ൽ "എന്നർത്ഥമാകുന്നു" എന്നവാക്കിനുശേഷം "എന്നാൽ അപ്രകാരമുള്ള ആക്റ്റ് നിലവിൽ വന്ന് ഒരു മാസത്തിനകം ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങൾ പ്രാബല്യത്തിൽ വരേണ്ടതുമാകുന്നു" എന്നീ വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

(210) ഖണ്ഡം 2 (എൽ)-ൽ "ഉള്ള ബാദ്ധ്യതകൾ" എന്നതിനു പകരം "ഉള്ള മൊത്തം ബാദ്ധ്യതകൾ" എന്നു ചേർക്കുക.

155-ലെ 7 (ബി) നിർവചനം സംബന്ധിച്ചുള്ളതാണ്. പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി, അതിന്റെ ഡെഫിനിഷനാണ് പറയുന്നത്. പുനഃപരിശോധനാ കമ്മിറ്റി എന്നു പറയുന്നത്, ഇപ്പോൾ തന്നെ നമ്മുടെ ഭരണഘടനാനുസൃതമായ സംവിധാനങ്ങളുണ്ട്. അതിനു പുറമെയാണ് കമ്മിറ്റി കൊണ്ടുവരുന്നത്. എന്തുകൊണ്ട് നിങ്ങൾക്ക് എ. ഡി. ബി. നിർദ്ദേശത്തെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു കമ്മിറ്റിയാണെന്ന് പറഞ്ഞു കൂടാ. അതല്ലേ സത്യം. ഇത് ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 160-ലെ 2 (സി)-ൽ പറയുന്ന കാര്യങ്ങൾ ധനത്തെ സംബന്ധിച്ചാണ്.

മി. സ്പീക്കർ: അമെന്റ്മെന്റ് കൊടുത്തതും രാഷ്ട്രീയമായിട്ട് തന്നെ.

ശ്രീ. എം. വി. ജയരാജൻ: സർ, രാഷ്ട്രീയമായിട്ടുതന്നെയാണ് ഞങ്ങൾ ഈ ബില്ലിനെ കാണുന്നത്. സത്യസന്ധമായിട്ട് പറയണ്ടേ? ധനസംബന്ധമായിട്ടുള്ള മിതകാലനയമെന്ന് ഈ നടപ്പുവർഷത്തെ ഡിഫൈൻ ചെയ്യുമ്പോൾ വേണ്ടതില്ല. അത് ബഡ്ജറ്റിനെ അടിസ്ഥാമാക്കിയാണ് ഇതുവരെ പറഞ്ഞുവരുന്നത്. മറ്റൊരു നിർവചനം തന്നെ അതിനുവേണ്ട. 165, പുതിയതായി ഒരു നിർവചനം ചേർക്കുക എന്നുള്ളതാണ്. മുൻകാലകമ്മി നമ്മൾ ഡിഫൈൻ ചെയ്യുന്നില്ലെങ്കിൽ എപ്പോഴാണ് വരും വർഷത്തെ ചെലവ് സന്തുലനാവസ്ഥയിലേക്ക് എത്തിക്കാൻ പരിശ്രമിക്കുന്നത്. അതിനു മുമ്പു വരെയുള്ള എല്ലാ കമ്മിയും ഇതിനകത്ത് ഡിഫൈൻ ചെയ്യണമെന്നുള്ളതാണ് എന്റെ ഇതു സംബന്ധിച്ചുള്ള ഭേദഗതി. ധനസംബന്ധമായ സൂചകങ്ങൾ ഇവിടെ ഡിഫൈൻ ചെയ്തത് ശരിയായ വിധത്തിലല്ല. അതുകൊണ്ട് അത് കൃത്യമായി ഡിഫൈൻ ചെയ്യണം. ധനസംബന്ധമായ സൂചകങ്ങളെന്നാൽ സംസ്ഥാന സർക്കാരിന്റെ ധനസംബന്ധമായ അവസ്ഥാവിലയിരുത്തുന്നതിനുവേണ്ടി നിർണ്ണയിക്കാവുന്ന രൂപത്തിൽ തയ്യാറാക്കുന്ന ധനസംബന്ധമായ കണക്കുകൾ, സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം, ആഭ്യന്തരവും ബാഹ്യവുമായ കടങ്ങൾ, സംസ്ഥാനം കൊടുത്തുതീർക്കേണ്ട കടങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങളെല്ലാം വിവരിക്കുന്ന വിധത്തിൽ ആയിരിക്കണം എന്നുള്ളതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(156) ഖണ്ഡം 2 ഉപഖണ്ഡം (ബി)-ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം പുതുതായി ചേർക്കുകയും ശേഷമുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(സി) തൻവർഷം എന്നാൽ ഏത് വർഷത്തേയ്ക്കാണോ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ആ വർഷം എന്നർത്ഥമാകുന്നു."

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(161) ഖണ്ഡം 2 (സി)-ൽ "ധനസംബന്ധമായ മിതകാലനയവും" എന്നതിനെ "മിത കാലധനകാര്യനയവും" എന്ന് ഭേദഗതി ചെയ്യുക.

(179) ഖണ്ഡം 2 (ഇ)-ൽ "സർക്കാരിന്റെ ധനസംബന്ധമായ അവസ്ഥ" എന്നതിനു പകരം "സർക്കാരിന്റെ ധനകാര്യ സ്ഥിതി" എന്നും "ആഭ്യന്തര ഉൽപ്പന്നങ്ങളുടെ" എന്നതിനു പകരം "ആഭ്യന്തര ഉൽപ്പാദനത്തെ അടിസ്ഥാനമാക്കിയുള്ള" എന്നുമുള്ള ഭേദ ഗതികൾ വരുത്തുക.

(196) ഖണ്ഡം 2 (ജി)-താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(ജി) "മിതകാല ധനകാര്യ നയപ്രസ്താവന" എന്നാൽ റവന്യു കമ്മിയും ധനക മ്മിയും കുറയ്ക്കുന്നത് സംബന്ധിച്ച മൂന്നു വർഷത്തെ പരിവർത്തന ലക്ഷ്യങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള പ്രസ്താവനയാണ്.

(202) ഖണ്ഡം 2 (ജെ)-ൽ "ആസ്ഥികളിൽ" എന്നവാക്കിനെ "ആസ്തികളിൽ" എന്നു ഭേദഗതി ചെയ്യുക.

(213) ഖണ്ഡം 2 (എം)-താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(എം) നിയന്ത്രണ സൂചനകൾ (ട്രിഗേഴ്സ്) എന്നാൽ കമ്മി സംബന്ധമായ ഒരു ധനകാര്യവർഷത്തിലെ നിശ്ചിത കാലയളവുകളിൽ പാലിക്കേണ്ടുന്ന ബെഞ്ചുമാർക്കുകൾ എന്നർത്ഥമാകുന്നു."

സർ, പൊതുവായിട്ടുള്ള മാറ്റം, Medium term fiscal policy എന്ന് പറഞ്ഞിരുന്നെ കിൽ, മിതകാല ധനകാര്യനയം എന്നതാണ് ഔചിത്യം. ബഹുമാനപ്പെട്ട മന്ത്രിതന്നെ സംസാരിച്ചപ്പോൾ ധനസംബന്ധമായ കമ്മി എന്നല്ല പറഞ്ഞത്, ധനകമ്മി എന്നാണ്. അങ്ങനെയാണോ മലയാളത്തിൽ ഉപയോഗിക്കുക. ഫിസ്കൽ ഡെഫിസിറ്റ്. ധനകമ്മി. അതുപോലെ തന്നെ ധനകമ്മിയുടെ നിർവ്വചനം ആശയക്കുഴപ്പമുണ്ടാക്കുന്നതാണ്. വളരെ ലളിതമായ കാര്യമാണ്. സർക്കാരിന്റെ മുൻവർഷത്തെ വായ്പാ അവശ്യവും, വായ്പാ തിരിച്ചടവും ചേരുന്നതാണ്. ധനകാര്യസ്ഥിതി റിലയിരുത്തുന്നതിനു വേണ്ടി, ജി. ഡി. പി. യുടെ തർജ്ജമ കൊടുത്തിരിക്കുന്നത്, ആഭ്യന്തര ഉൽപ്പന്നങ്ങളുടെ അനുപാ തമെന്നാണ്. ഒരു കാരണവശാലും ഉല്പന്നങ്ങൾ എന്ന് ഉപയോഗിക്കാൻ പാടില്ല. ഏറി വന്നാൽ ഉല്പന്നം എന്നാണ്. യഥാർത്ഥത്തിൽ മലയാളത്തിൽ എഴുതുന്നത് ഉല്പന്നമെ ന്നാണ്. ആ രീതിയിൽ മാറ്റുന്നതാണ് ഭംഗി. സെക്ഷൻ 2 (ജി)-ൽ ധനസംബന്ധമായ മിതകാല പദ്ധതി, മീഡിയം ടേം ഫിസ്കൽ ഫ്രെയിംവർക്കെന്ന് പറയുന്ന പദപ്രയോഗം ബില്ലിലെങ്ങുമില്ല. യഥാർത്ഥത്തിൽ അത് നിർവ്വചിക്കേണ്ടത്, ധനസംബന്ധമായ പോളിസി സ്റ്റേറ്റുമെന്റാണ്. അതുകൊണ്ട് അതിൽ എന്തെങ്കിലും ചെയ്യേണ്ടതാണ്.

<u>ശ്രീ. ടി. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(183) ഖണ്ഡം 2 (സി)-ൽ "അതിനുതൊട്ടുമുമ്പുള്ള വർഷം" എന്നതിനുപകരം "ആ വർഷം" എന്നു ചേർക്കുക.

(187) ഖണ്ഡം 2 (ജി)-ൽ "അഞ്ചുവർഷക്കാലയളവിലേയ്ക്ക്" എന്നതിനുപകരം "രണ്ടു വർഷക്കാലയളവിലേയ്ക്ക്" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(164) ക്ലോസ് 2 (സി) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

"(സി) 'നടപ്പുവർഷം' എന്നാൽ ഏതു വർഷത്തേക്കുള്ള ബഡ്ജറ്റാണോ അവതരിപ്പിക്കുന്നത് ആ വർഷം എന്നർത്ഥമാകുന്നു."

(166) ക്ലോസ് 2 (ജി)-ൽ "ഇല്ലാതാക്കണമെന്ന" എന്നപദത്തിനുപകരം "ഇല്ലാതാക്കി റവന്യൂ മിച്ചം ഉണ്ടാക്കണമെന്ന" എന്നവാക്കുകൾ ചേർക്കുക.

സർ, 164-നെ സംബന്ധിച്ച് ഒന്നും പറയാനില്ല. 166, ഇതിന്റെ നിർവ്വചനം, (ജി) സംബന്ധിച്ചാണ്. ധനസംബന്ധമായ മിതകാല പദ്ധതിയെന്നാൽ, റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി എന്നതാണ്. അതുമാറ്റിക്കൊണ്ട് ഇല്ലാതാക്കണം എന്ന പദത്തിനു പകരം റവന്യൂ മിച്ചം ഉണ്ടാക്കണം എന്ന് ചേർക്കണം.

ശ്രീ. എം. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(166) (1) ക്ലോസ് 2 (ഡി)-യിൽ "നിർണ്ണയിച്ച പ്രകാരം കണക്കാക്കിയ സർക്കാരിന്റെ മൊത്ത വരവിൻമേലുള്ള മൊത്ത ചെലവിന്റെ" എന്നതിനുപകരം "നിർണ്ണയിച്ച പ്രകാരമുള്ള സർക്കാരിന്റെ മൊത്തം വരവിൻമേലുള്ള മൊത്തം ചെലവിന്റെ" എന്നു ചേർക്കുക.

(2) "എന്നർത്ഥമാകുന്നതും" എന്നതിനുശേഷം "അത്" എന്നു ചേർക്കുക.

(3) "അറ്റതുകയേയും" എന്നതിനുശേഷം "കൂടി" എന്നു ചേർക്കുക.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(177) ക്ലോസ് 2 (ഡി) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

"(ഡി) 'ധനകമ്മി' എന്നാൽ സർക്കാരിന്റെ മൊത്ത വരവിൻമേലുള്ള മൊത്ത ചെലവിന്റെ അധികത എന്നർത്ഥമാകുന്നതും, സഞ്ചിതകമ്മി, ബാദ്ധ്യതകൾ, തൻ വർഷത്തിൽ സർക്കാരിന്റെ കടം വാങ്ങുന്നതിനുള്ള ആവശ്യകത. തിരിച്ചടവിന്റെ അറ്റതുക എന്നിവയെ പ്രതിനിധീകരിക്കേണ്ടതും ആകുന്നു."

(184) ക്ലോസ് 2 (ജി)-ൽ "ധനസംബന്ധമായ മിതകാല പദ്ധതി എന്നാൽ" എന്നതിനുശേഷം "സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് അനുസൃതമായ വിധത്തിലും നിലവിലുള്ള സാമൂഹ്യക്ഷേമപദ്ധതികളുടെ നടത്തിപ്പിനെ ഹനിക്കാത്ത രൂപത്തിലും ഉള്ള ധനകാര്യമാനേജുമെന്റിലൂടെ" എന്നു ചേർക്കുക.

സർ, ലാ ഡിപ്പാർട്ടുമെന്റിലെ മലയാളം പരിഭാഷകനെ ഒരു റിഫ്രഷർ കോഴ്സിന് അയയ്ക്കണം. എല്ലാം അതുപോലെതന്നെയാണ്. ധനസംബന്ധമായ കമ്മി, കേരളത്തിലെ ഏതെങ്കിലും സാമ്പത്തിക ശാസ്ത്ര പുസ്തകത്തിൽ ഉണ്ടാകില്ല. അതുകൊണ്ട് ധനകമ്മി എന്നാക്കി മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(181) ഖണ്ഡം 2 (ഇ)-ൽ "അവസാന" എന്നതിനുപകരം "നിലവാരം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(191) ഖണ്ഡം 2 (ജി)-യിൽ "മുതലുള്ള അഞ്ചുവർഷക്കാലയളവിലേയ്ക്ക്" എന്നതിനു പകരം "മുതൽ ഈ ഗവൺമെന്റിന്റെ കാലാവധിവരെ" എന്ന് ചേർക്കുക.

ശ്രീ. ഇ. എം. അഗസ്തി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(192) ഖണ്ഡം 2 (ജി)-ൽ (1) "ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന സാമ്പത്തിക വർഷം മുതലുള്ള അഞ്ചുവർഷക്കാലയളവിലേയ്ക്ക്" എന്നതിനുപകരം "ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന സാമ്പത്തിക വർഷം മുതലുള്ള നാലുവർഷക്കാലയളവിലേയ്ക്ക്" എന്ന് ചേർക്കുക.

(2) "രൂപം നൽകിയ പദ്ധതി" എന്നതിനുപകരം "രൂപം നൽകുന്ന പദ്ധതി" എന്നു ചേർക്കുക.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(195) ഖണ്ഡം 2 (ജി) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്.

"ധന സംബന്ധമായ മിതകാല പദ്ധതി എന്നാൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതു മുതൽ 2005-2006 സാമ്പത്തിക വർഷം വരെയുള്ള കാലയളവിലേക്ക് സർക്കാർ രൂപം നൽകിയ പദ്ധതി എന്നർത്ഥമാകുന്നു."

സർ, 5 വർഷക്കാലയളവിലേയ്ക്ക് എന്നുള്ളത്, 2005-06 സാമ്പത്തിക വർഷത്തേയ്ക്കുള്ള കാലയളവിലേക്ക് എന്നാക്കി മാറ്റണം.

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, പ്രധാനമായിട്ടും അംഗീകരിക്കേണ്ടതായിട്ട് ഒന്നുമില്ല. ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല. വളരെ പ്രധാനമായിട്ടും ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, ഭേദഗതി നമ്പർ 190-ൽ 5 വർഷത്തേയ്ക്കെന്നുള്ളത് ഭേദപ്പെടേണ്ട കാര്യമില്ല. അത് മാറ്റണമെന്ന് ചിന്തിക്കുന്നില്ല. അതിൽത്തന്നെ നിൽക്കുന്നു.

മി. സ്പീക്കർ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികളെ അനുകൂലിക്കുന്നവർ .....

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതിക്കും പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—31

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, ബിനോയ് വിശ്വം
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ,, എം. കുമാരൻ
14. ,, കെ. വി. കുഞ്ഞിരാമൻ
15. ,, കോവൂർ കുഞ്ഞുമോൻ
16. ,, വി. കെ. സി. മമ്മത്കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, പിരപ്പൻകോട് മുരളി
20. ,, സി. കെ. നാണു
21. ,, പി. നാരായണൻ
22. ഡോ. എ. നീലലോഹിതദാസൻ നാടാർ
23. ശ്രീ. കെ. രാധാകൃഷ്ണൻ
24. ,, മാങ്കോട് രാധാകൃഷ്ണൻ
25. ,, എൻ. രാജൻ
26. ,, കെ. പി. രാജേന്ദ്രൻ
27. ,, ടി. പി. രാമകൃഷ്ണൻ
28. ,, സാജുപോൾ
29. ,, കെ. പി. സതീശ് ചന്ദ്രൻ
30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
31. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—54

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, സി. ടി. അഹമ്മദ് അലി
4. ,, എ. കെ. ആന്റണി
5. ,, എൻ. ഡി. അപ്പച്ചൻ
6. ,, ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, കെ. എ. ചന്ദ്രൻ
9. ,, എം. എ. ചന്ദ്രശേഖരൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, എം. പി. ഗംഗാധരൻ
12. ,, പി. പി. ജോർജ്
13. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ,, പി. ജെ. ജോയി
15. ,, വർക്കല കഹാർ
16. ,, ജി. കാർത്തികേയൻ
17. ,, കെ. കെ. നായർ
18. ,, പി. കെ. കുഞ്ഞാലിക്കുട്ടി
19. ഡോ. എം. എ. കുട്ടപ്പൻ
20. ,, റൂഡി ലൂയിസ്
21. ,, സി. മമ്മൂട്ടി
22. ,, ഇ. ടി. മുഹമ്മദ് ബഷീർ
23. ,, കെ. മോഹൻ കുമാർ
24. ,, എ. കെ. മണി
25. ,, എം. മുരളി
26. ,, ഉഞ്ഞൻചാണ്ടി
27. ,, എം. കെ. പോൾസൺ മാസ്റ്റർ
28. ,, വി. ജെ. പൗലോസ്
29. ,, ടി. എൻ. പ്രതാപൻ
30. ,, ജി. പ്രതാപവർമ്മ തമ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
32. ,, ടി. യു. രാധാകൃഷ്ണൻ
33. ശ്രീമതി രാധാരാഘവൻ
34. ശ്രീ. എ. എൻ. രാജൻ ബാബു
35. ,, യു. സി. രാമൻ
36. ,, തമ്പാനൂർ രവി
37. ,, ടി. പി. എം. സാഹിർ
38. ,, എൻ. ശക്തൻ
39. ,, കെ. ശങ്കരനാരായണൻ
40. ശ്രീമതി മാലേത്ത് സരളാദേവി
41. ശ്രീ. വി. ഡി. സതീശൻ
42. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
43. ശ്രീ. കെ. കെ. ഷാജു
44. ,, കടവൂർ ശിവദാസൻ
45. ശ്രീമതി ശോഭനാ ജോർജ്
46. ശ്രീ. സ്റ്റീഫൻ ജോർജ്
47. ,, കെ. സുധാകരൻ
48. ,, എ. സുജനപാൽ
49. ,, എൻ. സുന്ദരൻ നാടാർ
50. ,, സി. എഫ്. തോമസ്
51. പ്രൊഫ. കെ. വി. തോമസ്
52. ശ്രീ. തോമസ് ഉണ്ണിയാടൻ
53. ,, ഉമേഷ് ചള്ളിയിൽ
54. ,, എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ---ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—31

പ്രതികൂലിക്കുന്നവർ —54

നിഷ്പക്ഷതപാലിക്കുന്നവർ---ആരുമില്ല

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 145, 158, 162, 170, 171, 174, 182, 185, 197, 205, 209 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 146, 152, 168, 169, 180, 211, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 154, 159, 167, 188, 199, 203, 207, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 148, 175 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 155, 160, 165, 178, 183, 189, 198, 210 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 161, 179, 196, 202, 213 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 163, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 164, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 177, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(220) ഖണ്ഡം 3 (1)-ൽ സാമ്പത്തിക വർഷവും എന്നതിനുശേഷം "വസ്തുനിഷ്ഠവും ഏറ്റവും അവസാനത്തെ സ്ഥിതി വിവരക്കണക്കുകൾ ഉൾപ്പെടുത്തി" എന്നു കൂട്ടിച്ചേർക്കുക.

(239) ഖണ്ഡം 3 (2)-ൽ "മൂന്നുവർഷം" എന്നതു "ഒരു വർഷം" എന്നു മാറ്റണം.

(266) ഖണ്ഡം 3 (3) (ബി)-ക്കു ശേഷം താഴെ പറയുന്ന ഇനങ്ങൾ പുതുതായി ചേർക്കുക:

"(സി) സർക്കാരിന്റെ കടം—കടം സംബന്ധമായവ."

"(ഡി) സർക്കാർ മറ്റ് ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങുന്നതുമായി ഉണ്ടാക്കിയിട്ടുള്ള കരാർ വ്യവസ്ഥകളും".

"(ഇ) കടം വാങ്ങിയതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും".

(275) ഖണ്ഡം 3 (4) (എ)-യിൽ "മറ്റ് ബാദ്ധ്യതകളും" എന്നതിനു പകരം "മറ്റു സാമ്പത്തിക ബാദ്ധ്യതകളും" എന്നു ചേർക്കുക.

(283) ഖണ്ഡം 3 (4) (ബി)-യിൽ "ധനസംബന്ധമായ മേഖലയിൽ" എന്നതിനു ശേഷം "സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന ആഗോളവൽക്കരണ നയങ്ങൾ" എന്നു കൂട്ടിച്ചേർക്കണം.

(285) ഖണ്ഡം 3 (4) (ബി)-യിൽ "തന്ത്രപ്രധാനമായ" എന്നതിനുപകരം "തന്ത്രപ്രധാനവും അടിയന്തിരവുമായ" എന്നു ചേർക്കുക.

(296) ഖണ്ഡം 3 (4) (സി)-ക്കുശേഷം താഴെപ്പറയുന്നവ പുതുതായി ഉൾപ്പെടുത്തുക:

"(ഡി) സേവനമേഖലകളിൽ ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള അടിസ്ഥാനപരമായ മാറ്റങ്ങളെ സംബന്ധിച്ച വിലയിരുത്തൽ".

"(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള ഘടനാപരമായ മാറ്റങ്ങളെ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ്".

"(എഫ്) കടം വാങ്ങലുകളുടെ ഫലമായി ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുള്ള മേഖലകളെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ്".

ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണ് 3-ാം വകുപ്പ്. അതുകൊണ്ട് രണ്ടു വാക്ക് പറയാൻ അനുവദിക്കണം. 220-ൽ വസ്തുനിഷ്ഠവും ഏറ്റവും അവസാനത്തെ സ്ഥിതി വിവരക്കണക്കുകൾ ഉൾപ്പെടുത്തി എന്നു കൂടി വേണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഒരു വാക്കിൽ പറയാം. സമയമെടുക്കുന്നില്ല. 3(2)-ൽ അത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വർഷം ആക്കണമെന്നാണ്. 3(3)-ൽ ബി-ക്ക് ശേഷം ഞാനൊരു പുതിയ ഇനം കൂടി ചേർക്കുന്നു. (സി) ആയിട്ട്. സർക്കാരിന്റെ കടം—കടം സംബന്ധമായവയും. (ഡി) സർക്കാർ മറ്റ് ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, കാലാകാലങ്ങളിൽ പല ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ കൂടുതൽ എടുക്കാനുള്ള സാദ്ധ്യത കണക്കിലെടുത്തുകൊണ്ട് ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളുമായി കടം വാങ്ങുന്നതിന് ഗവൺമെന്റ് അതാത് സമയത്ത് ഉണ്ടാക്കുന്ന കരാർ വ്യവസ്ഥകളും ഇതിന്റെ ഭാഗമായി വരണം. (ഇ) ആയിട്ട് പുതിയൊരെണ്ണം, കടം വാങ്ങിയതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അതൊരു പുതിയ വകുപ്പായി ചേർക്കണം. 277-നെ കുറിച്ച് പറയുന്നില്ല. 283-ൽ 3(4) (ബി)-യിൽ ധനസംബന്ധമായ മേഖലയിൽ എന്നു കഴിഞ്ഞ് സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന ആഗോളവൽക്കരണ നയങ്ങൾ എന്നു കൂടി ചേർക്കുന്നതാണ് ബഹുമാനപ്പെട്ട മന്ത്രി, ഈ നിയമം നിങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ പൂർണ്ണമായി വെളിപ്പെടുത്താൻ നല്ലത്. അതുപോലെതന്നെ ഗ്ലോബലൈസേഷന്റെ ഭാഗമായി വരുന്ന ഒരു നിയമം ആയതുകൊണ്ട് 296 3 (4) (സി)-യ്ക്കുശേഷം .....

മി. സ്പീക്കർ: You are not serious. ഈ നിയമനിർമ്മാണത്തിലെങ്കിലും സീരിയസ്സാകണം. അതല്ലെങ്കിൽ ഗ്ലോബലൈസേഷൻ എന്നുള്ളത് ഇതിൽ ചേർക്കണമെന്ന് പറയുമോ? That means you are not serious. നിയമം സ്ട്രിക്റ്റായിരിക്കണം. ഗ്ലോബലൈസേഷനൊക്കെയാണോ എഴുതുന്നത്. At least a senior leader like you should not move such amendment. രാജേന്ദ്രൻ ഒരു പാർട്ടിയുടെ നേതാവാണ്. രാജേന്ദ്രന്റെ ഏത് ആക്ഷനും ഒരു പാർട്ടിയുടെ നേതാവെന്ന നിലയിലാകണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഗ്ലോബലൈസേഷൻ എന്ന വാക്കിന്റെ ഭാഗമായിട്ടാണ് എം. ജി. പി. വന്നിട്ടുള്ളത്.

മി. സ്പീക്കർ: അതെല്ലാം പൊളിറ്റിക്സാണ്. അതൊന്നും ഈ നിയമത്തിൽ വരാൻ പാടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ പിൻവലിക്കണമെങ്കിൽ പിൻവലിക്കാം. 'ഗ്ലോബലൈസേഷൻ' എന്ന വാക്ക് പറയുന്നതിനോട് എന്താണിത്ര അസഹിഷ്ണുത?

മി. സ്പീക്കർ: നിയമത്തിലാണോ അത് എഴുതുന്നത്. അതുപോലും അറിഞ്ഞുകൂടേ. ഗ്ലോബലൈസേഷന്റെ ഭാഗമായിട്ടാണ് എന്നാണോ നിയമത്തിൽ എഴുതുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അതിൽ എന്താണ് തെറ്റ്?

മി. സ്പീക്കർ: അത് ഇതുവരെ അറിഞ്ഞുകൂടാത്തതാണെന്ന് ഇപ്പോൾ മനസ്സിലായി.

ശ്രീ. കെ. പി. രാജേന്ദ്രൻ: അതിൽ തെറ്റെന്താണ്? .....(ബഹളം) ..... അത് എന്തെങ്കിലും പരിഹാരമാകാമോ?

മി. സ്പീക്കർ: ശ്രീ. ബിനോയ് വിശ്വത്തിന്റെ സപ്പോർട്ടില്ലാതെ ശ്രീ. കെ. പി. രാജേന്ദ്രന് പറയാനറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. രാജേന്ദ്രൻ: 'ഗ്ലോബലൈസേഷൻ' എന്നുപറയാൻ എന്താണ് മടിക്കുന്നത്? സർ, 296-ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള സ്ട്രക്ചറൽ ചെയ്ഞ്ചസ്, ഘടനാപരമായ ചെയ്ഞ്ച് എന്ന് ചേർക്കണം. കടം വാങ്ങലുകളുടെ പറവായി ഏതെങ്കിലും മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത് കൂടി ചേർക്കണം. ഗ്ലോബലൈസേഷൻ എന്ന വാക്ക് കേൾക്കുമ്പോൾ ..... (ബഹളം) .....

മി. സ്പീക്കർ: നിയമത്തിലല്ല അത്. അത് മനസ്സിലാക്കണം. നിങ്ങൾക്ക് പ്രസംഗിക്കുമ്പോൾ പറയാം.

ശ്രീ. കെ. വി. രാജേന്ദ്രൻ: പറഞ്ഞാൽ എന്താണ് തെറ്റ്?

മി. സ്പീക്കർ: തെറ്റാണ്.

ശ്രീ. കെ. വി. രാജേന്ദ്രൻ: എങ്ങനെയാണ് തെറ്റ് ആകുന്നത്?

മി. സ്പീക്കർ: നിയമത്തിലല്ല അത് എഴുതുന്നത്. നിയമത്തിൽ അങ്ങനെ എഴുതാറില്ല.

ശ്രീ. കെ. വി. രാജേന്ദ്രൻ: സ്പീക്കർ അത് പറയുന്നത് ശരിയല്ല. മന്ത്രി പറഞ്ഞാൽ അത് സ്വീകരിക്കാം.

മി. സ്പീക്കർ: സ്പീക്കർക്ക് പറയാം. ബഹുമാനപ്പെട്ട മെമ്പർമാർ .....

ശ്രീ. കെ. വി. രാജേന്ദ്രൻ: അത് തെറ്റാണെങ്കിൽ ആ ഭേദഗതി ഇവിടെ അവതരിപ്പിക്കാൻ അനുവദിക്കാൻ പാടില്ല. ഭേദഗതി ഇവിടെ അവതരിപ്പിക്കാൻ അനുവദിച്ചാൽ എനിക്കത് പറയാനുള്ള അവകാശമുണ്ട്. അങ്ങ് അത് പറഞ്ഞതിൽ എനിക്ക് വിഷമവും ഖേദവുമുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(221) ഖണ്ഡം 3 (1)-ൽ "മിതകാല" എന്നവാക്കിനുപകരം "ഹ്രസ്വകാല" എന്ന വാക്ക് ചേർക്കുക.

(235) ഖണ്ഡം 3 (2)-ൽ "മീഡിയം ടേം റിസ്കൽ പോളിസി" എന്നതിനുപകരം "ധനസംബന്ധമായ ഹ്രസ്വകാലനയ" എന്ന വാക്കുകൾ ചേർക്കുക.

(245) ഖണ്ഡം 3 (3)-ൽ "മിതകാലനയ" എന്നവാക്കിനുപകരം "ഹ്രസ്വകാലനയ" എന്ന് ചേർക്കുക.

(291) ഖണ്ഡം 3 (4) (സി)-യിൽ "മിതകാല" എന്നവാക്കിനുപകരം "ഹ്രസ്വകാല" എന്ന വാക്ക് ചേർക്കുക.

അതിൽ ഒരു കാര്യം മാത്രം പറയുന്നു. അതിൽ 3(2)-ൽ മീഡിയം ടേം റിസ്ക്കൽ പോളിസി എന്നാണ് പറയുന്നത്. അതിനു മുൻപ് 3(1)-ൽ പറയുന്നത് ധനസംബന്ധമായ

LIBRARY ARCHIVES Kerala Legislative Assembly

പോളിസി സ്റ്റേറ്റ്മെന്റ് എന്നാണ്. അതിൽ ഇടയ്ക്കിടയ്ക്ക് മലയാളം വാക്കുകൾ കയറി വരുന്നുണ്ട്. അതുകൊണ്ട് മീഡിയം ടേം ഫിസ്ക്കൽ പോളിസി എന്നതിനു പകരം ധന സംബന്ധമായ ഹ്രസ്വകാല നയം എന്നാക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(222) ഖണ്ഡം 3 (1)-ൽ "മിതകാല നയ സ്റ്റേറ്റ്മെന്റ്" എന്നതിനുപകരം "മിതകാല നയപ്രസ്താവനയും" എന്നാക്കി മാറ്റുക.

(223) ഖണ്ഡം 3 (1)-ൽ "നയ സ്റ്റേറ്റ്മെന്റ്" എന്ന വാക്കുകൾക്ക് പകരം "നയപരമായപ്രസ്താവന" എന്നുചേർക്കുക.

(231) ഖണ്ഡം 3 (2)-ൽ "മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റിൽ" എന്നതിനുപകരം "ധനസംബന്ധമായ മിതകാല നയപ്രസ്താവനയിൽ" എന്നു ചേർക്കുക.

(247) ഖണ്ഡം 3 (3)-ൽ "സ്റ്റേറ്റ്മെന്റിൽ" എന്നതിനുപകരം "പ്രസ്താവനയിൽ" എന്ന വാക്ക് ചേർക്കുക.

(253) ഖണ്ഡം 3 (3) (ബി)-യിൽ "ഉപയോഗം" എന്ന വാക്കിനുപകരം "വിനിയോഗം" എന്നു ചേർക്കുക.

(265) ഖണ്ഡം 3 (ബി)-ക്കുശേഷം താഴെപ്പറയുന്ന ഇനം പുതുതായി ചേർക്കുക:

(1) "(സി) നടപ്പു വർഷത്തിൽ ഗവൺമെന്റ്—

(i) നിത്യനിദാനച്ചിലവിനെടുത്തിട്ടുള്ള മുൻകൂറുകൾ, ഓവർ ഡ്രാഫ്റ്റുകൾ മറ്റു ധനകാര്യ ഏജൻസികളിലോ സ്ഥാപനങ്ങളിലോ നിന്നു വാങ്ങിയ വായ്പകൾ,

(ii) വായ്പകളുടെ തിരിച്ചടവിനും പലിശയ്ക്കും നൽകേണ്ടതായിവന്ന തുക.

(2) അവസാന വാചകത്തിൽ "എന്നിവയുടെ നിവനിൽപ്പിനെ" എന്നതിനു പകരം "എന്നിവയുടെ നിലയെ" എന്നു ചേർക്കുക.

(268) ഖണ്ഡം 3(4)-ൽ "സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ്" എന്നതിനുപകരം "തന്ത്രപ്രസ്താവനയിൽ" എന്നാക്കി മാറ്റുക.

ഒരു വാചകം മാത്രം പറയുന്നു, മീഡിയം ടേം ഫിസ്ക്കൽ പോളിസി എന്നു പറയുന്നത് നമ്മൾ ഇതിനകത്ത് 5 വർഷക്കാലത്തേയ്ക്കാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ 5 വർഷക്കാലത്തിൽ 3 വർഷം മാത്രമേ ഗവൺമെന്റിന്റെ കാലാവധിയായി ഇതിനകത്ത് ഉൾപ്പെടുത്താൻ കഴിയൂ എന്നുള്ള വാദം ശരിയല്ല. ഓരോ ഗവൺമെന്റും ഉണ്ടാക്കി വച്ചിരിക്കുന്ന ബാധ്യതകളെല്ലാം കൊടുത്ത് തീർക്കേണ്ടത് അടുത്ത ഗവൺമെന്റാണ്. ഗവൺമെന്റ് continuation ആണ്. കഴിഞ്ഞ ഗവൺമെന്റ് തന്നെ ടാക്സ് അഡ്വാൻസ് വാങ്ങിച്ചിട്ടുണ്ട്. അതുകൊണ്ട് അങ്ങനെ പറയുന്നത് ശരിയല്ല. ഇതിന്റെ കൂടെ നമ്മൾ നിത്യനിദാന ചെലവിന് വേണ്ടി വാങ്ങിക്കുന്ന, മുൻകൂറായി വാങ്ങുന്നതും ഓവർ ഡ്രാഫ്റ്റ് തുടങ്ങിയ കാര്യങ്ങൾ കൂടി ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തണമെന്നാണ്. നമ്മൾ വായ്പക്ക് വേണ്ടി വാങ്ങിച്ച പണവും അതിന്റെ പലിശ, എത്ര രൂപ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

വായ്പ വാങ്ങിച്ചു, എത്ര രൂപയായി പലിശ കൊടുത്തു എന്നത് കൂടി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തണമെന്നാണ്.

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(225) ഖണ്ഡം 3 (1)-ൽ "ധനസംബന്ധമായ മിതകാല നയ സ്റ്റേറ്റ്മെന്റും ഒരു ധന സംബന്ധമായ നയ സ്ട്രാറ്റജി സ്റ്റേറ്റുമെന്റും" എന്നതിനെ "മിതകാല ധനകാര്യ നയ പ്രസ്താവനയും ഒരു ധനകാര്യ തന്ത്ര നയ പ്രസ്താവനയും" എന്ന് ഭേദഗതി ചെയ്യുക.

(243) ഖണ്ഡം 3 (2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(2) മിതകാല ധനകാര്യ നയ പ്രസ്താവനയിൽ ധനസംബന്ധമായ സൂചകങ്ങൾക്ക് അടിസ്ഥാനമായ ധാരണകളുടെ കൃത്യമായ വിശദീകരണത്തോടു കൂടിയ ഒരു മൂന്നു വർഷ പരിവർത്തനലക്ഷ്യം പ്രതിപാദിക്കേണ്ടതാണ്."

(246) ഖണ്ഡം 3 (3)-ൽ "(3) ധനസംബന്ധമായ മിതകാലനയ സ്റ്റേറ്റ്മെന്റിൽ" എന്നതിനെ "മിതകാല ധനകാര്യ നയപ്രസ്താവനയിൽ" എന്നു ഭേദഗതി ചെയ്യുക.

(258) ഖണ്ഡം 3 (3) (ബി) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(ബി) ഉൽപാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്നതിനുവേണ്ടി തുറന്ന കമ്പോള വായ്പകൾ ഉൾപ്പെടെയുള്ള മൂലധനവരവിന്റെ ഉപയോഗം."

(269) ഖണ്ഡം 3 (4)-ൽ "ധനസംബന്ധമായ നയസ്ട്രാറ്റജി സ്റ്റേറ്റ്മെന്റിൽ" എന്നതിന് പകരം "ധനകാര്യതന്ത്ര നയപ്രസ്താവനയിൽ" എന്ന് ചേർക്കുക.

(277) ഖണ്ഡം 3(4) (എ)-യിൽ "ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കാൻ" എന്നത് "ബഡ്ജറ്റിനെ ബാധിക്കാൻ" എന്നാക്കുക.

(282) ഖണ്ഡം 3 (4) (ബി)-യിൽ "ധനസംബന്ധമായ" എന്ന വാക്കിന് പകരം "ധനകാര്യ" എന്ന വാക്ക് ചേർത്ത് ഭേദഗതി ചെയ്യുക.

(290) ഖണ്ഡം 3 (4) (സി)-ൽ "ധനസംബന്ധമായ നിർവ്വഹണ തത്വങ്ങളുമായും ധന സംബന്ധമായ മിതകാല നയ സ്റ്റേറ്റ്മെന്റിൽ" എന്നതിന് പകരം "ധനകാര്യ നിർവ്വഹണ തത്വങ്ങളുമായും മിതകാല ധനകാര്യ നയ പ്രസ്താവനയിൽ" എന്നാക്കുക.

ഇംഗ്ലീഷ് ഭാഷയെക്കുറിച്ച് ശ്രീ. ചന്ദ്രൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ ഒരു കാര്യം, ഉൽപ്പാദനക്ഷമമായ അസറ്റികൾ എന്ന് പറയരുത്, ആസ്തികൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. 277 (എ)-ൽ പറയുന്നത്, നഷ്ടോത്തരവാദിത്തം ഏറ്റെടുക്കലും ഗ്യാരന്റിയും പോലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ എന്നു പറഞ്ഞിട്ടുണ്ട്. ഇവയൊന്നും ബഡ്ജറ്റിൽ ഉൾക്കൊള്ളുന്നതല്ല. അതുകൊണ്ട് ബഡ്ജറ്റിനെ ബാധിക്കാൻ എന്നാക്കി മാറ്റേണ്ടതാണ്.

മി. സ്പീക്കർ: 216, 217, 218 മാർജിനിൽ ശീർഷകം ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ ക്രമാനുസൃതമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(226) ക്ലൗസ് 3 (1)-ൽ "7-ാം വകുപ്പ് പ്രകാരമുള്ള പുനഃപരിശോധനാ റിപ്പോർട്ടും" എന്നീ വാക്കുകൾ "നിയമസഭ" എന്ന വാക്കിന് പുറകിലായി ചേർക്കുക.

(230) ക്ലൗസ് 3 (2)-ൽ "മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റ്" എന്നതിനു പകരം "മിതകാല ധനനയപ്രസ്താവന" എന്ന് ചേർക്കുക.

(248) ക്ലൗസ് 3 (എ)-ൽ ഉപവകുപ്പിൽ "ക്ഷേമപദ്ധതികൾക്ക് തടസ്സമുണ്ടാകാതെ" എന്നീ വാക്കുകൾ "റവന്യൂ വരവും" എന്നീ വാക്കുകൾക്ക് ശേഷം ചേർക്കുക.

(287) ക്ലൗസ് 3 (4) (ബി)-യിൽ "മുൻഗണനകൾ" എന്നതിനുപകരം "മുൻഗണനകളും വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ നടത്താനുദ്ദേശിക്കുന്ന നിക്ഷേപം സംബന്ധിച്ച നയങ്ങളും" എന്ന് ചേർക്കണം.

അതിൽ 248-ൽ റവന്യൂ വരവും ചെലവും തമ്മിലുള്ള സന്തുലനം എന്ന് പറയുന്ന സ്ഥലത്ത് ക്ഷേമപദ്ധതികൾക്ക് തടസ്സം ഉണ്ടാകാത്ത വിധത്തിൽ മാറ്റിത്തീർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 287-ൽ മുൻഗണനകൾ എന്നതിന് പകരം മുൻഗണനകളും വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ നടത്താനുദ്ദേശിക്കുന്ന നിക്ഷേപം സംബന്ധിച്ച നയങ്ങളും എന്ന് ചേർക്കണം.

(ചർച്ച തുടരും)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് 13-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 1.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly